
നാന
സിനിമാവാരിക
മഴയും മിന്നലും
ഇടവിലൂടെ....
മലയാള സിനിമ
1981
വില
1.ക.60.സ
7.2.82



മേനക
ഫോട്ടോ: മോഹൻ, കൊല്ലം

പുസ്തകം 10 ലക്കം 14 1982 ഫെബ്രുവരി 7
Member, I.E.N.S.
വില 1 രൂപ 60 പൈസ
മാനേജിംഗ് എഡിറ്റർ:
ആർ. കൃഷ്ണസ്വാമി
എഡിറ്റർ:
എസ്. രാമകൃഷ്ണൻ
അസിസ്റ്റൻറ് എഡിറ്റർ:
നിർമ്മല

നാന
സിനിമാവാരിക

81-അഭിമാനകരമാണോ...?


പോയ വർഷം തൊണ്ണൂററിമൂന്ന മലയാള ചിത്രങ്ങളാണ് റിലീസ് ചെയ്യപ്പെട്ടതു്. (ഇതിൽ ചിലതു് 80–ൽ സെൻസർ ചെയ്യപ്പെട്ടവയാണ്) പുറമേ, മററു ഭാഷകളിൽ നിന്നു ഡബ്ബ് ചെയ്യപ്പെട്ട പതിമൂന്നോളം ചിത്രങ്ങളുമുണ്ടായിരുന്നു. എണ്ണം കൊണ്ടു നോക്കുമ്പോൾ, 81, മുൻ വർഷത്തേക്കാൾ പിറകിലാണ്. ഗുണവിചിന്തനം ചെയ്യുമ്പോൾ എണ്ണം അപ്രസക്തമാണല്ലോ. അങ്ങിനെയാണെങ്കിൽ 81 പോയ വർഷങ്ങളേക്കാൾ, ഗുണപരമായി മുന്നിട്ടു നില്ക്കുന്നുണ്ടോ? മലയാള സിനിമയുടെ അന്തസ്സും കരുത്തുമുയർത്തിക്കാട്ടാനാവുന്ന ചലച്ചിത്ര രചനകൾ കഴിഞ്ഞ വർഷമുണ്ടായിട്ടുണ്ടോ?

തുറന്ന മനസ്സോടെ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ ഫലം നിരാശയായിരിക്കും. മലയാള സിനിമയുടെ ആധിപത്യം ഒന്നുകൂടി ഉറപ്പിക്കാനോ, കൈവിട്ടുപോയ പ്രതാപം വീണ്ടെടുക്കാനോ ഉതകും വിധമുള്ള ചലച്ചിത്ര സൃഷ്ടികൾ കാണുവാനുള്ള ഭാഗ്യം, കഴിഞ്ഞ വർഷവും നമുക്ക ലഭിച്ചില്ല. തീയേററുകളിലെത്തിയതിൽ സിംഹഭാഗവും പഴകിത്തുരുമ്പിച്ച കച്ചവട ഫോർമുലകളിൽ തട്ടിക്കൂട്ടിയെടുത്ത വികൃത സൃഷ്ടികളായിരുന്നു. ഇവയിൽ തന്നെ നല്ലൊരു ശതമാനം ബോക്സാഫീസ് വിജയം നേടിയില്ലാ എന്നതു് ശ്രദ്ധേയമായ മറെറാരു വസ്തുതയാണ്.

കമേഴ്സ്യൽ സിനിമാ രംഗത്തു് ലബ്ധപ്രതിഷ്ഠ നേടിയ ചില സംവിധായകർ, സ്ഥിരം ചാലിൽനിന്നു് വേറിട്ട നല്ല തിരക്കഥകളുടെ സഹായത്തോടെ, ചുവട മാററി ചവിട്ടുവാൻ ശ്രമിച്ചുവെന്നതു്, 81—ലെ ആശാജനകമായ ഒരു യാഥാർത്ഥ്യമായിരുന്നു. താരമൂല്യം ചിത്ര വിജയത്തിനു അത്യന്താപേക്ഷിതമല്ലെന്നു കഴിഞ്ഞ വർഷം ശക്തിയായി തെളിയിക്കപ്പെട്ടു. വമ്പൻ താരങ്ങൾ അണിനിരന്ന വൻ ബജററു ചിത്രങ്ങൾ തകർന്നു തരിപ്പണമായപ്പോൾ, പുത്തൻ കൂററുകാരും രണ്ടാംകിടക്കാരും മാത്രം പങ്കെടുത്ത പല ലഘു ബജററ് ചിത്രങ്ങളും തകർപ്പൻ വിജയം നേടി. ഈ വസ്തുത ചിത്ര നിർമ്മാതാക്കൾക്കും സംവിധായകർക്കും ഒരു പാഠമായിക്കാണുമെന്നു് ന്യായമായും നമുക്ക് പ്രതീക്ഷിക്കാം.

കഴിഞ്ഞ നാലഞ്ചു കൊല്ലമായി, ഇന്ത്യൻ ചലച്ചിത്ര വേദിയിൽത്തന്നെ കലാപരമായ ഒരു മാന്ദ്യം ദൃശ്യമാണ്. ഇക്കാലത്തിനിടയിൽ, അന്തർദ്ദേശീയ തലത്തിലേയ്ക്കുയരുന്ന കൂടുതൽ രചനകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നു തന്നെ പറയാം. ഈ മാന്ദ്യം തന്നെയായിരിക്കാം, മികച്ച ചലച്ചിത്ര സൃഷ്ടികൾ കൂടുതലായി മലയാളത്തിലുണ്ടാകാതെ വരുന്നതിൻെറ കാരണം. താല്ക്കാലികമായ ഈ മരവിപ്പ് ഒരു ഉയിർത്തെഴുന്നേല്പിനു മുമ്പുള്ള തയ്യാറെടുപ്പായി കരുതാം. അതുകൊണ്ടുതന്നെ 82—മലയാളത്തെ സംബന്ധിച്ച് അഭിമാനകരമായ ഒരു വർഷമായിത്തീരുമെന്നു നമുക്ക് ആശിക്കാം.

—പത്രാധിപർ





മുഖചിത്രം: മധു, ജലജ, സീമ
ഫോട്ടോ: മോഹൻ, കൊല്ലം
ശ്രീവിദ്യ, പൂർണ്ണിമ
ഫോട്ടോ: കൃഷ്ണൻകുട്ടി

ജലജ ചിത്രം: 'യവനിക'. ജയന്തി ചിത്രം: 'കോമ്പ'

മലയാള സിനിമ: 1981.



എൻ. രാമകൃഷ്ണൻ

'അറിയപ്പെടാത്ത രഹസ്യ'ത്തിൽ തുടങ്ങി അഹിംസവരെ തൊണ്ണൂററിമൂന്നു മലയാള ചിത്രങ്ങളാണ് 81—ൽ പുറത്തിറങ്ങിയതു്. മററു ഭാഷകളിൽ നിന്നും മലയാളത്തിലേയ്ക്കു ഡബ്ബു ചെയ്ത പന്ത്രണ്ടു ചിത്രങ്ങൾ വേറെയുമുണ്ടായിരുന്നു.

എണ്പതിൽ പുറത്തിറങ്ങിയ ശങ്കരാഭരണത്തിന്റെ വിജയം ഡബ്ബിംഗ് ചിത്രങ്ങളുടെ എണ്ണം കൂട്ടാൻ സഹായിച്ചു. ആ വർഷം തന്നെ സോമയാജലു അഭിനയിച്ച മൂന്നു ചിത്രങ്ങൾ പുറത്തിറങ്ങിയിരുന്നു. സപ്തപദി, വംശവൃക്ഷം, ത്യാഗയ്യാ. ഈ മൂന്നു ചിത്രവും എണ്പത്തിഒന്നിൽ മലയാളത്തിലേയ്ക്കു ഡബ്ബ് ചെയ്യപ്പെട്ടു. താരതമ്യേന മററു ഡബ്ബിംഗ് ചിത്രങ്ങളെ അപേക്ഷിച്ച് ഈ മൂന്നു ചിത്രങ്ങളും മെച്ചപ്പെട്ടവയായിരുന്നു.

എണ്പത്തിഒന്നിലെ ആദ്യപകുതിയിൽ പുറത്തിറങ്ങിയ ചിത്രങ്ങളോടെ ജയൻ തരംഗം ഏതാണ്ടാകെ അവസാനിച്ചിരുന്നു. അറിയപ്പെടാത്ത രഹസ്യം, തടവറ, കോളിളക്കം, ആക്രമണം, സഞ്ചാരി, അഭിനയം, അഗ്നിശരം എന്നീ ഏഴു ചിത്രങ്ങൾ ജയന്റേതായി പുറത്തുവന്നു. ഈ ചിത്രങ്ങളെല്ലാം സാമ്പത്തികമായി വിജയിക്കുകയും ചെയ്തു.

ശശി ചിത്രങ്ങൾ

അറിയപ്പെടാത്ത രഹസ്യം, തടവറ, അരയന്നം, ഗ്രീഷ്മജ്വാല എന്നീ മോശപ്പെട്ട ചിത്രങ്ങൾക്കു പിറകേ ആയിരുന്നു ഒരിക്കൽക്കൂടി എന്ന ചിത്രത്തിന്റെ വരവ്. അതുകൊണ്ടു തന്നെ നമ്മുടെ ആദ്യത്തെ ആശ്വാസമായി പരിണമിച്ചു ആ ചിത്രം.

പ്രസിദ്ധ നോവലിസ്റ്റായ വിലാസിനി ഒരു തിരക്കഥാകാരനെന്ന നിലയിൽ അരങ്ങേററം നടത്തിയ ഈ ചിത്രം മധുവിന്റേയും ലക്ഷ്മിയുടേയും ആകർഷകമായ അഭിനയംകൊണ്ടും വ്യത്യസ്തമായ ശൈലികൊണ്ടും എണ്പത്തിഒന്നിൽ ലഭിച്ച ആദ്യ അനുഗ്രഹമായിരുന്നു. ഐ. വി. ശശിക്കു് ഒരിക്കൽക്കൂടി വീണ്ടും അംഗീകാരം നേടിക്കൊടുത്തു.

തുഷാരം, തൃഷ്ണ, ഹംസഗീതം അഹിംസ എന്നീ നാലു ചിത്രങ്ങൾ കൂടി ശശിയുടെ സംവിധാനത്തിൽ പുറത്തുവന്നു.

എം. ടി. യും ശശിയും ആദ്യമായി ഒന്നിച്ച തൃഷ്ണയെപ്പററി പ്രേക്ഷകർ വളരെയേറെ പ്രതീക്ഷ വച്ചുപുലർത്തിയിരുന്നു. എങ്കിലും തിരക്കഥയുടെ പോരായ്മകൊണ്ടും ഐ. വി. ശശി പ്രത്യേകിച്ചൊരു സംഭാവനയും നല്കാത്തതുകൊണ്ടും ആ ചിത്രം ഒരു പരാജയമായി. തുഷാരം കാശ്മീരിൽ വച്ചു സമ്പൂർണ്ണമായും ചിത്രീകരിക്കപ്പെട്ട സിനിമയായിരുന്നു. അതിന്റെ പശ്ചാത്തലവും, പ്രമേയത്തിന്റെ പ്രത്യേകതയും പ്രേക്ഷകരെ ആകർഷിച്ചു. സാമ്പത്തികമായും ഈ ചിത്രം വിജയമായി.


ഹംസഗീതം ശശിയുടെ ഏററവും വലിയ പരാജയമായി കലാശിച്ചു. സാധാരണയായി ശശിച്ചിത്രങ്ങളിൽ പ്രേക്ഷകർ ധാരാളം നടീനടന്മാരെ പ്രതീക്ഷിക്കാറുണ്ടു്. ഇടക്കാലത്തു് ഐ. വി. ശശി മൾട്ടിസ്റ്റാർ ചിത്രങ്ങളിലേയ്ക്കു് തിരിഞ്ഞിരുന്നല്ലോ. ആദ്യകാലത്തെ കഥയും വ്യത്യസ്ഥമായിരുന്നില്ല. ഉത്സവം, അവളുടെ രാവുകൾ എന്നീ ചിത്രങ്ങളൊക്കെ മൾട്ടിസ്റ്റാർ ആയിരുന്നല്ലോ. ഹംസഗീതം വിപരീത സ്വഭാവമാണു് പുലർത്തിയതു്. ആ ചിത്രം വമ്പിച്ച പരാജയം ഏററുവാങ്ങാനിടയായതിന്റെ കാരണം അതാകാം.


ഷോലെയുടെ വിജയത്തിനുശേഷം സിപ്പി ഷാൻ നിർമ്മിച്ചതുപോലെ, അങ്ങാടിക്കു ശേഷം അഹിംസ നിർമ്മിച്ചിരിക്കയാണു് ഗൃഹലക്ഷ്മി. അങ്ങാടിയുടെ അതേ ഫോർമുല ഇതിലും പിന്തുടർന്നിരിക്കുന്നു. ഇത്തരം കണക്കുകൂട്ടലുകൾ പലപ്പോഴും തെററിപ്പോകാറുണ്ടെന്നുള്ളതാണ് സത്യം.


എണ്പത്തിരണ്ടിൽ ശശി തന്റെ ഇമേജ് വീണ്ടെടുക്കാൻ കഠിനമായി യത്നിക്കേണ്ടിയിരിക്കുന്നു. എണ്പത്തിയൊന്നിലെ ശശി ചിത്രങ്ങൾ അതാണ് തെളിയിക്കുന്നതു്.

മോഹൻ


മോഹന്റെ എണ്പത്തി ഒന്നിലെ ആദ്യ ചിത്രമാണു് കഥയറിയാതെ. ചിത്രം കലാപരമായും സാങ്കേതികമായും മികച്ചതു തന്നെയായിരുന്നു. മാദ്ധ്യമത്തോടു നീതി പുലർത്തിയ ആ ചിത്രം സാമ്പത്തികമായി വിജയിച്ചില്ല. കഥയിൽ കടന്നുകൂടിയ ആന്റി സെന്റിമെന്റൽ സ്വഭാവമാണെന്നു തോന്നുന്നു. ആ ചിത്രത്തിന്റെ പരാജ















യകാർണം. അതിനെ ഒന്നു മയപ്പെടുത്താൻ മോഹന്റെ നല്ല സംവിധാനശൈലി ശ്രമിച്ചതുമില്ല.

'വിട പറയും മുമ്പേ' എന്ന മോഹന്റെ രണ്ടാമത്തെ എൺപത്തി ഒന്നിലെ ഏററവും വലിയ വിജയമായിത്തീർന്നു. കലാപരമായും ഔന്നത്യം പുലർത്താൻ ആ ചിത്രത്തിനു കഴിഞ്ഞു. മസാലയില്ലാതെ, കലാമേന്മയോടെ നിർമ്മിക്കുന്ന ചിത്രങ്ങളും പ്രേക്ഷകരെ ആകർഷിക്കും എന്നതിന്റെ ഉദാഹരണമായിരുന്നു ആ ചിത്രം. നസീർ, നെടുമുടിവേണു, ഭരത്ഗോപി, ലക്ഷ്മി എന്നിവരുടെ അഭിനയവും, മോഹന്റെ പ്രത്യേക ശൈലിയും ആ ചിത്രത്തിന്റെ മേന്മ വർദ്ധിപ്പിച്ചു. നല്ല തിരക്കഥയും, ഛായാഗ്രഹണവും വിടപറയും മുമ്പേയുടെ വിജയ ഘടകങ്ങൾ തന്നെയായിരുന്നു.

ഭരതൻ

നിദ്ര, പറങ്കിമല, ചാട്ട, പാർവ്വതി എന്നീ നാലു ചിത്രങ്ങൾ ഭരതന്റെ സംവിധാനത്തിൽ പുറത്തു വന്നു. എല്ലാ ചിത്രങ്ങളും ചലച്ചിത്രകലയുടെ മർമ്മം ഗ്രഹിച്ച ഒരു സംവിധായകന്റെ സൃഷ്ടിയായി അനുഭവപ്പെട്ടുവെങ്കിലും ചാട്ടയും, പാർവ്വതിയും പ്രതീക്ഷിച്ചതുപോലെ വിജയിച്ചില്ല. നിദ്ര എല്ലാത്തരം പ്രേക്ഷകരേയും ആകർഷിച്ച ചിത്രമാണ്. 'ടീനേജ് പ്രേമം' ധാരാളം വന്നുപോയതാണെങ്കിലും, ഭരതൻ നിദ്രയിൽ അതിനൊരു പുതിയ മാനം നല്കി. ഒപ്പം ഒരു പുതുമുഖത്തേയും സംഭാവന ചെയ്തു; ശാന്തികൃഷ്ണ.

പറങ്കിമല ഭരതന്റെ ഇമേജിനു കോട്ടം തട്ടിച്ച ചിത്രമാണ്. പടം മോശപ്പെട്ടെങ്കിലും നിർമ്മാതാവ് രക്ഷപ്പെട്ടു.

നാലു ചിത്രങ്ങളിൽ കലാപരമായി മുമ്പന്തിയിൽ നില്ക്കുന്നത് ചാട്ട തന്നെ. അതിനുപയോഗിച്ച സുന്ദരമായ ഫ്രെയിമുകളും, ബാലൻ കെ. നായർ, നെടുമുടി വേണു, അച്ചൻകുഞ്ഞ്, ഫിലോമിന, ശുഭ, കെ. പി. എ. സി. ലളിത എന്നിവരെല്ലാം ഒന്നാംകിട അഭിനയം ചാട്ടയിൽ കാഴ്ചവച്ചു. ബാലൻ കെ. നായരുടെ ഏററവും നല്ല കഥാപാത്രങ്ങളിലൊന്നാണ് കാളവേലു.

ഭരതന്റെ നാലു ചിത്രങ്ങളിൽ മൂന്നും നോവലുകളെ അധികരിച്ചെടുത്ത ചിത്രങ്ങൾ തന്നെ. പറങ്കിമലയും, പാർവ്വതിയും കാക്കനാടന്റേതും, ചാട്ട പി. ആർ. നാഥന്റേതും.

ശ്രീകുമാരൻതമ്പി

ശ്രീകുമാരൻതമ്പിയുടെ നാലു ചിത്രങ്ങളാണ് പുറത്തിറങ്ങിയത്. അരിക്കാരി അമ്മു, ആക്രമണം, മുന്നേററം, അമ്മക്കൊരുമ്മ. അരിക്കാരി അമ്മു ഒരു പരാജയമായി. മററു മൂന്നു ചിത്രങ്ങളും ഭേദപ്പെട്ട ചിത്രങ്ങളായിരുന്നു. അമ്മക്കൊരുമ്മ പ്രത്യേകം എടുത്തു പറയണം. പതിവു മസാലകളൊന്നും കലർത്താതെ ഒരു മനോഹരമായ കുടുംബകഥ, വൻകിട താരങ്ങളുടെ സേവനമില്ലാതെ തന്നെ തമ്പി രൂപപ്പെടുത്തിയെന്നതാണ് ഈ ചിത്രത്തിന്റെ പ്രത്യേകത. തീരെ താഴ്ന്ന നിലവാരത്തിലുള്ള അടിപ്പടങ്ങളല്ല തമ്പിയുടേത്. എന്നാൽ ഒരു പരിധിക്കപ്പുറം ഔന്നത്യം പുലർത്താൻ തമ്പി ചിത്രങ്ങൾക്ക് കഴിയാതെ പോകുന്നു. മുന്നേററവും, അരിക്കാരി അമ്മുവും വളരെ പ്രതീക്ഷയർപ്പിച്ചു നിർമ്മിച്ച ചിത്രങ്ങളായിരുന്നു


മുന്നേററത്തിൽ രതീഷ് മേനക എന്നിവരുടെ അഭിനയവും, അമ്മക്കൊരുമ്മയിൽ രാജകുമാരൻതമ്പിയുടെ അഭിനയവും എടുത്തു പറയണം.


പി. ജി. വിശ്വംഭരൻ

പി. ജി. വിശ്വംഭരന്റെ ആദ്യ ചിത്രം ഗ്രീഷ്മ ജ്വാലകൾ ഒരു പരാജയമായിരുന്നെങ്കിൽപ്പോലും, പിറകേ വന്ന ചിത്രങ്ങൾ വലിയ കളക്ഷനുകളുണ്ടാക്കി. സ്ഫോടനം, സംഘർഷം എന്നീ ചിത്രങ്ങൾ ഉദാഹരണം. എന്നെ സ്നേഹിക്കൂ എന്നെ മാത്രം എന്ന ചിത്രവും ഒരു പരാജയമായിരുന്നില്ല. കടത്ത് എന്ന ചിത്രവും ഭേദപ്പെട്ടതാക്കി മാററുവാൻ വിശ്വംഭരനു കഴിഞ്ഞു. പ്രേക്ഷകരുടെ അഭിരുചി മനസ്സിലാക്കി ചിത്രങ്ങൾ പാകപ്പെടുത്തുകയാണ് പി. ജി. വിശ്വംഭരന്റെ ലക്ഷ്യം. ആ ലക്ഷ്യം ഒട്ടൊക്കെ നിറവേറുന്നുമുണ്ട്.

ഹരിഹരൻ


വളർത്തുമൃഗങ്ങൾ, ശ്രീമാൻശ്രീമതി, പൂച്ചസന്യാസി എന്നീ ചിത്രങ്ങളാണ് ഹരിഹരന്റെ വകയായി കഴിഞ്ഞ വർഷം പുറത്തു വന്നത്. വളർത്തുമൃഗങ്ങൾ എം. ടി. യുടെ തിരക്കഥയെ ഉപജീവിച്ചെടുത്ത ചിത്രമാണ്. എൺപത്തിഒന്നിലെ ഏററവും നല്ല ചിത്രങ്ങളിലൊന്നായിരുന്നു വളർത്തുമൃഗങ്ങൾ. എന്നാൽ സാമ്പത്തികമായി ആ ചിത്രം രക്ഷപ്പെട്ടില്ല. അനാവശ്യമായി കുത്തിച്ചേർത്ത പാട്ടുകൾ വളർത്തുമൃഗങ്ങളിലെ പ്രധാന ന്യൂനതയായി ചൂണ്ടിക്കാട്ടാം. ശ്രീമാൻ ശ്രീമതി ഭേദപ്പെട്ട ചിത്രമായിരുന്നെങ്കിലും എന്തുകൊണ്ടോ അത്രം ശ്രദ്ധിക്കപ്പെടാതെപോയി. പൂച്ചസന്യാസി വിനോദ ചിത്രമെന്ന ലേബലുമായി




കഴിഞ്ഞ വർഷത്തെ മോഹൻെറ ശ്രദ്ധേയമായ ചിത്രം 'വിട പറയും മുമ്പേ' നസീർ, ഗോപി. (കഴിഞ്ഞ വർഷത്തെ ഏററവും വലിയ സാമ്പത്തിക വിജയം നേടിയ ചിത്രം)

പുതുമുഖങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടു 'പറങ്കിമല' ബെന്നി സൂര്യാ







പത്മരാജൻെറ സാമ്പത്തിക വിജയം വരിച്ച ചിത്രം 'കള്ളൻ പവിത്രൻ' നെടുമുടിവേണു

പുറത്തു വന്നു് ഒരു പണം വാരിപ്പടമായി മാറി. രാജ്കുമാർ നായകനായി അഭിനയിച്ച ആദ്യ ചിത്രവുമായിരുന്നു പൂച്ചസന്യാസി.

ശശികുമാർ

തീക്കളി, കൊടുമുടികൾ, എല്ലാം നിനക്കുവേണ്ടി, ധ്രുവസംഗമം, അട്ടിമറി എന്നീ ചിത്രങ്ങൾ ശശികുമാറിൻേറതായി പുറത്തു വന്നു. പഴയതുപോലെ, ഹിററു ചിത്രങ്ങളുടെ സംവിധായകനെന്ന പദവി ഇപ്പോൾ ശശികുമാറിനിണങ്ങുന്നതായി തോന്നുന്നില്ല. എങ്കിലും ശശികുമാറിൻെറ ഒരു ചിത്രവും വലിയ പരാജയങ്ങളാകാറില്ല. ധ്രുവസംഗമം മാത്രമാണു് കൂട്ടത്തിൽ പരാജയമടഞ്ഞതു്. മറെറല്ലാം സാമ്പത്തികമായി രക്ഷപ്പെട്ട ചിത്രങ്ങളായിരുന്നു.

ജോഷി

കാഹളം, രക്തം, ഇതിഹാസം എന്നീ മൂന്നു ചിത്രങ്ങൾ ജോഷിയുടേതായി പുറത്തു വന്നു. മൂന്നു ചിത്രങ്ങളും സാമ്പത്തികമായി വിജയങ്ങളായിരുന്നു. രക്തം എന്ന ചിത്രം കൂട്ടത്തിൽ മികച്ചുനില്ക്കുന്നു. ആ ചിത്രത്തിലെ മധുവിൻെറ അഭിനയവും മികച്ചതായിരുന്നു. കൊച്ചിൻ ഹനീഫാ എന്ന നടൻെറ പൊട്ടൻവേഷവും എടുത്തു പറയണം. മൾട്ടിസ്റ്റാർ ചിത്രങ്ങൾ ഒരുക്കിയെടുക്കുന്നതിലാണു് ഈ സംവിധായകനും താല്പര്യം. ഒരു സംവിധായകൻെറ എല്ലാ ചിത്രങ്ങളും സാമ്പത്തിക നേട്ടം കൈവരിക്കുക എന്നതു് അപൂർവ്വ സംഭവമാണു്. ജോഷിക്കു് അതിനു കഴിഞ്ഞു.

കേരളാ ഗവണ്മെൻറിൻെറ സഹനടിയുടെ അവാർഡിനർഹമായ രാജം കെ. നായർ

ചിത്ര : കോലങ്ങൾ

ബേബി

അഭിനയം നിഴൽയുദ്ധം, കരിമ്പൂച്ച, എന്നീ ചിത്രങ്ങളാണു് ബേബിയുടെ സംവിധാനത്തിൽ പുറത്തിറങ്ങിയതു്. അഭിനയം നേരത്തെ പൂർത്തിയാക്കിയ ജയൻ ചിത്രമായിരുന്നു. ആ ചിത്രം ശ്രദ്ധിക്കപ്പെടുകയും ചെയ്തു. ലിസയുടെ ചുവടു പിടിച്ചു നിർമ്മിച്ച കരിമ്പൂച്ച ഒരു സസ്പെൻസ് ത്രില്ലർ എന്ന നിലയിൽ ഭേദപ്പെട്ട ചിത്രമായിരുന്നു. സാമ്പത്തികമായും അതു പരാജയപ്പെട്ടില്ല. നിഴൽയുദ്ധത്തേയും ഇക്കൂട്ടത്തിൽപ്പെടുത്താം.


ഓപ്പോൾ

ഏറെ കാലവിളംബരത്തിനുശേഷം സേതുമാധവൻ സംവിധാനം ചെയ്ത ചിത്രമായിരുന്നു ഓപ്പോൾ. എം. ടി. തിരക്ക

കഴിഞ്ഞ വർഷത്തെ ഏററവു നല്ല ചിത്രങ്ങളിലൊന്നു് 'ചാട്ട' കെ. പി. ഏ. സി ലളിത








പത്മരാജൻെറ ശ്രദ്ധേയ ചിത്രമായി 'ഒരിടത്തൊരു ഫയൽമാ'നിൽ ജയന്തി

...തൻ·അവതരിപ്പിച്ച മറെറാരു ചിത്രം

എം. ടി യുടെ തിരക്കഥയ്ക്കു ഹരിഹരന്റെ ദൃശ്യരൂപം നല്കിയ ശ്രദ്ധേയമായ ചിത്രം 'വളർത്തു മൃഗങ്ങൾ' മാധവിയുടെ ജാനു കഴിഞ്ഞ വർഷത്തെ നല്ല പ്രകടനത്തിൽ ഒന്നാണ്







ഐ. വി. ശശിയുടെ ശ്രദ്ധേയമായ ചിത്രം 'തൃഷ്ണ'യിൽ രാജാലക്ഷ്മി

ഥ എഴുതിയ ഈ ചിത്രം പോയ വർഷത്തെ ഏററവും നല്ല രണ്ടാമത്തെ ചിത്രത്തിനുള്ള ദേശീയ അവാർഡു നേടിയെടുത്തു. ബാലൻ കെ. നായർക്ക ഭരത് അവാർഡു ലഭിച്ചതും ഇതിന്റെ പേരിൽ തന്നെ. ഓപ്പോളിൽ അഭിനയിച്ച മാസ്റ്റർ അരവിന്ദ് ഏററവും നല്ല ബാലനടനായും തെരഞ്ഞെടുക്കപ്പെട്ടു. നൂറു ദിവസം പ്രദർശിപ്പിച്ച കഴിഞ്ഞ വർഷത്തെ ഏക ചിത്രവും ഓപ്പോൾ തന്നെ.

പത്മരാജൻ

കള്ളൻ പവിത്രൻ, ഒരിടത്തൊരു ഫയൽവാൻ എന്നീ രണ്ടു ചിത്രങ്ങൾ തിരക്കഥയെഴുതി സംവിധാനം ചെയ്ത പത്മരാജൻ കാണികളുടെ അഭിനന്ദനങ്ങൾ നേടിയെടുത്തു. കള്ളൻ പവിത്രൻ കലാപരമായും സാമ്പത്തികമായും വിജയം വരിച്ച ചിത്രമായിരുന്നു. ഒരിടത്തൊരു ഫയൽവാൻ മാദ്ധ്യമത്തോട് നീതി പുലർത്തിയെങ്കിലും പ്രദർശനവിജയം കൈവരിച്ചില്ല. അനാവശ്യമായ ദുർഗ്രാഹ്യത ഒഴിവാക്കി ലളിതമായി കാര്യങ്ങൾ പറയുവാനാണ് പത്മരാജന്റെ ശ്രമം. സിനിമ തനിക്ക വഴങ്ങുന്ന കലാ മാദ്ധ്യമമാണെന്നു ഈ സംവിധായകൻ സ്വന്തം ചിത്രങ്ങളിലൂടെ തെളിയിച്ച കഴിഞ്ഞു.

കെ. ജി. ജോർജ്

മലയാള സംവിധായകരുടെ മുൻനിരയിൽ നില്ക്കുന്ന ജോർജ്ജിന്റെ ഒററ ചിത്രമേ കഴിഞ്ഞ വർഷം പുറത്തു വന്നുള്ളു. വളരെയേറെ പ്രതീക്ഷയർപ്പിച്ചിരുന്ന കോലങ്ങൾ എന്ന ജോർജ്ജിന്റെ ചിത്രം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. ഒരു ഗ്രാമത്തിലെ കറെ പച്ചയായ മനുഷ്യരുടെ ജീവിതം സത്യസന്ധമായി അവതരിപ്പിച്ച കോലങ്ങൾ ഒരു സംവിധായകൻ എന്ന നിലയിൽ ജോർജ്ജിനഭിമാനിക്കാൻ വക നൽകുന്ന ചിത്രം തന്നെ ആയിരുന്നു.

നവാഗതർ

കഴിഞ്ഞ വർഷം ശ്രദ്ധ പിടിച്ചുപററിയ രണ്ടു നവാഗതരായ സംവിധായകരാണ് ലെനിൻ രാജേന്ദ്രനും, ഹരികുമാറും. വേനൽ സംവിധാനം ചെയ്ത ലെനിൻ രാജേന്ദ്രൻ ഒരു തുടക്കക്കാരന്റെ പതർച്ച പ്രകടമാക്കാതെ തന്നെ നല്ല ഒരു ചിത്രം ഒരുക്കിയെടുത്തു. ജലജ ഏററവും നല്ല അഭിനയം കാഴ്ചവച്ച ചിത്രം കൂടിയായിരുന്നു വേനൽ.

ഹരികുമാറിന്റെ ആമ്പൽപ്പൂവ് കഴി



'പൂച്ചസന്യാസി' ഹരിഹരന്റെ ഏററവും സാമ്പത്തികവിജയം നേടിയ ചിത്രം



'തുഷാര'ത്തിലൂടെ ഐ. വി. ശശി പരിചയപ്പെടുത്തിയ നടൻ പ്രേം



കഴിഞ്ഞ വർഷത്തെ ഏററവും നല്ല നടികളിലൊരാളായ ശ്രീവിദ്യയുടെ ഏററവും ശ്രദ്ധേയമായ വേഷം ചിത്രം 'ഗ്രഹലക്ഷ്മി'

ഞ്ഞ വർഷത്തെ നല്ല ചിത്രങ്ങളുടെ ഗണത്തിൽ പെടുന്നു. അമിതമായ സെക്സിലേയ്ക്കു വഴുതിപ്പോകാവുന്ന പ്രമേയം കൃതഹസ്തനായ ഒരു സംവിധായകന്റെ ചാതുര്യം പ്രകടമാക്കിക്കൊണ്ടു ഹരികുമാർ ഗൗരവമായി കൈകാര്യം ചെയ്തു. അതുകൊണ്ടു തന്നെ പ്രേക്ഷകരുടെ ശ്രദ്ധയാകർഷിക്കാൻ ഈ സംവിധായകനു കഴിഞ്ഞിരിക്കുന്നു.

ഓരോ ചിത്രങ്ങൾ വീതം സംവിധാനം ചെയ്ത മററു പല സംവിധായകരുമുണ്ടെങ്കിലും, കൂട്ടത്തിൽ കച്ചവട സിനിമയുടെ സാദ്ധ്യതകൾ മുതലെടുത്തുകൊണ്ട് തകില്കൊട്ടാമ്പുറം എന്ന ചിത്രം സംവിധാനം ചെയ്ത ബാലുകിരിയത്തും, മനസ്സിന്റെ തീർത്ഥയാത്ര എന്ന ചിത്രം സംവിധാനം ചെയ്ത തമ്പാനും ശ്രദ്ധയാകർഷിച്ചു. തമ്പാന്റെ ആദ്യ സംരംഭമായ മനസ്സിന്റെ തീർത്ഥയാത്ര നല്ലൊരു ചിത്രമായിരുന്നു. ചിത്രനിർമ്മാണത്തിലുണ്ടായ നീണ്ട ഇടവേള ഈ ചിത്രത്തിന്റെ മേന്മയെ ഒരളവുവരെ ബാധിച്ചു എന്നുതന്നെ പറയാം.

അഭിനയം

ഏററവും കൂടുതൽ ചിത്രങ്ങളിൽ നായകനായഭിനയിച്ചതു് ഇത്തവണയും പ്രേംനസീർ തന്നെ. ഇരുപത്തിമൂന്നു ചിത്രങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ തലമുറയിൽപ്പെട്ട ശക്തന്മാരായ രണ്ടു സംവിധായകരുടെ ചിത്രവുമായി സഹകരിക്കാനുള്ള അവസരം ഇത്തവണ പ്രേംനസീറിനുണ്ടായി. മോഹന്റെ 'വിടപറയും മുമ്പേ'യിലെ മാധവൻകുട്ടിയും, ഭാരതന്റെ പാർവ്വതിയിലെ ഉറുമീസും നസീറിന്റെ നല്ല കഥാപാത്രങ്ങളായിരുന്നു. അഭിനയത്തിൽ പതിവുപോലെ ശൈലിയിൽനിന്നും വ്യത്യസ്ഥമായ ഒരു സമീപനം കൈക്കൊള്ളാൻ ഈ ചിത്രങ്ങളിലൂടെ നസീർ ശ്രമിച്ചു.

ഇതിഹാസത്തിൽ നസീറിന്റെ വേഷം കുറെക്കൂടി ശക്തമായിരുന്നെങ്കിലും ഒരു മസാല ചിത്രമായതിനാൽ അതു ശ്രദ്ധേയമായില്ല. വിടപറയും മുമ്പേയും, പാർവ്വതിയും കഴിഞ്ഞാൽ പ്രേംനസീറിന്റെ വ്യത്യസ്ഥമായ അഭിനയ രീതി പ്രകടമായ ചിത്രമാണ് എ. ടി. അബു സംവിധാനം ചെയ്ത താളം മനസ്സിന്റെ താളം.

മധു പതിനൊന്നു ചിത്രങ്ങളിൽ അഭിനയിച്ചു. ഇവയിൽ പിന്നെയും പൂക്കുന്ന കാട്, ഇര തേടുന്ന മനുഷ്യർ എന്നീ ചിത്രങ്ങളിൽ മാത്രമാണ് മധുവിന്റെ കഥാപാത്രങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയതു്. മററെല്ലാ ചിത്രങ്ങളിലേയും മധുവിന്റെ കഥാപാത്രങ്ങൾ ശക്തങ്ങളായിരുന്നു. താറാവ്, രക്തം, സംഭവം എന്നീ ചിത്രങ്ങൾ എടുത്തു പറയണം. താറാവിലെ ചേന്നനും സംഭവത്തിലെ മത്തായിയും മധുവിന്റെ മറക്കാനാവാത്ത കഥാപാത്രങ്ങൾ തന്നെ.

സോമൻ കഴിഞ്ഞ വർഷം ഇരുപത്തിയൊന്നു ചിത്രങ്ങളിൽ അഭിനയിച്ചു. കഥയറിയാതെ, കൊടുമുടികൾ, സ്ഫോടനം, സ്വർണ്ണങ്ങൾ സ്വപ്നങ്ങൾ, മനസ്സിന്റെ തീർത്ഥയാത്ര എന്നീ ചിത്രങ്ങളിൽ സോമൻ ഒന്നാംകിട അഭിനയം കാഴ്ചവച്ചു.

സുകുമാരനാണ് കഴിഞ്ഞ വർഷം ഏററവും കൂടുതൽ ചിത്രം അഭിനയിച്ച യുവനായകൻ. മുപ്പത്തിയൊന്നു ചിത്രങ്ങൾ സുകുമാരന്റേതായുണ്ട്. കഥയറിയാതെ, വളർത്തുമൃഗങ്ങൾ, വേനൽ, നിഴൽയുദ്ധം, ആമ്പൽപ്പൂവ്, എന്നീ ചിത്രങ്ങളിലെ സുകുമാരന്റെ കഥാപാത്രങ്ങൾ സജീവങ്ങളായിരുന്നു. സുകുമാരന്റെ അഭിനയ സിദ്ധി വിളിച്ചോതുന്ന ചിത്രങ്ങളായിരുന്നു കഥയറിയാതെയും, വളർത്തുമൃഗങ്ങളും.

ശങ്കരാടിയാണ് ഏററവും കൂടുതൽ ചിത്രങ്ങളിൽ വേഷമിട്ട സ്വഭാവ നടൻ. ഇരുപത്തിയേഴ് ചിത്രങ്ങളിൽ ശങ്കരാടി അഭിനയിച്ചു. പിന്നെയും പൂക്കുന്ന കാട്, സംഭവം, വിടപറയും മുമ്പേ, താറാവ് എന്നീ ചിത്രങ്ങളിൽ ശങ്കരാടി പ്രകടിപ്പിച്ച കഴിവ് പ്രശംസനീയമാണ്.

ഇരുപത്തിരണ്ടു ചിത്രങ്ങളിലാണ് ബാലൻ കെ. നായർ അഭിനയിച്ചതു്. ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതല്ലാതെ കൂടുതൽ നല്ല കഥാപാത്രങ്ങളെ അവതരിപ്പിക്കാനുള്ള അവസരം ആ നടനുണ്ടായില്ല. എല്ലാം ഒരു തരം ടൈപ്പ് വില്ലൻ വേഷങ്ങളായിരുന്നു.

എന്നാൽ ആക്രമണം, വളർത്തുമൃഗങ്ങൾ, ത്രാസം, ഓപ്പോൾ, ചാട്ട എന്നീ ചിത്രങ്ങളിൽ ഈ നടൻ അപാരമായ അഭിനയസിദ്ധി പ്രകടമാക്കി.

ജോസ്പ്രകാശ് ഇരുപത്തിയൊന്ന് ചിത്രങ്ങളിലും, ഉമ്മർ പതിമൂന്നു ചിത്രങ്ങളിലും ഭാസി ഒമ്പതു ചിത്രങ്ങളിലും അഭിനയിച്ചു.

കരിമ്പൂച്ചയിൽ ജോസ്പ്രകാശും, സംഭവത്തിൽ ഉമ്മറും, കള്ളൻ പവിത്രനിൽ അടൂർഭാസിയും തങ്ങളുടെ കഥാപാത്രങ്ങളെ ജീവസ്സുററതാക്കി.

ഹാസ്യനടന്മാരിൽ ജഗതിശ്രീകുമാറാണ് മുന്നിൽ. ഇരുപത്തി ആറു ചിത്രങ്ങൾ ആ നടൻ അഭിനയിച്ചു പുറത്തുവന്നു. കുതിരവട്ടംപപ്പു പതിനേഴ ചിത്രങ്ങളിലും, മാള അരവിന്ദൻ പതിനാറു ചിത്രങ്ങളിലും അഭിനയിച്ചു.

മാളഅരവിന്ദൻ താറാവിൽ അവതരിപ്പിച്ച പങ്കൻ എല്ലാത്തരം പ്രേക്ഷകരുടേയും പ്രശംസ നേടി. മാളയുടെ ഏററവും നല്ല വേഷമാണ് പങ്കൻ.

ഏററവും കൂടുതൽ ചിത്രങ്ങളുടെ സംവിധായകൻ

കഴിഞ്ഞ വർഷം ഏററവും കൂടുതൽ ചിത്രങ്ങൾ സംവിധാനം ചെയ്തതു് ചന്ദ്രകുമാറാണ്. എന്നാൽ എല്ലാ ചിത്രങ്ങളും വമ്പിച്ച പരാജയം ഏററുവാങ്ങി. കാട്ടുകള്ളൻ, സംഭവം എന്നിവ മാത്രമാണ് കഷ്ടിച്ചു രക്ഷപ്പെട്ടതു്. ദന്തഗോപുരം, അവതാരം, ആരതി തുടങ്ങിയ ചിത്രങ്ങളൊന്നും തന്നെ പ്രദർശനം വിജയം നേടിയില്ല.

കൂടുതൽ ചിത്രങ്ങളുടെ ഛായാഗ്രാഹകൻ എന്ന ബഹുമതി വിപിൻദാസിനാണ്. പത്തു ചിത്രങ്ങൾക്കു വേണ്ടി അദ്ദേഹം ക്യാമറാ പ്രവർത്തിപ്പിച്ചു. കൂട്ടത്തിൽ വേനലും ചാട്ടയും എടുത്തു പറയണം.

യു. രാജഗോപാൽ ഏഴു ചിത്രങ്ങളുടെ ഫോട്ടോഗ്രാഫറായിരുന്നു. വിടപറയും മുമ്പേയാണ് രാജഗോപാലിന്റെ കഴിവു കൂടുതൽ പ്രകടമായ ചിത്രം.

ആറു ചിത്രങ്ങളുടെ ഛായാഗ്രാഹകനായിരുന്നു രാമചന്ദ്രമേനോൻ. താറാവിന്റെ ഫോട്ടോഗ്രാഫി ശ്രദ്ധേയമായിരുന്നു.

ആനന്ദക്കുട്ടനും ആറു ചിത്രങ്ങൾക്കു വേണ്ടി ക്യാമറ കൈകാര്യം ചെയ്തു. എന്നാൽ എടുത്തു പറയത്തക്ക ഒററ ചിത്രവും ഉണ്ടായിരുന്നില്ല.

ഗാനങ്ങൾ

സംഗീത സംവിധായകരിൽ ശ്യാമാണു മുന്നിൽ. പതിമൂന്നു ചിത്രങ്ങൾ. പത്തു ചിത്രങ്ങൾക്കുവേണ്ടി പാട്ടുകൾ ചിട്ടപ്പെടുത്തിയ ദേവരാജൻ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. അർജ്ജുനനും, എ. ടി. ഉമ്മറും ഒമ്പതു ചിത്രങ്ങൾക്കു സംഗീതം പകർന്നു. എം. ബി. ശ്രീനിവാസൻ ഏഴു ചിത്രങ്ങളുടെ സംഗീത സംവിധായകനായിരുന്നു.

കഴിഞ്ഞ വർഷം ഏററവും നല്ല ഗാനങ്ങൾ ചിട്ടപ്പെടുത്തിയ സംഗീതസംവിധായകനുള്ള ബഹുമതി രവിക്കാണ്. തേനും വയമ്പും എന്ന ചിത്രത്തിനുവേണ്ടി ആ സംഗീത സംവിധായകൻ ഒരുക്കിയ നാലു പാട്ടുകളും അതിമനോഹരമായി. ശ്യാമിന്റെ തൃഷ്ണയിലെ സംഗീത സംവിധാനവും എം. ബി. ശ്രീനിവാസന്റെ ഓപ്പോളും, ആരതിയും എടുത്തു പറയണം.

ഏററവും കൂടുതൽ ചിത്രങ്ങൾക്ക് ഗാനങ്ങളെഴുതിയതു് പൂവച്ചൽ ഖാദറാണ് പന്ത്രണ്ടു ചിത്രങ്ങൾ, ശ്രീകുമാരൻ തമ്പിക്ക് പതിനൊന്നു ചിത്രങ്ങളും, മങ്കൊമ്പ് ഗോപാലകൃഷ്ണനും ബിച്ചുതിരുമലയ്ക്കും എട്ടു ചിത്രങ്ങൾ വീതവും ഉണ്ടായിരുന്നു ദാമോദരൻ ആലപ്പുഴ രാജശേഖരൻ നായർ എന്നീ പുതിയ ഗാനരചയിതാക്കളും കഴിഞ്ഞ വർഷം രംഗത്തെത്തി.

അടുത്ത ലക്കത്തിൽ അവസാനിക്കും



കൊച്ചിൻ ഹനീഫായുടെ ഏററവും ശ്രദ്ധേയമായ ചിത്രം 'രക്തം'
മധു, കൊച്ചിൻഹനീഫ

ന്യൂസ്‌റീൽ

അന്തിച്ചുവപ്പ്

പ്രേംആനന്ദ് ക്രിയേഷൻസ് കളറിൽ നിർമ്മിക്കുന്ന പ്രഥമ ചിത്രമാണ് 'അന്തിചുവപ്പ്.' കെ. ടി. ആനന്ദ്കുമാർ അവതരിപ്പിക്കുന്ന ഈ ചിത്രം മനോഹരമായ ഒരു പ്രേമകഥയുടെ ചലച്ചിത്രാവിഷ്കരണമാണ്. ശങ്കർ, മമ്മൂട്ടി, മാള അരവിന്ദൻ, ശങ്കരാടി, മഞ്ചേരി ചന്ദ്രൻ, ശങ്കർ പനങ്കാവ്, ജലജ, സുകുമാരി, മീന, ശാന്തകുമാരി തുടങ്ങിയവർ ഇതിലെ പ്രധാന കഥാപാത്രങ്ങൾക്കു രൂപം നൽകുന്നു. എം. ആർ. ജോസ്, പൂവ്വച്ചൽ ഖാദർ, ഏ. ടി. ഉമ്മർ, ആനന്ദക്കുട്ടൻ, വി. ജി. എസ്. ദേവ് തുടങ്ങിയവർ അണിയറയിൽ പ്രവർത്തിക്കുന്ന സുന്ദരമായ ഈ കുടുംബചിത്രത്തെ, കുരിയൻ വർണ്ണശാല സംവിധാനം ചെയ്യുന്നു.


മൈലാഞ്ചി

ജയ്ജയ കമ്പയിൻസിന്റെ പുതിയ ചിത്രമാണ് 'മൈലാഞ്ചി.' ടി. ഇ. വാസുദേവൻ നിർമ്മിക്കുന്ന ഈ ചിത്രം, മനോരാജ്യം വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു വന്ന മൊയ്തു പടിയത്തിന്റെ 'യുദ്ധം' എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കരണമാണ്. യേശുദാസ്, അമ്പിളി, കല്യാണിമേനോൻ എന്നിവർക്കു പുറമേ, മാപ്പിളപ്പാട്ടുകൾ പാടുന്നതിൽ പ്രസിദ്ധരായ വിളയിൽ വത്സയും, വി. എം. കുട്ടിയും ഇതിൽ പാടിയിരിക്കുന്നു. ഷാനവാസ്, അംബിക, ശുഭ, ബാലൻ കെ. നായർ ജനാർദ്ദനൻ, നെല്ലിക്കോട് ഭാസ്കരൻ, ശങ്കരാടി, ഭരതൻ, നിലമ്പൂർ ഐഷ, ശാന്താദേവി തുടങ്ങിയവരാണിതിലെ അഭിനേതാക്കൾ. മൊയ്തു പടിയത്ത്, പി. ഭാസ്കരൻ, ഏ. ടി. ഉമ്മർ, ദയാളൻ, വി. ജി. എസ്. ദേവ് തുടങ്ങിയവർ അണിയറശില്പികളായ ഈ മുസ്ലീം സാമുദായിക ചിത്രം എം. കൃഷ്ണൻനായർ സംവിധാനം ചെയ്യുന്നു.

കള്ളിമുള്ള്

അന്ധരുടെ ജീവിതകഥ മലയാള സിനിമയ്ക്ക് അപരിചിതമാണെന്നുതന്നെ പറയാം. അത്തരമൊരു കഥ ചലച്ചിത്രമാകുമ്പോൾ ജന്മനാ അന്ധരായ യുവതീയുവാക്കൾ തന്നെ നായകവേഷങ്ങളിടുന്നതു് പുതുമയെന്ന വാക്കിനെത്തന്നെ സാർത്ഥകമാക്കുന്നു.

റിവോൾട്ട് ക്രിയേഷൻസിന്റെ 'കള്ളിമുള്ള്' എന്ന വർണ്ണ ചിത്രം അന്ധരായ കുമാരീ കുമാരന്മാരുടെ സ്വപ്നങ്ങളെയും ദുഃഖങ്ങളെയും ചിത്രീകരിക്കുന്നു. അന്ധവിദ്യാലയത്തിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ ലാലിത, രവീന്ദ്രൻ എന്നിവർ നായികാ—നായകന്മാരായി അഭിനയിക്കുന്ന ഈ ചിത്രം മുഹമ്മദ് ഗസാലി കഥയെഴുതി സംവിധാനം ചെയ്യുന്നു. തലസ്ഥാനത്തെ പ്രസിദ്ധ കലാ—സാംസ്കാരിക സംഘടനയായ 'ആക്ടി'ന്റെ സെക്രട്ടറി, അമച്വർ നൃത്ത—നാടക വേദികളിലെ സംഗീത സംവിധായകൻ എന്നീ നിലകളിൽ പ്രസിദ്ധനായ മുഹമ്മദ് സുബൈർ ഈ ചിത്രത്തിന്റെ സംഗീത സംവിധാനം



ജയഭാരതി ചിത്രം 'ഞാനൊന്നു പറയട്ടെ'

രാധിക ചിത്രം 'പൊയ്‌സാക്ഷി!'

ലക്ഷ്മി ചിത്രം 'അന്തിവെയിലിലെ പൊന്ന്'

നിർവ്വഹിക്കുന്നു. പൂവച്ചൽ ഖാദർ എഴുതിയ രണ്ടു ഗാനങ്ങൾ യേശുദാസ് പാടിയതു് മദ്രാസ് തരംഗിണിയിൽ വച്ചു് ടേപ്പിലേയ്ക്കു പകർത്തപ്പെട്ടു.

ജയഭാരതി, ശങ്കരാടി, കവിയൂർ പൊന്നമ്മ, ജനാർദ്ദനൻ തുടങ്ങിയവരും ഈ ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ചിത്രത്തിന്റെ ഒന്നാം ഘട്ടം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വച്ചു പൂർത്തിയായി.

മധുമലർ

പനിനീർപ്പൂക്കളുടെ സംവിധായകനായ ഭാരതിവാസു സംവിധാനം ചെയ്യു ഈ തമിഴ് കളർ ചിത്രത്തിൽ രതീഷും പ്രതാപ്പോത്തനും നായകന്മാരായി അഭിനയിക്കുന്നു. പാലൈവന ചോല, നെഞ്ചത്തൈ കിള്ളാതെ എന്നീ ചിത്രങ്ങളിൽ അസാധാരണ അഭിനയപാടവം കാഴ്ചവെച്ച് പ്രശസ്തിയിലേയ്ക്കു് ഉയർന്ന സുഹാസിനിയാണ് ഇവരുടെ നായികയായി അഭിനയിച്ചിരിക്കുന്നതു്. തമിഴ്നാട്ടിൽ വൻപിച്ച പ്രദർശന വിജയം നേടി നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിച്ചുവരുന്ന ഈ ചിത്രത്തിലെ മററഭിനേതാക്കൾ വനിത, ദിലീപ്, വെൺനിറ ആടൈ മൂർത്തി, ശ്യാംസുന്ദർ എന്നിവരാണ്. പനിനീർപ്പൂക്കളുടെ കഥാകൃത്തായ സോമസുന്ദറിന്റേതാണ് കഥ. ഗംഗൈ അമരൻ (ഇളയരാജയുടെ സഹോദരൻ) ഗാനങ്ങൾ എഴുതി സംവിധാനം നിർവ്വഹിച്ചിരിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എം. സി. ശേഖറാണ്. മധുമലരിന്റെ പ്രദർശനവിജയം രതീഷിനു് തമിഴ് സിനിമയിൽ കൂടുതൽ അവസരങ്ങൾ നേടിക്കൊടുക്കുമെന്നാണ് മദ്രാസ് വൃത്തങ്ങൾ പറയുന്നതു്. ജൂബിലി പിക്ചേഴ്സ് വിതരണം ചെയ്യുന്ന ഈ ചിത്രം ജനുവരി അവസാന വാരം കേരളത്തിൽ പ്രദർശനത്തിനെത്തുന്നു.

[illegible]

മലയാള സിനിമയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എ. വിൻസന്റ് പ്രതാപ്ചിത്രയുടെ പുതിയ ചിത്രം സംവിധാനം ചെയ്യുന്നു.

പി. ഭാസ്കരൻ എഴുതിയ ഗാനങ്ങൾക്ക് കെ. രാഘവൻ സംഗീതം നിർവ്വഹിക്കുന്നു. പ്രസ്തുത ചിത്രത്തിന്റെ കഥയും സംഭാഷണവും തലശ്ശേരി രാഘവന്റേതാണ്.

യവനിക

പ്രശസ്ത ചലച്ചിത്ര സംവിധായകൻ കെ. ജി. ജോർജ്ജിന്റെ യവനിക തിരുവനന്തപുരത്തു് ഇതിനകം ചിത്രീകരണമാരംഭിച്ചു്—പുതിയ ഘട്ടങ്ങളിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കുന്നു. ഒരു പ്രൊഫഷണൽ നാടകക്കമ്പനിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന സംഭ്രമജനകമായ കുററാന്വേഷണ ചിത്രത്തിനു് സിനിമയുടെ വളരെ വിഭിന്നങ്ങളായ സങ്കേതങ്ങളാണുപയോഗിക്കുന്നതു്. ഇന്നോളം മലയാള, സിനിമയിൽ കാണാത്ത ഒരു അവതരണ രീതി സ്വീകരിച്ചിരിക്കുന്നുവെന്നതു തന്നെ ഒരു സവിശേഷതയാണ്. സിനിമയേയും നാടകത്തേയും തികച്ചും രണ്ടു വ്യത്യസ്തമാദ്ധ്യമങ്ങളായി കാണുന്നു സംവിധായകൻ. എന്നാൽ അവ തമ്മിലുള്ള ഒരു താരതമ്യ പഠനം നടത്തുന്നുവെന്നതു് പ്രത്യേകതയർഹിക്കുന്നു.

ഒായെൻവിയുടേതാണ് കവിതകൾ. എം. ബി. ശ്രീനിവാസൻ സ്വരം നൽകിയിരിക്കുന്നു. ഛായാഗ്രഹണം രാമചന്ദ്രബാബുവാണ്. സംവിധായകന്റെ തന്നെ കഥയ്ക്കു് പ്രശസ്ത നാടകകൃത്തായ കെ. ടി. മുഹമ്മദ് തിരനാടകം രചിച്ചിരിക്കുന്നു. ചിത്രത്തിൽ— ജലജ, ഗോപി, നെടുമുടി വേണു, വേണു നാഗവള്ളി, സജയ് (പുതുമുഖം) ശ്രീനിവാസൻ എന്നിവരും നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു. കരോലിനാഫിലിംസിനു വേണ്ടി ഹെൻട്രിയാണ് 'യവനിക' നിർമ്മിക്കുന്നതു്.

യാത്രക്കാരി

ജെയേഡി പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്ന ചിത്രമാണു യാത്രക്കാരി. സുപ്രസിദ്ധ നോവലിസ്റ്റ് അന്തിനാടു ജോസിന്റേതാണ് കഥ. ഗോപിനാഥ് സംവിധാനം നിർവ്വഹിക്കുന്ന ഈ ചിത്രത്തിന്റെ ക്യാമറ രവീന്ദ്രന്റേതാണ്. ആന്റണി മാന്നാപുരം ഗാനരചന നടത്തുന്നു. എൻ. കൃഷ്ണകുമാർ നിർമ്മിക്കുന്ന ഈ ചിത്രത്തിലേയ്ക്കുള്ള താരനിർണ്ണയം നടന്നുകൊണ്ടിരിക്കുന്നു.



ശാരദ ചിത്രം. 'അനന്തം അജ്ഞാതം.'

സുമലത ചിത്രം. 'കഴകം.'

സുമിത്ര ചിത്രം. 'കുട്ടികളെ സൂക്ഷിക്കുക'

ഉൾക്കടൽ

സീൻ അൻപത്തിയാറ്

പകൽ ഉണ്ണിയുടെ മുറി

സീൻ 54—ലെ അമ്മിണിയുടെ മുഖത്തിന്റെ Freez Shot Release ചെയ്യുന്നു. അവൾ കൈ കുതറുമ്പോൾ വിട്ടുകൊടുത്തുകൊണ്ട് ഉണ്ണി ചിരിക്കുന്നു. ലജ്ജയോടെ അവളിറങ്ങി ഓടുന്നു അവളുടെ മുറിയിലേയ്ക്ക്. മുറിയിലെ ജനലഴികളിൽ പിടിച്ചുകൊണ്ടവൾ കിതച്ചു പിന്നെ മെല്ലെ ചിരിച്ചുകൊണ്ടവൾ തിരിഞ്ഞു. ഉണ്ണി കടന്നുപിടിച്ച കൈ ചുണ്ടോടടുത്തി. ഒരു നിർവൃതിയിലാണെന്നപോലെ കണ്ണുകൾ കൂമ്പിനിന്നു.

തിരക്കഥ മോഹൻ

സീൻ അൻപത്തിയേഴ്

പകൽ

Song.

വഴിവരമ്പിലൂടെ ഓടിവരുന്ന അമ്മിണി.

കൈക്കുമ്പിളിൽ വെള്ളം കോരി മുകളിലേയ്ക്കെറിയുന്ന അമ്മിണി.

അമ്പലത്തിൽ തൊഴുതു വരുന്ന അമ്മിണി.

വട്ടമുള്ള പാവാടയുടുത്ത് വട്ടത്തിൽ കറങ്ങിച്ചിരിക്കുന്ന അമ്മിണി.

ഊഞ്ഞാലാടുന്ന അമ്മിണി.

കറുത്ത പാറക്കല്ലുകളിൽ മലർന്നു കിടക്കുന്ന അമ്മിണി.

ജനലഴികളിൽ പിടിച്ച് പുറത്തേയ്ക്കുറ്റുനോക്കുന്ന അമ്മിണി.

പുഴക്കടവിൽ ഒഴുക്കിന് ഹൊറിസോണ്ടലായി കിടക്കുന്ന അമ്മിണി.

തന്റെ മുറിയിലെ പായയിൽ Sexy യായി കിടക്കുന്ന അമ്മിണി. അവൾക്കുറക്കം വരുന്നില്ല. വാതിൽ അടഞ്ഞു കിടക്കുന്നു.

സീൻ അൻപത്തിയെട്ട്

രാത്രി വീട്—പൂമുഖം

പൂമുഖത്ത് ആരുമില്ല. പടി കടന്ന് വേലാണ്ടിയും ഒരാളും കടന്നുവരുന്നു. വേലാണ്ടിയുടെ കയ്യിൽ ചൂട്ടുണ്ട്. പൂമുഖത്തെത്തിയ വേലാണ്ടി ചൂട്ട് കുത്തിക്കെടുത്തി.

വേലാണ്ടി: തമ്പ്രാ....തമ്പ്രാ....

അകത്തുനിന്നും ശങ്കരമേനോന്റെ ശബ്ദം: ആരാ....?

വേലാണ്ടി: വേലാണ്ട്യാ......മേലേടത്തെ ഗോവിന്ദൻകുട്ടി തമ്പ്രാനുമുണ്ട്.

ശങ്കരമേനോൻ ഉറക്കത്തിൽ നിന്നെഴുന്നേറ്റുവരുന്ന ഭാവത്തിൽ വന്നു വാതിൽ തുറക്കുന്നു.





ശങ്കര: എന്താ....എന്താ ഗോവിന്ദൻകുട്ടി ഈ പാതിരാത്ത്.
ഗോവിന്ദൻ: പറയാം.

സീൻ അൻപത്തിയൊൻപത്

രാത്രി

വീട്—അകത്ത് അമ്മിണിയുടെ മുറി

അമ്മിണിയുടെ മുറി. അവൾ ഒന്നനങ്ങിത്തിരിഞ്ഞു കിടക്കുന്നു. മെല്ലെ കണ്ണടസ്സാൻ തുടങ്ങുന്നു. ചുണ്ടിലൊരു ചെറിയ ചിരിയുണ്ട്.

മുൻവശത്തുനിന്നും കുഞ്ഞിക്കാവമ്മയുടെ കരച്ചിൽ. ഒപ്പം കുഞ്ഞിക്കാവിന്റെ ശബ്ദം Overlap ചെയ്യുന്നു.

ഇത്ര പെട്ടെന്നു ഇങ്ങനെ സംഭവിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല.

ശങ്കരമേ; താനൊന്നു ബഹളം വെക്കാണ്ടിരിക്ക്യോ. അങ്ങോരു വിളിച്ചാൽ പുവ്വാണ്ടിരിക്ക്യാൻ പറ്റോ?

അമ്മിണി കാതോർത്തു. മെല്ലെ എഴുന്നേററു. വാതിൽ തുറന്ന് മുൻവശത്തേയ്ക്കു നടക്കുന്നു.

ഉണ്ണി; ഇനിയിപ്പോൾ ഈ പാതിരാത്രിക്ക് പുറപ്പെടാനൊന്നും വേണ്ട. രാവിലെ പോകാം.

ഗോവിന്ദ: അത്രയ്ക്കു വേണ്ടു. പക്ഷെ അറിയിക്കേണ്ടത് വേണ്ട സമയത്തു തന്നെ വേണമല്ലോന്നുവെച്ചു വന്നൂന്നു മാത്രം.

കുഞ്ഞി: അതൊന്നും പറഞ്ഞാൽ പററില്ല. ഇപ്പത്തന്നെ പോണം. എൻറമ്മ വയ്യാണ്ടെ കിടന്നപ്പൊ അവരെയുണ്ടായുള്ളൂ നോക്കാൻ. എന്നേക്കാൾ ഒന്നരവയസ്സിൻെറ മൂപ്പേയുള്ളു നിനക്ക്. ഗോവിന്ദൻ കുട്ടി ഞാനും വരാം. മേലിടാൻ ഒരു മുണ്ട് എടുത്തോണ്ടു വരട്ടെ.

മേനോൻ: എന്നാൽ എനിക്കും എടുത്തോളൂ ഒരു മുണ്ട്.

കുഞ്ഞിക്കാവ് കണ്ണൊപ്പിക്കൊണ്ട് അകത്തേയ്ക്കു പോയി.

മേനോൻ: ഉണ്ണീ ശവദാഹവും കഴിഞ്ഞിട്ടേ ഞങ്ങൾ വരൂ. വാതിലടച്ചു കിടന്നോളൂ.

കുഞ്ഞിക്കാവ് മുണ്ടുമായി വരുന്നു. മേനോനും കുഞ്ഞിക്കാവമ്മയും, വേലായുധനും, ഗോവിന്ദൻകുട്ടിയുംകൂടി പോകുന്നു.

പൂമുഖത്തുനിന്നും മെല്ലെ തിരിയുന്ന ഉണ്ണി.

ഉണ്ണി: എങ്ങാണ്ട് ശേഷത്തിൽപ്പെട്ടൊരു തള്ളയാ. പത്തു തൊണ്ണൂറു കൊല്ലമായി കിടക്കുന്നു. അവരൊന്നു ചത്തതിനാ ഈ വെപ്രാളം മുഴുവൻ.

അമ്മിണി പകച്ചൊന്നു നോക്കി.

ഉണ്ണി വാതില്ക്കലേയ്ക്കു നടന്നു.

വാതിലിനരികിൽ ചുമർചാരി അമ്മിണി നിന്നു.

ഉണ്ണി അകത്തു കടന്ന് വാതിലടച്ചു സാക്ഷയിട്ടു. അവളെ നോക്കി ചിരിച്ചു.

ഉണ്ണി: ങാ അമ്മിണിക്കുട്ടി ഒരു ഗ്ലാസ് വെള്ളം വേണം.

ഉണ്ണി മുറിയിലേയ്ക്കു പോയി. മററാരുമില്ലാത്ത വീട്. ഒഴിഞ്ഞ തളം. മുറികൾ. അവൾ മെല്ലെ അടുക്കളയിലേയ്ക്കു നടന്നു. അടുക്കളയിലെത്തിയ അമ്മിണി കൂജയുടെ അടുത്തു വന്നുനിന്നു. അവളുടെ മുഖം തുടുത്തിട്ടുണ്ട്.

മെല്ലെ കൂജ ചരിച്ച് വെള്ളം പകർന്നു. നിറഞ്ഞുതുളുമ്പി. മെല്ലെ ഗ്ലാസ്സ് കയ്യിലെടുത്തു. നിറഞ്ഞ തുളുമ്പിയ വെള്ളം കൈത്തണ്ടയിൽ അവൾ തിരിഞ്ഞുനടന്നു.

ഉണ്ണി മുറിയിൽ കട്ടിലിൽ കിടന്ന് സിഗരററു വലിക്കുകയാണ്. അവൾ ഒരു നിമിഷം വാതില്ക്കൽ നിന്നു. പിന്നെ അകത്തു കടന്നു. ഉണ്ണിയുടെ അടുത്തെത്തി.

അമ്മിണി: ദാ വെള്ളം.

ഉണ്ണി എഴുന്നേററു അവരുടെ നോട്ടങ്ങൾ. ഉണ്ണി വെള്ളം വാങ്ങി പകുതിയോളം കുടിച്ചു. അവൾ അനങ്ങാതെ നിന്നു. ഗ്ലാസ്സു തിരിച്ചുകൊടുത്തു. മുഖത്തൊരു പുഞ്ചിരി. അവൾ ഗ്ലാസ്സു വാങ്ങി. ഉണ്ണി തിരിഞ്ഞു കിടന്നു. അമ്മിണി മുറിയിൽ നിന്നും പുറത്തിറങ്ങി. അടുക്കളയിലേയ്ക്കു നടന്നു. അടുക്കളയിലെത്തി കൂജയുടെ അരികിലായി ഒരു നിമിഷം നിന്നു.

ഉണ്ണി കുടിച്ച ഗ്ലാസ്സിൽ ബാക്കിയുള്ള വെള്ളം അവൾ കുടിച്ചു. പിന്നെ ഗ്ലാസ്സു താഴെ വെച്ചു. ഒരു നിമിഷം നിന്നു. പിന്നെ കൂജയോടെ ഉയർത്തി വായിലേയ്ക്ക് വെള്ളം പകർന്നു. കവിഞ്ഞൊഴുകിയ വെള്ളം മുഖത്തും, കഴുത്തിലും, ബ്ലൗസിലും. കൂജ താഴെ വെച്ചവൾ നിവർന്നു. എന്തു ചെയ്യണമെന്നു തിട്ടമില്ല. മെല്ലെ അടുക്കളയിലെ ജനലിലൂടെ പുറത്തേയ്ക്കു നോക്കി. നല്ല കാററ്. മഴയ്ക്കുള്ള തുടക്കം പോലെ. അവൾ വാതില്ക്കലേയ്ക്കു ചെന്നു.

വാതിൽ തുറന്നു. അടുക്കളപ്പടിയിലിരുന്ന് പുറത്തേയ്ക്ക് നോക്കി. നല്ല കാററ്. മെല്ലെ മഴ ചാറിത്തുടങ്ങി. അവൾ എഴുന്നേററു. മഴയത്തേയ്ക്ക് കൈകൾ നീട്ടി. കൈത്തണ്ടകൾ നനയുന്നു. അവൾ കൈകൾ ഉയർത്തുമ്പോൾ വെള്ളത്തുള്ളികൾ ഒഴുകി തോളിലെത്തുന്നു. കൈ നീട്ടി കുമ്പിളിൽ മഴത്തുള്ളികൾ കൂട്ടി അവൾ വായ തുറന്ന് മുഖത്തെയ്ക്കെറിഞ്ഞു.

പിന്നെ മുഖം പൊത്തി.

കൈ വിടർത്തി മെല്ലെ ചിരിച്ചു. മഴ ശക്തിയായായി.

അവൾ തിരിഞ്ഞകത്തു കയറി.

വാതില്ക്കൽ തൂങ്ങി ഒരു നിമിഷം നിന്നു. പിന്നെ വാതിൽ അടച്ചു അടുക്കളയിലെ വിളക്കണച്ചു. സ്വന്തം മുറിയിലേയ്ക്കു പോയി. മുറിയിൽ അവൾ കിടന്നിരുന്ന പായ.

അവൾ പായയിൽ വന്നിരുന്നു. തുറന്നു കിടക്കുന്ന ജനലയിലൂടെ മഴയുടെ ചിത്രം. അവൾ തുറന്നു കിടക്കുന്ന വാതിൽ ശ്രദ്ധിച്ചു.

എഴുന്നേററ് വാതില്ക്കലോളം ചെന്നു. അടച്ചാലോ, വേണോ? വേണ്ട. അവൾ തിരിച്ചുവന്ന് പായിൽ ഇരുന്നു.

പിന്നെ കൈകൾ രണ്ടും തുടകൾക്കിടയിൽ തിരുകി ചരിഞ്ഞു കിടന്നു. ജനലിലൂടെ കാണാവുന്ന മഴയുടെ ചിത്രം.

സീൻ അറുപത്

ശങ്കരമേനോൻെറ വീട് രാത്രി

ഇൻറീരിയർ

തല്ലിയലച്ചു പെയ്യുന്ന മഴ.

മേനോൻെറ വീട്.

രണ്ടു മുറികളിൽ മാത്രമേ വെളിച്ചമുള്ളു.

ഉണ്ണിയുടെ മുറിയിലെ വെളിച്ചമണഞ്ഞു.

സീൻ അറുപത്തൊന്ന്

ശങ്കരമേനോൻെറ വീട് രാത്രി

അമ്മിണിയുടെ മുറി

അമ്മിണി പായയിൽ കിടക്കുന്നു.

ജനലിലൂടെ കാണാവുന്ന മഴയുടെ ദൃശ്യം.

അവൾ തിരിഞ്ഞ് വാതില്ക്കലേയ്ക്ക് നോക്കി. ഇല്ല. ആരുമില്ല.

അവൾ വീണ്ടും കിടന്നു.

പുതപ്പെടുത്ത് പുതയ്ക്കുന്നു.

അവൾക്ക വീണ്ടും സംശയം.

ഒരു കാൽപ്പെരുമാററം അടുത്തുവരുന്നു.

അവളുടെ മനസ്സിൻെറ വിഭ്രമം ദൃശ്യമായിത്തെളിയുന്നു.

അവൾ മുഖമുയർത്തി.

വാതില്ക്കൽ ഉണ്ണി ഒരു കുസൃതിച്ചിരിയോടെ നില്ക്കുന്നു.

സീൻ അറുപത്തിരണ്ട്

പകൽ ശങ്കരമേനോൻെറ വീട്

പുറകുവശം

പ്രഭാതമാണ്. അടുക്കളവശം. അടുക്കളപ്പടിയിൽ വന്നു നിന്നുകൊണ്ട് ദേവ

അവൾ പരിഭ്രാന്തയായി എഴുന്നേററു. പുതപ്പും കൂട്ടിപ്പിടിച്ചാകാം എഴുന്നേല്ക്കുന്നത്.

വാതില്ക്കൽ നിന്നും ഉണ്ണി നടന്നടുത്തു. അരികിലെത്തി.

ഇരുവരുടേയും ലുക്ക്സ്.

ഉണ്ണി അവളുടെ ചുമലിൽ കൈവെച്ചു.

അവളുടെ മുഖം തുടുത്തു വിയർത്തിരിക്കുന്നു.

അവൾ വാടിയ താമരത്തണ്ടുപോലെ.

ഉണ്ണിയുടെ രണ്ടു കൈകളും അവളുടെ തോളിലായി.

അവളുടെ കുനിഞ്ഞ മുഖം. അവൻെറ കുസൃതി നിറഞ്ഞ നോട്ടം.

മുടിയിഴകൾക്കിടയിൽ പരതുന്ന വിരലുകൾ.

കൈക്കുമ്പിളിൽ അവളുടെ മുഖം ഉണ്ണി കോരിയെടുത്തു ഉയർത്തി.

വിറപൂണ്ടു നില്ക്കുന്ന ചുണ്ടുകൾ. തുടിക്കുന്ന കണ്ണുകൾ.

ഇരുവവരുടേയും ലുക്ക്സ്.

ഉണ്ണി മുഖം മുഖത്തോടടുപ്പിച്ചു.

കൂമ്പിനില്ക്കുന്ന അവളുടെ കണ്ണുകളിൽ തിളക്കം.

ഇരുവരും പൊടുന്നനവെ ആലിംഗനം ചെയ്യുന്നു. അവളുടെ കണ്ണുകൾ കൂമ്പിയടഞ്ഞു- അവൾക്ക് നിർവൃതി. അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി നിന്നിരുന്നു.

കണ്ണുനീർ തുള്ളികൾ ഒലിച്ചിറങ്ങി.

വിഭ്രമത്തിൽ നിന്നും ഉണരുന്ന അമ്മിണി പായയിൽ കിടക്കുന്നു.

കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. മുഖം വിയർത്തു തുടുത്തിട്ടുണ്ട്. അവൾ പെട്ടെന്നെഴുന്നേററ് വാതിൽക്കലേയ്ക്കു നോക്കി. ഉണ്ണി

യില്ല. വിശ്വാസമാകാതെ അവൾ പുറവും വീണ്ടും നോക്കി. ആരുമില്ല

അവൾ എഴുന്നേററു. ഒരു കിതപ്പോടെ ജനൽക്കലേയ്ക്കു ചെന്നു. അഴിയിൽ ചാരി പുറത്തെ മഴയിൽ കണ്ണുകൾ നട്ടു. പുറത്തെ മഴയുടെ ദൃശ്യം.

സ്ത്രീ: പാത്രം, പാത്രം

അകത്തു നിന്നു അമ്മിണി പാത്രം കൊണ്ടുവരുന്നു. അവളെ ആകെ ഒന്നു നോക്കിക്കൊണ്ട്,

ദേവസ്യ: എന്താ വല്ലാത്തൊരു ഉറക്കച്ചടവ്.

പാത്രം വാങ്ങി.

അമ്മിണി മുഖം വെട്ടിച്ച് അകത്തേയ്ക്കു പോയി. കൗസു വന്ന് ചായ്പിന്നരികിൽ നിന്നു മുണ്ടു മാററുന്നു. ദേവസ്യ പാത്രവുമായി അവിടേയ്ക്കു നടക്കുന്നു.

പതുക്കെ ദേവസ്യ: കൗസു, ഇന്നലെ തന്തേം തള്ളേം ഇവിടില്ലാൻ അല്ലേ?

കൗസു: ഇതെവിടുന്നു കിട്ടുന്നു ഇത്ര കാലത്തെ ഈ ന്യൂസൊക്കെ.

ദേവ: ചായപ്പീടികയിൽ വച്ച് വേലാണ്ടി പറഞ്ഞു. ഇന്നലെ രാത്രി ഒരു തള്ളച്ചത്തിട്ട് തന്തേം തള്ളേം രാത്രി തന്നെ ഓടിപ്പോയെന്ന്. ഇന്നലെ എന്തെങ്കിലും നടന്നിട്ടുണ്ടാവും—ല്ലേ? അവരു രണ്ടു പേരും തന്ന്യല്ലേ ഉണ്ടാർന്നുള്ളൂ.

കൗസു: എന്തിനാ അവരുടെ കാര്യവും ഇവരുടെ കാര്യവും ഒക്കെ അന്വേഷിച്ചു നടക്കണ്.

ചൂലെടുത്ത് മുററമടിക്കാൻ തുടങ്ങുന്നു. അവൻ പിറകെ കൂടുന്നു.

കൗസു: അന്തോണി മാപ്പ്ളേടെ അവിടെ കറക്കാൻ പോയോ?

ദേവ: അതെനിക്ക് സൗകര്യള്ളപ്പോ ഞാൻ പോകും.

കൗസു: ഇനി പോകുല്ലാന്ന് എനിക്കറിയാം.

ദേവ: ഊം?

കൗസു: ലില്ലിക്കുട്ടി ഇന്നലെ രാത്രി ആ ചെണ്ടകാരൻ പുഷ്പാംഗദന്റെ കൂടെ ഒളിച്ചോടിപ്പോയെന്ന്.

ദേവ: ങ്ഹേ!!

കൗസു: ങ്ഹാ!!

ദേവസ്യ പാത്രം കൗസുവിന്റെ കയ്യിൽ കൊടുത്തുകൊണ്ട്.

ദേവ: നീയിതു പിടിച്ചേ!

സൈക്കിളിന്റെ നേർക്കു നടക്കുന്നു.

സൈക്കിളിൽ കയറി ധൃതിയിൽ ചവിട്ടിപ്പോകുന്നു.

സീൻ അറുപത്തിമൂന്ന്

പകൽ അന്തോണിയുടെ വീട്

അന്തോണിയുടെ വീട്. നടക്കല്ലിൽ അന്തോണി നട്ടം വിട്ടിരിക്കുന്നു.

സൈക്കിളിൽ കുതിച്ചു വന്നിറങ്ങി ദേവസ്യ അടുത്തു വന്നു.

ദേവസ്യ: എടോ നാറി മാപ്പ്ളേ, തനിക്കിപ്പോ സമാധാനായീല്ലോ—കാത്തു സൂക്ഷിച്ച് കാത്തു സൂക്ഷിച്ച് ഇപ്പോൾ എന്തായി. പെണ്ണ് പുറം ജാതിക്കാരന്റെ കൂടെ ഓടിപ്പോയില്ലെ. ഇനി താൻ മാത്രായിട്ട് എന്തിനാ ഇവിടിരിക്കണ്. ചെല്ലെടോ, മതം മാറി അവന്റെ കൂടെ പൊറുത്തോ. ഇപ്പോൾ വ്യസനൊക്കെ തീർന്നില്ലെ.

അന്തോ: എന്റെ എല്ലാ വ്യസനോം തീർന്നെടാ.

ദേവ: ഫ! അയാൾക്ക് ലാഭായീന്ന്.

ദേവസ്യ സൈക്കിളിൽക്കയറി ധൃതിയിൽ പോകുന്നു. അന്തോണി ഒരു വികാരഭാവവുമില്ലാതെ വിദൂരതയിലേയ്ക്കു നോക്കിയിരിക്കുന്നു.

സീൻ അറുപത്തിനാല്

പകൽ ശങ്കരമേനോന്റെ വീട്

ഭക്ഷണമുറി

വീട്ടിലെ ഭക്ഷണമുറി. ഉണ്ണി പ്രാതൽ കഴിക്കാൻ ഇരിക്കുന്നു. അമ്മിണി വിളമ്പുന്നു.

അമ്മിണിയുടെ നോട്ടത്തിലും ഭാവത്തിലും ഒരടുപ്പവും അവകാശവുമുണ്ട്.

അവൾ അല്പം ചട്ട്ണി കൂടി വിളമ്പി.

ഒരിഡ്ഡലി കൂടി വയ്ക്കുന്നു.

ഉണ്ണി: മതി, മതി.

മതിയെന്നു പറഞ്ഞവൻ അവളുടെ കൈത്തണ്ട് കടന്നു പിടിച്ചു.

അവൾ കയ്യിലേയ്ക്കു നോക്കി. കൈ വിട്ടു.

അവന്റെ നേർക്കു തന്നെ നോക്കി അവൾ നിന്നു. അവളുടെ മുഖം മനസ്സിന്റെ തോന്നൽ.

സീൻ അറുപത്തിനാല് എ

പകൽ ശങ്കരമേനോന്റെ വീട്

ഭക്ഷണമുറി

പ്രാതൽ കഴിക്കുന്നതിനിടയിൽ ഉണ്ണി മുഖമുയർത്തി. അവളെ നോക്കി ചിരിച്ചു. പിന്നെ ഒരു കഷണം ഇഡ്ഡലി അവളുടെ വായിൽ ചട്ട്ണി മുക്കിക്കൊടുത്തു. ചിരിച്ചു.

സന്തോഷത്തോടെ അവൾ തിന്നുന്നു.

രണ്ടുപേരും ചിരിക്കുന്നു.

സീൻ അറുപത്തിനാല് ബി

പകൽ ശങ്കരമേനോന്റെ വീട്

ഭക്ഷണമുറി

ഉണ്ണി പ്രാതൽ കഴിക്കുന്നതു് നോക്കി നില്ക്കുന്ന അമ്മിണി. ഉണ്ണി കുനിഞ്ഞിരുന്നു പ്രാതൽ കഴിക്കുന്നു.

ഉണ്ണി: കുറച്ചു ചായ ഒഴിച്ചേ.

അവൾ കേട്ടില്ല.

മുഖമുയർത്തി ഉണ്ണി: കുറച്ചു ചായ ഒഴിക്കാൻ.

അവൾ വീണ്ടും കേൾക്കാത്ത ഭാവത്തിൽ നില്ക്കുന്നു. അവളുടെ മുഖത്ത് പുഞ്ചിരി.

വീണ്ടും ഉണ്ണി: നീയെന്താ സ്വപ്നം കാണ്വാ?

അമ്മിണി പെട്ടെന്നു ഞെട്ടിയപോലെ

അമ്മിണി: ങേ' ഹ!

ഉണ്ണി: ഇത്തിരി ചായ ഒഴിക്കാൻ.


അവൾ ചായ ഒഴിക്കുന്നു.

ഉണ്ണി കുടിക്കുന്നു.

അവളുടെ മുഖത്ത് ചമ്മൽ. നഖം കടിക്കുന്നു.

ഉണ്ണി കൈ കഴുകാനെഴുന്നേററു. അവൾ പ്ലേററും ഗ്ലാസ്സുമെടുത്ത് അടുക്കളയിലേയ്ക്കു നടന്നു. അവിടെയെത്തി പ്ലേററിൽ ശേഷിച്ച ഒരു തുണ്ടെടുത്ത് വായിലിട്ടു.

ചിരിക്കുന്നു.



സീൻ അറുപത്തഞ്ച്

പകൽ ശങ്കരമേനോൻെറ വീട്ട്

കുളക്കടവ്

കുളക്കടവിൽ സ്വന്തം നിഴൽ വെള്ളത്തിൽ നോക്കിയിരിക്കുന്ന അമ്മിണി.

അവിടെ വരുന്ന കൗസു: കിനാവു കാണ്വാ?

അവരം ഉണർന്നു ചിരിച്ചു.

കൗസു; ആളിപ്പോരം നാളെ പൂവ്വാല്ലോ കുട്ട്യേ. ഇനി എന്തു ചെയ്യും?

അവളുടെ മുഖം മ്ലാനമായി.

കൗസു: കണ്ടോ. അപ്പോഴേയ്ക്കും മുഖം വാടി. ഇങ്ങനെയുണ്ടോ ഒരു തൊട്ടാവാടി. പോയാലെന്താ അടുത്ത കൊല്ലം ലീവിനിങ്ങു വരില്ലേ?

അമ്മിണി ചിരിക്കാൻ ശ്രമിക്കുന്നു.

കൗസു; അമ്മിണിക്കുട്ടി വിഷമിക്കണ്ട. എല്ലാവരേയും പോലല്ല ഉണ്ണിക്കുട്ട്യേ കരുതീക്കണ്ട്. കുറെ ദിവസായില്ലെ ഞാനും കാണുന്നു. ഉണ്ണിക്ക് അമ്മിണിക്കുട്ട്യോട് ഒരു പ്രത്യേകമാ.

അമ്മിണി ചിരിക്കുന്നു. കൈക്കുമ്പിളിൽ വെള്ളമെടുത്ത് അമ്മിണിയുടെ നേർക്കെറിഞ്ഞു.

കൗസു: ഓ, ചിരി കണ്ടില്ലേ കള്ളീടെ.

ഇരുവരും പൊട്ടിച്ചിരിക്കുന്നു.

സീൻ അറുപത്തിആറ്

വൈകിട്ട്

ശങ്കരമേനോൻെറ വീട്ട് തൊടി

പറമ്പിലെ വേലിക്കരുകിൽ നിന്നാൽ കാണാവുന്ന പാടവും മററും. അമ്മിണി വേലിക്കരുകിൽ നില്ക്കുന്നു. പാടത്തിനപ്പുറത്തെ റെയിൽ ട്രാക്കിലൂടെ ഒരു തീവണ്ടി കടന്നുപോകുന്നു.

അമ്മിണി മ്ലാനതയോടെ മുഖം തിരിച്ച് വീട്ടിനു നേക്കു നടന്നു.

സീൻ അറുപത്തേഴ്

രാത്രി

ശങ്കരമേനോൻെറ വീട്ട്

ഉണ്ണിയുടെ റും

ഉണ്ണിയുടെ മുറി. ഉണ്ണി പെട്ടിയിൽ സാധനങ്ങരം അടുക്കിവയ്ക്കുന്നു. ബെഡ്റോരം കെട്ടിവച്ചു കഴിഞ്ഞു.

കുഞ്ഞിക്കാവ് അടുത്തിരിപ്പുണ്ട്. അവരെണ്ണിപ്പെറുക്കി സംസാരിക്കുന്നു.

അമ്മിണി വാതില്ക്കൽ ചാരിനില്ക്കുന്നു.

കുഞ്ഞി: ഇപ്പോരം എനിക്കു തോന്നുന്നു നീ വരേണ്ട്യേർന്നില്ലെന്ന്. അപ്പോപ്പിന്നെ ഈ പോകുന്ന ദുഃഖമുണ്ടാവില്ലല്ലോ.

അമ്മിണിയുടെ മുഖം.

ഉണ്ണി: അതുകൊള്ളാം. എനിക്കു പൂവ്വാണ്ടിരിക്കാൻ പറേറാ അമ്മേ.

അമ്മിണിയുടെ മുഖം.

ഉണ്ണി: പോയാലെന്താ അടുത്ത കൊല്ലത്തെ ലീവിനു ഞാൻ വരില്ലേ?

ഉണ്ണി പെട്ടി അടയ്ക്കുന്നു.

സീൻ അറുപത്തെട്ട്

രാത്രി

ശങ്കരമേനോൻെറ വീട്ട്.

അമ്മിണിയുടെ മുറി

അമ്മിണി തൻെറ മുറിയിൽ ജനലിലൂടെ പുറത്തേയ്ക്കു നോക്കി നിൽക്കുന്നു. അവളുടെ കണ്ണുകരം നിറഞ്ഞു വിതുമ്പിയൊഴുകി.

അവരം മെല്ലെ കണ്ണു തുടച്ചു.

ഉണ്ണിയുടെ വാക്കുകരം അവളുടെ മുഖത്തിൻെറ ക്ലോസ്സിൽ ഓവർലാപ്പ് ചെയ്യുന്നു.



അതുകൊള്ളാം. പൂവ്വാണ്ടിരിക്കാൻ പറേറാ?

Pause

പോയാലെന്താ അടുത്ത കൊല്ലത്തെ ലീവിനു് ഞാൻ വരില്ലേ?

അവളുടെ മുഖത്തൊരു നനഞ്ഞ ചിരി.

സീൻ അറുപത്തൊമ്പത്

പകൽ ശങ്കരമേനോൻെറ വീട്ട്

EXTERIOR

പൂമുഖം. ചാത്തുട്ടി പെട്ടിയും ബെഡ്റോളും തലയിലെടുത്തു. അമ്മിണിയുടെ തോളിൽ ഒരു ബാഗുണ്ട്. അവളുടെ മുഖം പ്രസന്നമാണ്. മേനോനും ഉണ്ണിയും കുഞ്ഞിക്കാവും പുറപ്പെടാനൊരുങ്ങി. എല്ലാവരും നടയിറങ്ങി.

ഉണ്ണി പോക്കററിൽ നിന്നും പത്തുരൂപായെടുത്ത് കൗസുവിനു നീട്ടി. കൗസു തൊഴുതു വാങ്ങി.

എല്ലാവരും പടിക്കലേയ്ക്കു നടന്നു.

കുഞ്ഞി: ഉമ്മറത്തെ വാതിലടച്ചോ കൗസല്യേ. ഇവിടെത്തന്നെ ഉണ്ടാവണം ട്ടോ.

മേനോ: അവളെവിടെപ്പോവാനാ. താനിങ്ങു വേഗം വന്നാൽ മതി.

എല്ലാവരും ഗേററിലേയ്ക്കു നടക്കുന്നു. ഇടയ്ക്ക് അമ്മിണി തിരിഞ്ഞ് കൗസുവിനെ നോക്കുന്നു. അവർ പരസ്പരം നോക്കിച്ചിരിക്കുന്നു.

എല്ലാവരും പോകുന്നു.

സീൻ എഴുപത്

റെയിൽവേ സ്റ്റേഷൻ പകൽ

സ്റ്റേഷനിലെ പ്ലാററ് ഫോമിൽ വണ്ടി കാത്തുനില്ക്കുന്നവർ. തീവണ്ടി വരുന്നു. കുഞ്ഞിക്കാവമ്മ വണ്ടി വരുന്നതു കണ്ടതോടെ വിതുമ്പാൻ തുടങ്ങി. വണ്ടിവന്നുനിന്നു. ചാത്തുട്ടി സാധനങ്ങരം വണ്ടിയിൽക്കയററി.

മേനോ: ഇനി അടുത്ത തവണ വരുമ്പോഴെങ്കിലും പറഞ്ഞ തീയ്യതിക്കു വരണേ. ഉണ്ണ്യേ. എനിക്കു പണ്ടത്തെപ്പോലെ നടക്കാൻ വയ്യ.

കസൃതിയോടെ ശബ്ദമില്ലാതെ ചുണ്ടനക്കി ഉണ്ണി: വരാമച്ഛാ.

മേനോ: പോടാ.

ചിരിയോടെ ഉണ്ണി: വരാമച്ഛാ.

ചാത്തുട്ടിക്ക് ഉണ്ണി ഒരു 10 രൂപയെടുത്തുകൊടുത്തു. ചാത്തുട്ടി തൊഴുതു വാങ്ങി. കുഞ്ഞിക്കാവിൻെറ കൈയ്ക്കു കടന്നുപിടിച്ചുകൊണ്ട്.

ഉണ്ണി: പോട്ടെ അമ്മേ.

അവർ വിതുമ്പിക്കൊണ്ട് തലയാട്ടുന്നു.

അമ്മിണിയുടെ പ്രതീക്ഷ നിറഞ്ഞ മുഖം.

ഉണ്ണി: ഒാഹാ, അമ്മിണിക്കുട്ട്യോ.

അവളുടെ കണ്ണുകളിൽ തിളക്കം.

ഒരു പത്തുരൂപയെടുത്തു നീട്ടിക്കൊണ്ട്.

ഉണ്ണി: നിനക്കു ഞാനൊന്നും തന്നില്ലല്ലൊ. നീയും എൻെറ കുറെ അലക്കും തിരുമ്പും ഒക്കെ ചെയ്തതല്ലെ.

അവളുടെ മുഖം ഇരുണ്ടു. ഷോക്കേററതുപോലെ ഉണ്ണി അവളുടെ കയ്യിൽ കടന്നുപിടിച്ച് രൂപ വച്ചുകൊടുത്തു.

ഉണ്ണി: ഇന്നാ ഇതെടുത്തോളു

അയാരം വണ്ടിയിലേയ്ക്കു കയറുമ്പോരം: അമ്മേ, ഇതവളുടെ ശമ്പളത്തിൽ പിടിക്കരുത്—ട്ടോ

എല്ലാവരോടുമായി ഉണ്ണി: വരട്ടെ.

വണ്ടി നീങ്ങുന്നു. അമ്മിണിയുടെ അടിയേററതുപോലെയുള്ള മുഖം. വണ്ടി മൂവ് ചെയ്യാൻ തുടങ്ങുമ്പോരം ക്യാമറ അവളുടെ ക്ലോസിലേയ്ക്ക്. വണ്ടിയുടെ നീങ്ങുന്നദൃശ്യം അവളുടെ ക്ലോസിൽ സൂപ്പർ ഇംപോസ് ചെയ്യുന്നു. ട്രെയിനിൻെറ രൂക്ഷമായ ശബ്ദം.

ട്രെയിൻ കടന്നുപോയിക്കഴിയുമ്പോരം അവളുടെ മുഖത്തിൻെറ ക്ലോസ്.

മിഴികരം നനഞ്ഞു

തുളുമ്പി.

ഒഴുകി.

വിതുമ്പിപ്പൊട്ടിക്കരയുന്നു. ആ ദൃശ്യം ഫ്രീസ് ചെയ്യുന്നു. ഫ്രീസ് ചെയ്ത ദൃശ്യത്തിൽ.

കരച്ചിലിൻെറ ശബ്ദം മാത്രം. പിന്നെ ആ ശബ്ദവും മറിഞ്ഞു. നിശ്ശബ്ദതയിൽ അവളുടെ ആത്മവിലാപമെന്നോണം വികാരം നിറഞ്ഞ ശബ്ദത്തിൽ നാലുവരി കവിത.

അവസാനിച്ചു.

[illegible] ധായകൻ



മലയാറ്റൂർ രാമകൃഷ്ണൻ സംവിധായ
കനാകുന്നു. എല്ലാവരും അറിഞ്ഞുകഴിഞ്ഞ
താണാ വാർത്ത. എന്നാൽ പലരും
അറിയാത്ത ഒരു വാർത്തകൂടിയുണ്ട്.
മലയാറ്റൂർ ഗാനരചന നടത്തുന്നു.
അദ്ദേഹം സംവിധാനം ചെയ്യുന്ന
മഞ്ഞിലാസിന്റെ ഒട്ടകം തുടക്കം എന്ന
ചിത്രത്തിനുവേണ്ടിതന്നെ. മൂന്നു ഗാന,
രചയിതാക്കളാണ് ഇതിനുവേണ്ടി
പാട്ടെഴുതിയിട്ടുള്ളത്. ഒന്ന് ഒരു തമിഴ്
ഗാനം അതിന്റെ രചയിതാവ്
പുല്മൈപ്പിത്തനാണ്. മറ്റൊരെണ്ണം
പി. ഭാസ്കരൻ. മൂന്നാമത്തേത് മല
യാറ്റൂർ.

പതിനഞ്ചു ദിവസത്തെ ഷൂട്ടിംഗ്
കൊണ്ട് ചിത്രത്തിന്റെ എഴുപത്തിയഞ്ചു
ശതമാനം ജോലിയും തീർന്നിരിക്കുക
യാണ്.

മുമ്പ് പല ചിത്രങ്ങൾക്കും തിരക്കഥക
ളെഴുതിയിട്ടുള്ള ആളാണ് മലയാറ്റൂർ.
സിനിമയെപ്പററി ഒരു നൂതന ബോധം
സൂക്ഷിക്കുന്ന മലയാറ്റൂർ സംവിധായക
നായപ്പോൾ അദ്ദേഹത്തിന്റെ ചിത്രത്തെ
പ്പററിയും സംവിധാന ജോലിയെപ്പ
ററിയുമുള്ള അഭിപ്രായമറിഞ്ഞപ്പോൾ
മലയാറ്റൂർ പറഞ്ഞു.

'തിരനാടകമാണ് ഫിലിം ഡയറക്
ടരുടെ ആവശ്യത്തിനു വേണ്ടി തയ്യാറാ
ക്കുന്ന 'വർക്ക് ഡയഗ്രം' അതിനെ പിക്
ച്ചർ സീക്വൻസുകളുടെ അടുക്കിൽ— ചില
പ്പോൾ അടുക്ക തെററിച്ചും— ഡയറക്ടർ
പകർത്തുന്നു. ക്യാമറാമാന്റെ സഹായ
ത്തോടെ ഈ പിക്ച്ചർ സീക്വൻസുകൾ
കൂട്ടിച്ചേർത്ത്, ശബ്ദങ്ങളും, സംഗീതവും,
മററും ഡബ്ബ് ചെയ്തു കഴിയുമ്പോൾ,
തിയേററിലെത്തുന്ന ചിത്രമാകുന്നു.
സ്ക്രീൻപ്ലേ എഴുത്തുകാരന് എഴുതാന
റിയണം. എഴുതുന്നത് മോഷൻ പിക്
ച്ചറിനാണെന്ന ബോധം വേണം. അവന്
ഡ്രാമയുടെ മർമ്മം വശമാക്കിയിരിക്കണം
കഥ പറച്ചിലിന്റെ ടെക്നിക്കുകൾ
സ്വായത്തമാക്കിയിരിക്കണം. കണ്ണ്
Photograph c Eye ആയിരിക്കണം;
കാത് Dictogiaphic Ear ആയിരിക്കണം
അവന് ശബ്ദബോധം വേണം. 'മൂഡുകൾ'
ഉണ്ടാക്കാൻ സൗണ്ട് ഇഫക്ററുകൾ
എങ്ങിനെയുപയോഗിക്കണം, ഡ്രാമാ
ററിക് ആക്ഷൻ ശക്കമേററാൻ സൗണ്ട്
ഉപയോഗിക്കേണ്ടതെങ്ങിനെ........
എന്നൊക്കെ അവനറിഞ്ഞിരിക്കണം.
കഥ മൂവ് ചെയ്യണം..... മുന്നോട്ട്,
മുന്നോട്ട്!

സ്ക്രീൻപ്ലേ രചിക്കുന്നവന്, ചിത്ര.
കലയെപ്പററി എന്തെങ്കിലും അറിഞ്ഞിരു
ന്നാൽ നന്ന്.

ഇക്കാര്യങ്ങളെപ്പററിലേശം ബോധ
മുള്ള ഞാൻ ഡയറക്ടരുടെ പണിയെപ്പററി
എന്തു വിചാരിക്കുന്നുവെന്നല്ലേ?

ഡയറക്ടർ എന്നാൽ ഡയറക്ടർ തന്നെ—
കൂടുതലുമില്ല; കുറവുമില്ല. മററു ഡ്രാഫ്ററ്
സ്മെന്മാരുടെ ടാലന്റുകളെ അയാൾ
ഡയറക്ററ് ചെയ്യുന്നു. സിനിമ ഡയറ
ക്ടറുടെ കലയല്ലേ? ആണ്— ഡയറക്
ടറുടെ മാത്രമോ? അല്ല.

'തുടക്കം ഒട്ടകത്തിന്റെ ഷൂട്ടിംഗ്
സ്ക്രിപ്ററ് ഞാൻ വിശദമായി തയ്യാ
റാക്കിയിരുന്നു. എന്റെ കൺസെ
പ്ഷൻ, വിഷ്വലൈസേഷൻ ഇവ
യെല്ലാം മുൻകൂട്ടി തന്നെ നിശ്ചയിച്ചു
പിന്നെ ക്യാമറാമാൻ വിപിൻദാസുമായി
ചർച്ച ചെയ്തു. എനിക്കു വേണ്ടത്
വിപിന് മനസ്സിലായി. എന്റെ കണ്ണും
വിപിന്റെ കണ്ണും ഒന്നായിത്തീർന്നു.
അഹങ്കാരം കൂടാതെ പറയട്ടെ ഇത് ഒരു
നല്ല ചിത്രമായിരിക്കും.'

ഏറെ കരയിച്ച വർഷം

ജേസിയുടെ എതിരാളികൾ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് നടക്കവേ ശ്രീവിദ്യയെ കണ്ടു. കഴിഞ്ഞ വർഷം ഏററവും കൂടുതൽ ചിത്രങ്ങളിലഭിനയിച്ച നായികയാണവർ.

'എന്താണ് കഴിഞ്ഞ വർഷത്തെപ്പററി ഉള്ള നിങ്ങളുടെ അഭിപ്രായം!!

പെട്ടെന്നു വിദ്യയുടെ മറുപടി കിട്ടി.

'ഞാൻ കഴിഞ്ഞ വർഷം ഒരു പാട് കരയേണ്ടിവന്നു.'

'അയ്യോ അതെന്ത്? അത്ര തിക്തമായ അനുഭവങ്ങൾ വല്ലതും ജീവിതത്തിലു ണ്ടായോ?'


'ങ്ഹാ ഒരു കണക്കിനു തിക്തമായ അനുഭവം തന്നെ. എന്നാൽ താങ്കൾ ഉദ്ദേശിച്ചപോലെയല്ലത്. കഴിഞ്ഞ വർഷം ഞാൻ കൂടുതൽ ഗ്ലിസറിൻ ഉപയോഗിച്ചു എന്നു പറഞ്ഞതാണ്. അതായത് കിട്ടിയ കഥാപാത്രങ്ങളധികവും ഒരേ സ്വഭാവ മുള്ളത്. ദുഃഖം സഹിക്കാനാവാതെ .. കരയുന്ന കഥാപാത്രങ്ങൾ. അപ്പോൾപ്പിന്നെ കരയാതിരിക്കാൻ കഴിയുമോ! ഒരുപാട് കരഞ്ഞു. ഈ വർഷമെങ്കിലും വ്യത്യസ്ഥ മായ വേഷങ്ങൾ ലഭിക്കാമെന്നാശിക്കുക യാണ്. ഒരു കണക്കിന് ചിത്രമെടുക്കുന്ന വരെ കുററം പറഞ്ഞിട്ടു കാര്യമില്ല. കാണി കൾക്കും ശ്രീവിദ്യ കരഞ്ഞു കാണാനാണാ ഗ്രഹം. പിന്നെ സംവിധായകരും, കഥാ കൃത്തുക്കളും എന്തു ചെയ്യും.

ങ്ഹാ! കരയാനാണു നമ്മുടെ വിധി കരയാം. വെറുതെ കരയാം. നല്ല കഥാപാ ത്രങ്ങളെ കിട്ടാത്ത ദുഃഖം അങ്ങിനെ കരഞ്ഞു തീർക്കാം.' ശ്രീവിദ്യ പൊട്ടിച്ചിരിച്ചു.

—

കണ്ടതും കേട്ടതും



അഷ്ടാംഗഹൃദയത്തിൽ നിന്ന്..

സ്ഥലം തിരുവനന്തപുരം.

മസ്കറ്റ് ഹോട്ടലിലെ മുപ്പതാം നമ്പർ എ. സി. റൂം.

സമയം രാത്രി, കൃത്യം ഒന്നരമണി.

മുറിയിൽ നിന്നും ഉച്ചത്തിലുള്ള ഒരു ശബ്ദമുയർന്നു.

'ആയുർവ്വേദത്തെപ്പററിയുള്ള ആധികാരിക ഗ്രന്ഥമാണ് അഷ്ടാംഗഹൃദയം. ഹൃദയസ്തംഭനത്തിന് അഷ്ടാംഗ ഹൃദയത്തിൽ കൊടുത്തിരിക്കുന്ന പേരു് എന്തെന്നു പറയാമോ....?'

ഈ മുപ്പതാം നമ്പർ മുറിയിൽ താമസിക്കുന്നതു നടൻ സോമനാണ്. സോമനോടൊപ്പം വർത്തമാനം പറഞ്ഞു രസിക്കാനായി വേണുനാഗവള്ളി, സുധീർകുമാർ, ജനാർദ്ദനൻ എന്നീ നടന്മാർ എത്തിയിട്ടുണ്ട്. ഒപ്പം സോമന്റെ രണ്ടു സുഹൃത്തുക്കളും. ഒരാൾ എം. ബി. ബി. എസ്. സ്റ്റുഡന്റാണ്. അതുകൊണ്ടു തന്നെ രോഗവും ചികിത്സയും അവിടെ ചർച്ച ചെയ്യപ്പെട്ടു.

വൈദ്യം സംസാരവിഷയമായപ്പോൾ ജനാർദ്ദനൻ വാചാലനായി സ്വന്തം പാരമ്പര്യത്തെപ്പററി പറഞ്ഞു തുടങ്ങി. അല്ലെങ്കിൽ തന്നെ ആ നടൻ ഒരു പ്രത്യേക സ്വഭാവരീതി പുലർത്തുന്നവനാണ്. അഭിനയിക്കുമ്പോൾ മാത്രമേ ജനാർദ്ദനൻ നടനാകൂ. അല്ലാത്തപ്പോഴെല്ലാം വെറും സാധാരണ മനുഷ്യൻ. പ്രത്യേക അംഗവിക്ഷേപങ്ങളോടെ, സ്വരത്തോടെ ഏതു വിഷയത്തെപ്പററിയും കയറി തർക്കിച്ചുകളയും. യഥാർത്ഥത്തിൽ ജനാർദ്ദനനിൽ കുടിയിരിക്കുന്ന ഈ സൂക്ഷ്മസ്വഭാവം മനസ്സിലാക്കി ആ നടനൊരു വേഷം നല്കാൻ ഇവിടെ ആരും തുനിഞ്ഞിട്ടില്ല. ആരെയും ചിരിപ്പിച്ചുകളയുന്ന പ്രകൃതമാണ് ജനാർദ്ദനന്റേതു്.

ജനാർദ്ദനൻ റൂമിന്റെ ഒത്ത നടുവിൽ നിന്നു പ്രസംഗം ആരംഭിച്ചു.

സ്വതേ അന്തർമുഖനായ വേണുനാഗവള്ളി പുഞ്ചിരി പൊഴിച്ചുകൊണ്ട് ജനാർദ്ദനനെ നോക്കി ആ സംസാരരീതി ശ്രദ്ധിച്ചുകൊണ്ടിരുന്നു. സുധീർകുമാറും രസത്തോടെ നോക്കിയിരിക്കുന്നു. സോമൻ ഇടയ്ക്കിടയ്ക്കു ജനാർദ്ദനനോടു് എതിരിടുന്നുണ്ട്.

ജനാർദ്ദനൻ തുടർന്നു.

'വിധി എന്നു പറയുന്ന ഒരു സാധനമുണ്ട് അതു് ആ മുകളിലിരിക്കുന്ന അയാളുണ്ടല്ലോ. ദൈവം തമ്പുരാൻ. അയാൾ കറക്ടായി ചെയ്തുവച്ചിട്ടുണ്ട്. അതു കഴിയുമ്പോൾ 'ടിം'.... ദാ കിടക്കുന്നു. പിന്നെ ആരു വിചാരിച്ചാലും രക്ഷയില്ല'

'വിധിയെന്നും പറഞ്ഞു് ഇയാൾ ദാ ഈ പാളയത്തുകൂടെ ഒന്നും നോക്കാതെ ഓവർസ്പീഡിലൊന്നു കാറോടിച്ചു നോക്കു.... വിധിയുണ്ടെങ്കിലല്ലേ ചാവൂ....'

സോമൻ ഒന്നടക്കി.

'അതു പറയരുതു് ദൈവത്തെ നിന്ദിക്കരുതു്—' ഒരു ജ്ഞാനിയെപ്പോലെ ജനാർദ്ദനൻ ഉപദേശിച്ചു.

'ഓ ഇയാളൊരു പുതിയ ദൈവവിശ്വാസി. ഞങ്ങളും ഈശ്വരനിൽ വിശ്വസിക്കുന്നവരാ. പക്ഷേ അദ്ദേഹം എല്ലാം കുറിച്ചുവച്ചിട്ടുണ്ടെന്നും പറഞ്ഞു് ചെയ്യാനുള്ളതു ചെയ്യാതിരുന്നാൽ മതിയോ? ഒരു മൂക്കിപ്പനി വന്നാൽ ഉടനെ വെല്ലൂർ ഹോസ്പിററലിൽ പോകുന്ന മഹാനാ ഇതു പറയുന്നതു്. കേൾക്കണോ പണ്ട് ഇയാൾക്ക് ചെറിയൊരു നെഞ്ചുവേദന. ഉടനെ സംശയം ഹൃദ്രോഗമാണോ എന്ന്. ഇവിടത്തെ ഡോക്ടറന്മാരെ ആരേം വിശ്വാസമില്ലാതെ നേരെ വെല്ലൂർക്കു പോയി. അവിടെ ചെന്നപ്പോൾ ഡോക്ടർ പറഞ്ഞു: 'ഇതൊന്നുമില്ല ജനാർദ്ദനാ വെറും വായുവിന്റെ ചെറിയൊരു ഉപദ്രവമാണെന്ന്. അന്നു താൻ വിധിയിൽ വിശ്വസിച്ചു് ഒരിടത്തു് അനങ്ങാതെ കിടക്കാഞ്ഞതെന്തു്?)'

സോമന്റെ വാചകങ്ങൾ കേട്ട് കുറച്ചുനേരം മിണ്ടാതെ മൗനം പൂണ്ടുനിന്ന ശേഷം പെട്ടെന്ന് ജനാർദ്ദനൻ സോമനെ നോക്കി ഒററ ചോദ്യം.

'ഹൃദയസ്തംഭനത്തിന് 'അഷ്ടാംഗ ഹൃദയത്തിൽ കൊടുത്തിരിക്കുന്ന പേരു് എന്തെന്നു് പറയാമോ?'

'എനിക്കറിഞ്ഞുകൂട.' സോമൻ പറഞ്ഞു.

'വേണുവിനു പറയാമോ....' ജനാർദ്ദനൻ വെല്ലുവിളിച്ചു.

'എനിക്കുമറിഞ്ഞുകൂടാ.' വേണു പുഞ്ചിരിച്ചു.

'തനിക്കറിയാമോ സുധീർകുമാറിനോടായിരുന്നു ചോദ്യം.

'ഇല്ലല്ലോ ചേട്ടാ.'

'എല്ലാവരും പരാജയം സമ്മതിക്കിൻ. എന്നിട്ട് ഇങ്ങോട്ട് നോക്കൂ....'

ജനാർദ്ദനൻ ഒരു പ്രത്യേക പോസിൽ നിന്നു. വലതുകരമുയർത്തി വിരലുകൾ ഞൊടിച്ചുകൊണ്ട് ഒററ പറച്ചിൽ.

'ഞൊടി വാതം' എന്നിട്ട് തലയുയർത്തി എല്ലാവരുടേയും മുഖത്തേയ്ക്കു് ഗമയിൽ നോക്കി

'ശരിയാണ് ഞൊടിവാതമാകാൻ സാദ്ധ്യതയുണ്ട്. ഞൊടിയിടകൊണ്ട് സംഭവിക്കുന്നതല്ലേ' വേണുനാഗവള്ളി ശരിവച്ചു.

'ഇപ്പോൾ സമ്മതിച്ചോ ജനാർദ്ദനൻ തുടർന്നു എന്റെ മഹത്വമെന്തെന്നു മനസ്സിലായോ? എന്റെ കുടുംബം ഏതെന്നറിയുമോ? ഒളശ്ശ മൂസ്സതെന്ന് കേട്ടിട്ടുണ്ടോ? അദ്ദേഹത്തിന്റെ കുടുംബത്തിലുള്ളവനാണ് ഞാൻ വൈദ്യത്തിന് പേരുകേട്ട കുടുംബം.'

'അദ്ദേഹത്തിൽ നിന്നും ഇവൻ കേട്ടുപടിച്ചതാവും അഷ്ടാംഗഹൃദയത്തിന്റെ കാര്യം.' സോമൻ ഒരു കമന്റ് പാസ്സാക്കി.

ഉടനെ ബോയ് കയറിവന്ന് ഏതോ വാങ്ങിയതിന്റെ ബില്ലും ബാക്കിതുകയും ജനാർദ്ദനനെ ഏല്പിച്ചു. ആ നടൻ ബോയിയേയും വിട്ടില്ല കാരണം രസം പിടിച്ചിരിക്കുകയാണല്ലോ.

'നിന്റെ പേരെന്താ?' ജനാർദ്ദനൻ ചോദിച്ചു.

'പീററർ' ബോയ് പറഞ്ഞു.

'ശരി ഒററ ചോദ്യം. അങ്ങോട്ടുമിങ്ങോട്ടും നോക്കാതെ എന്റെ മുഖത്തു നോക്കി ഉത്തരം പറയണം.'

'പറയാം.'

'പീററർ എന്നല്ലേ തന്റെ പേരു് അതിന്റെ മലയാളമെന്താ.'

'പത്രോസ്.'

അതു പറഞ്ഞതു് ബോയ് അല്ല. സുധീർ കുമാറാണ്. കേട്ടപ്പോൾ ജനാർദ്ദനന് ദേഷ്യം കയറി.

'ശുംഭൻ എല്ലാം നശിപ്പിച്ചു. ഞാൻ തന്നോടാണോ ചോദിച്ചതു്....' ങ്ഹാ പീററർ പോ....'

പീററർ പോയി.


പെട്ടെന്ന് ജനാർദ്ദനൻ വാതിലിനടുത്തേയ്ക്കു പാഞ്ഞു. അതു തുറന്നുകൊണ്ടു പറഞ്ഞു.

'ഞാൻ പോകുന്നു, കുട്ടികളേ ഞാൻ പോകുന്നു....ഇനിയും....കാണാം....'


'കിറുക്കൻ....'

അതു പറഞ്ഞതു് സോമനായിരുന്നു....

കണ്ടതും കേട്ടതും



എന്നെ ചിരിപ്പിച്ച രംഗം



ആലുംമൂടൻ

മലയാള സിനിമയുടെ ശൈശവകാലഘട്ടം തുടങ്ങി ഹാസ്യം പ്രേക്ഷകരിൽ വളരെയധികം സ്വാധീനം ചെലുത്തി വരുന്നു. ശോക പടങ്ങളിൽ തന്നേയും ഇടയ്ക്കിടെ ചിരിയുടെ മാലപ്പടക്കം പൊട്ടിക്കുവാൻ നമ്മുടെ നിർമ്മാതാക്കളും, സംവിധായകന്മാരും മറക്കുന്നില്ല.

ഹാസ്യം അഭിനയിക്കാൻ കഴിവുള്ള പല നല്ല നടന്മാരിലും നല്ല ക്യാരക്ടർ നടന്മാരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഹാസ്യനടന്മാരായി രംഗത്തു വന്ന് ഇടയ്ക്ക് കിട്ടുന്ന ക്യാരക്ടർ റോളുകൾ ഭാവോജ്ജ്വലമാക്കുമ്പോഴാണ് ഇവരിൽ കുടികൊള്ളുന്ന സ്വഭാവ നടനെ നാം മനസ്സിലാക്കുന്നത്.

ആലുംമൂടൻ എന്ന നടൻ ഹാസ്യനടനായിട്ടാണ് വെള്ളിത്തിരയിൽ മുഖം കാണിച്ചത്. ഇന്നും ഹാസ്യ നടൻ തന്നെയാണെങ്കിലും ഇടയ്ക്കു കിട്ടുന്ന ക്യാരക്ടർ റോളുകൾ വളരെ ഭംഗിയായി വിജയിപ്പിക്കുകയും ചെയ്യുന്നു.

ഇനി എന്നെ ഏററവും ആകർഷിച്ച ഒരു ഹാസ്യ രംഗത്തെ കുറിച്ചാണെഴുതുന്നത്.

'കടത്ത്' എന്ന മലയാള സിനിമയിൽ ആലുംമൂടൻ തുച്ഛമായ ശമ്പളം കൊണ്ട് ഒരു വലിയ കുടുംബത്തെ സംരക്ഷിക്കേണ്ട ഒരു സ്കൂൾ ശിപായിയുടെ റോളാണ് കൈകാര്യം ചെയ്തത്. പാവപ്പെട്ട ശിപായിയുടെ ദരിദ്രപൂർണ്ണമായ ജീവിതം ഒപ്പിയെടുത്ത് അഭിനയിക്കുന്നതിനിടയിൽ കാണികളെ ചിരിപ്പിക്കാനും ആലുംമൂടൻ മറന്നില്ല.

ആലുംമൂടന്റെ വീട്ടിൽ കോഴി മോഷണം പതിവായി നടന്നുവരുന്നു. മോഷ്ടാവിനെ പിടി കിട്ടുന്നുമില്ല. ഒരു ദിവസം രണ്ടും കല്പിച്ച് മോഷ്ടാവിനെ പിടിക്കാൻ അർദ്ധരാത്രിയിൽ കോഴിക്കൂടിന്റെ അരികിൽ മൂടിപ്പുതച്ച് കയ്യിൽ ഒരു വടിയുമായി മകനുമൊത്ത് പതിയിരിക്കയാണ് ആലുംമൂട്.

നിമിഷങ്ങൾ നീങ്ങിക്കൊണ്ടിരിക്കേ, കള്ളൻ പതുങ്ങി പതുങ്ങി വരുന്നു. ഇതു കണ്ട മകൻ പതുക്കെ പറഞ്ഞു:

'അച്ഛാ, അതാ വരുന്നു!'

ങേ!! ആലുംമൂടൻ ഒന്നു ഞെട്ടി കയ്യിലുള്ള വടി അമർത്തിപ്പിടിച്ച് ധൈര്യമെടുത്തുകൊണ്ടു പറഞ്ഞു;

'വരട്ടെ, വരട്ടെ,'

കള്ളൻ കൂടിനടുത്തെത്തിയപ്പോൾ മകൻ ഉല്കണ്ഠയോടെ പറഞ്ഞു.

'അച്ഛാ, എത്തി, എത്തി,'

ആലുംമൂടൻ പുതപ്പിനുള്ളിലേയ്ക്ക് വലിഞ്ഞുകൊണ്ടു പറഞ്ഞു:

'എത്തട്ടെ, എത്തട്ടെ'

കള്ളൻ കൂട്ടിൽ കയറി കോഴിയെ പിടിക്കുമ്പോൾ മകൻ വീണ്ടും പറഞ്ഞു:

'അച്ഛാ, പിടിക്കുന്നു, പിടിക്കുന്നു'

ഇതു കേൾക്കേണ്ട താമസം അയാൾ കണ്ണു മിഴിച്ച് ആ ഭാഗത്തേയ്ക്ക് നോക്കി ശ്വാസം വിടാതെ പറഞ്ഞു:

'പിടിക്കട്ടെ, പിടിക്കട്ടെ'

കള്ളൻ കോഴിയേയും കൊണ്ട് പോകുന്നതു കണ്ട മകൻ അച്ഛൻ ഇപ്പോഴെങ്കിലും കള്ളനെ പിടിക്കുമെന്ന ധാരണയിൽ പറഞ്ഞു.


'അച്ഛാ, കൊണ്ടുപോകുന്നു, കൊണ്ടു പോകുന്നു'


ഇതു കേട്ട മാത്രയിൽ ശ്വാസം നേരെ വീണ ആലുംമൂട്:

'കൊണ്ടു പോകട്ടെ, കൊണ്ടു പോട്ടെ'

'കൊണ്ടു പോയി തിന്നോട്ടടാ. കാലമാടന്മാര്' എന്നും പറഞ്ഞ് മകന്റെ കയ്യും പിടിച്ച് വന്ന വഴിക്ക് തിരിച്ചു പോകുന്ന രംഗം കണ്ട് പൊട്ടിച്ചിരിച്ചുപോയി. കള്ളനെ പിടിക്കാൻ വന്ന ധൈര്യശാലിയുടെ ഈ രംഗം മുഖത്തെ ഭാവചലനങ്ങൾ കൊണ്ടും സംഭാഷണ ചാതുര്യം കൊണ്ടും കാണികളിൽ ചിരിയുടെ അമിട്ടിന് തീ കൊളുത്തി ആലുംമൂടൻ.

—ജോൺ കടലുണ്ടി







ഗോപി
ഫോട്ടോ: കൃഷ്ണൻകുട്ടി





നാന
സിനിമാവാരിക



രാജ്കുമാൾ
ഫോട്ടോ: ജോയ്, ആലുവ





ക്യാമ്പസ് [illegible] സിനിമ

താറാവ്

വളരെ പ്രതീക്ഷയോടെ ആയിരുന്നു. 'താറാവ്' എന്ന സിനിമ കണ്ടത്. മനസ്സിന്റെ അഗാധതയിൽ ഒരു നനുത്ത കിനാവ് പോലെ അമ്മാനമാടുന്ന ഒരു കഥ. ടാഗോർ അവാർഡിനർഹമായ ഈ ശക്തമായ മോഹനന്റെ കഥയെ, ദൃശ്യമാദ്ധ്യമത്തിലൂടെ കല്ലൂർ ഡെന്നീസും, ജേസിയും രൂപാന്തരം പ്രാപിപ്പിച്ചപ്പോൾ അശക്തമായി മധുവിന്റെ പല രംഗങ്ങളും കരയുകയോ? ചിരിക്കുകയോ? എന്നു തീരുമാനിക്കാൻ വയ്യ. 'ഇതാ ഇവിടെവരെ'യിലെ പൈലിയെപ്പോലെ തിരശ്ശീല കിടുകിടെ വിറപ്പിക്കും എന്ന പ്രതീക്ഷ തെറ്റി. മാളാ അരവിന്ദന്റെ അറപ്പുളവാക്കുന്ന ഹാസ്യം ഈ ചിത്രത്തിന്റെ ഒരു പ്രത്യേകതയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? പൊതുവെ ക്യാമറ നന്നായിട്ടുണ്ട് അത്രമാത്രം. ഒരു നല്ലൊരു നോവലിന്റെ പതനത്തെക്കുറിച്ച് ഖേദം പ്രകടിപ്പിക്കട്ടേ....?

വിനയകുമാർ കെ,
എക്സലൻറൽ കോളേജ്
പി. ഒ. ചൊക്ലി, നിടുമ്പ്രം

അമ്മയ്ക്കൊരുമ്മയെപ്പററി

സംവിധായകൻ തന്റെ മുമ്പിലത്തെ പടമായ മുന്നേററത്തേക്കാൾ ഒരു പടി കൂടി മുമ്പോട്ട് കുതിച്ചിരിക്കുന്നു.

സറീനയും രതീഷും മത്സരിച്ചഭിനയിച്ചിരിക്കുന്നു' രതീഷ് നമ്മുടെ ചലച്ചിത്രലോകത്തിലെ ഒരു വാഗ്ദാനമാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു. ജഗതി ശ്രീകുമാർ സീരിയസ് റോളിൽ ഇദ്ദേഹം കോമേഡിയനായി മാറുന്നു. മാസ്റ്റർ രാജകുമാരൻതമ്പി കൊള്ളാം—പക്ഷേ ഒരു ഏയ്ജഡ് ലുക്ക്. ഗാനങ്ങൾ കൊള്ളാം. കുടുംബസമേതം കാണാൻ കൊള്ളാവുന്ന 81—ലെ ഒരു ചിത്രം എന്നു അമ്മയ്ക്കൊരുമ്മയേ വിശേഷിപ്പിക്കാം.

ജീവൻ എസ്.,
മഹാരാജാസ് കോളേജ്
എറണാകുളം

അമ്മയ്ക്കൊരുമ്മ

ഈയിടെ ഇറങ്ങിയ ചിത്രങ്ങളിൽ കുടുംബസമേതം കാണാൻ കൊള്ളാവുന്ന ഒരു ചിത്രമാണ് ശ്രീകുമാരൻതമ്പി സംവിധാനം ചെയ്ത 'അമ്മയ്ക്കൊരുമ്മ'. നായകനായ 'രതീഷ്' ശ്രദ്ധേയമായ അഭിനയം കാഴ്ചവെച്ചു. സറീനവഹാബ് മോശമല്ല. ജഗതിയുടെ ഐ. പി. എസ്. ഉദ്യോഗസ്ഥൻ നന്നായി. ഗാനങ്ങൾ ശ്രവണസുന്ദരമാണ്. എല്ലാംകൊണ്ടും ഒരുവിധം നല്ല പടമാണ് 'അമ്മയ്ക്കൊരുമ്മ'

പ്രശോബ് തോമസ്,
സെൻറ് തോമസ് കോളജ്
കോഴഞ്ചേരി

അഹിംസ

മൂന്നു മണിക്കൂർ ബോറടിപ്പിക്കുന്ന ഒരു മൂന്നാംകിട ചിത്രമാണ് ഐ. വി. ശശി സംവിധാനം ചെയ്ത 'അഹിംസ' സുകുമാരന്റെ ഡയലോഗുകൾ ബോറടിപ്പിക്കുന്നതാണ്. സീമ കൊള്ളാം. അഭിനയത്തിൽ മികച്ചു നില്ക്കുന്നത് ബാലൻ കെ. നായർ ആണ്. രതീഷ് തീരെ ബോറാണ്. തീയേറററിൽ കൂവൽ ഉണ്ടാകുവാനുള്ള 'മസാലകൾ' ഐ. വി. ശശി തിരുകിക്കയററിയിട്ടുണ്ട്.

സുരേഷ്ബാബു,
സോഫിയാ ആർട്ട്സ് കോളേജ്
വൈക്കം

താറാവ്

കെട്ടുറപ്പുള്ള ഒരു കഥ, അതിന്റെ ചൈതന്യം അല്പം പോലും നഷ്ടപ്പെടാതെ ജേസി അവതരിപ്പിച്ചിരിക്കുന്നു. സത്യന്റെ ശേഷം കേരളം കണ്ട ഏററവും കരുത്തനായ നടനായ മധുവിന്റെ 'ചേന്നൻ' ആണ് ഇതിലെ ശക്തനായ കഥാപാത്രം. മാള അരവിന്ദന്റെ 'പങ്കി'യും, ശ്രീവിദ്യയുടെ 'കാക്കമ്മ'യും ശുഭയുടെ 'നീലിയും' മികച്ചു നില്ക്കുന്നു. കല്ലൂരിന്റെ സംഭാഷണങ്ങളും, രാമചന്ദ്രമേനോന്റെ ഛായാഗ്രഹണവും മോശമായില്ല. യേശുദാസ് സംഗീതം പകർന്നു, പാടിയ 'തക്കിടിമുണ്ടൻ താറാവ്....' എന്ന ഗാനം മനോഹരമായി.

ശ്രീകുമാർ ബി.
ഘൗസിയാ എൻജിനീയറിംഗ് കോളേജ്
ബാംഗ്ലൂർ

അമ്മയ്ക്കൊരുമ്മ

ശ്രീകുമാരൻതമ്പി രചിച്ച് സംവിധാനം ചെയ്തവതരിപ്പിക്കുന്ന അമ്മയ്ക്കൊരുമ്മ ഒരു മികച്ച ചിത്രമാണ്. രതീഷും സറീനാവഹാബും വളരെ ഭംഗിയായി അഭിനയിച്ചു. മലയാള സിനിമയ്ക്ക് ഒരു കൊച്ചു കലാകാരനുംകൂടി വരുന്നു അതാണ് രാജകുമാരൻതമ്പി. അല്പം റോള മാത്രമെ ഹരി കൈകാര്യം ചെയ്തിരുന്നുള്ളു അതു വളരെ ഭംഗിയായായിരുന്നു. ഏതു റോളും വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കാൻകഴിയുമെന്ന് ജഗതിശ്രീകുമാർ എന്ന ഐ. പി. എസ്. ഉദ്യോഗസ്ഥൻ ഈ ചിത്രത്തിലൂടെ തെളിയിച്ചിരിക്കുന്നു. കുടുംബസമേതം കാണാൻ കൊള്ളാവുന്ന ഒരു ചിത്രമാണിത്. കല നല്ലതുപോലെ അഭിനയിച്ചു.

ബിജുകുമാർ
എസ്. എൻ. കോളേജ്
കൊല്ലം

താറാവ്

ജേസി സംവിധാനം ചെയ്ത താറാവ് ഒരു പുതുമയുള്ള കഥയാണ്. അഭിനയത്തിൽ മധുവിന്റെ ചേന്നനും സുകുമാരിയുടെ കാളിയും മാള അരവിന്ദന്റെ പങ്കിയും മുന്നിട്ടു നില്ക്കുന്നു. മററു താരങ്ങൾ അവരുടെ കഥാപാത്രങ്ങളോട് നീതി പുലത്തിയിരിക്കുന്നു. ഗാനങ്ങൾ തരക്കേടില്ല.

വായനക്കാരുടെ പേജ്

ഇത്ര ധിക്കാരമോ

നാനാ പത്രാധിപർക്ക്,

കഴിഞ്ഞ ആഴ്ചത്തെ നാനയിൽ കമലഹാസൻെറ ഒരു ലേഖനമുണ്ടായിരുന്നു. നസീറിനും മധുവിനും അഭിനയിക്കാൻ കഴിവില്ല.' അഖിലേന്ത്യാ തലത്തിൽ അറിയപ്പെടുന്ന ഒരു യുവനടനാണല്ലോ കമലഹാസൻ. അദ്ദേഹത്തിന് കഴിവുണ്ട്, സമ്മതിക്കുന്നു. പക്ഷെ നസീറിനും മധുവിനും അഭിനയമറിയില്ല എന്ന് പറയുന്നത് ഏത അടിസ്ഥാനത്തിലാണെന്ന് വിശദീകരിച്ചാൽ കൊള്ളാം. അല്ലാതെ വസ്തുനിഷ്ഠമല്ലാത്ത രീതിയിൽ പ്രവചിക്കുന്നത് സ്ഥിരം വായനക്കാരനായ എനിക്ക് സമ്മതിക്കുവാൻ നിവൃത്തിയില്ല. ഓരോ വ്യക്തിക്കും അവരുടെ ജീവിതത്തിൽ ഓരോ നല്ല കാലമുണ്ട്. കമലഹാസന് ഇപ്പോൾ നല്ല കാലമായിരിക്കും. പക്ഷെ അഹംഭാവത്രപത്തിലുള്ള ഇത്തരം പ്രസ്താവനയിറക്കുന്നത് വായിക്കുമ്പോൾ ഖേദം തോന്നുന്നു. നിത്യവസന്തം പ്രേംനസീർ, ഭാവാഭിനയ ചക്രവർത്തി മധു എന്നത് സിനിമാപ്രേമികളെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഈ പ്രസ്താവനയിറക്കിയതിൻെറ പേരിൽ കമലഹാസനോടുള്ള എൻെറ ആദരവ് കുറഞ്ഞു. ഇനിയെങ്കിലും ഇതു നിർത്തി സ്വന്തം കാര്യം ഭംഗിയായി നിർവ്വഹിക്കുക.


എന്ന്

ബാലകൃഷ്ണൻ


പ്രസ് റിലീസ്

ഇന്ത്യൻ ചിത്രങ്ങളുടെ വിതരണാവകാശം ഏറ്റെടുക്കാൻ ആഗ്രഹമുള്ളതായി അമേരിക്കയിലെ ഒരു പ്രമുഖകമ്പനി അറിയിച്ചിട്ടുണ്ട്. എട്ടുവർഷംവരെ പഴക്കമുള്ള മഴനീളവർണ്ണമുള്ള ചിത്രങ്ങളുടെ വീഡിയോ കാസററ് വീഡിയോ ഡിസ്ക് വിതരണാവകാശമാണ് അവർക്കാവശ്യം. താല്പര്യമുള്ള മലയാള ചലച്ചിത്ര നിർമ്മാതാക്കൾ കിട്ടേണ്ട വിലയുൾപ്പെടെയുള്ള വിശദവിവരങ്ങൾ കാണിച്ച് മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേററ് ഫിലിം ഡവലപ്പ്മെൻററ് കോർപ്പറേഷൻ കോട്ടൺ ഹിൽ, തിരുവനന്തപുരം—14 എന്ന വിലാസത്തിൽ എഴുതുക.


സന്തോഷ് ട്രോഫി സിനിമയിൽ!
കിക്ക് ഓഫ്!
സെറ്റിൽ മദ്യപിച്ചു കൊണ്ടു വന്ന സുമലതയെ പ്രേംനസീർ തന്റെ ചില ചിത്രങ്ങളിൽ നിന്നൊഴിവാക്കി— കാൽക്കത്താ വീക്കിലി.
BUS STOP
മലയാളത്തിൽ ഒരു രണ്ടാം കല്യാണം കൂടി!
കൊള്ളാവുന്ന റോൾ കിട്ടുകയാണെങ്കിൽ മലയാളത്തിൽ തുടർന്നഭിനയിക്കും — സുജാത
വരുവിൻ, കാണുവിൻ സഹകരിപ്പിൻ..
നല്ല ചിത്രങ്ങളുണ്ടാകാൻ പ്രേക്ഷകർ സഹകരിക്കണമെന്ന് ബാലൻ. കെ. നായർ
ശ്ശോ... നാണക്കേട്! വിരലില്ല!
ശശിയുടെയും ഭരതന്റെയും ചിത്രങ്ങൾ പരാജയപ്പെട്ടു (കൈയില്ലാത്തവൻ വിരലില്ലാത്തവനെ...) — ജയൻ
ഗ്രഹണം
കഴിഞ്ഞൊ—
നടൻ സുകുമാരൻ ധനസഹായം നൽകി തുടങ്ങുന്ന സിനിമാ പത്രത്തിന്റെ പത്രാധിപർ, അദ്ദേഹത്തിന്റെ പങ്ക് നിഷേധിച്ചിരിക്കുന്നു —വാർത്ത
— പത്രാധിപർ വെമ്പാല
HARI



സുനിതാ മൂവി ആർട്സ്
അവതരിപ്പിക്കുന്ന
റൂബി
ഈസ്റ്റ്മെൻ കളർ
മൈ ഡാർലിംഗ്
കഥ_തിരക്കഥ_സംവിധാനം
ദുരൈ
സംഗീതം
ടി. രാജേന്ദർ M.A.,



ജയദേവൻ

ജയദേവനെ ഓർക്കുന്നില്ലേ— ഒരിടത്തൊരു ഫയൽമാൻ എന്ന ചിത്രത്തിലെ തവളക്കാൽ വ്യാപാരിയായ ജോബിനെ. കാണികൾക്കിടയിൽ നല്ല അഭിപ്രായം ഉണ്ടാക്കാൻ തവളക്കാൽ വ്യാപാരിയായ ജോബിനു കഴിഞ്ഞു. സിനിമാരംഗത്തു് ഏററവും പുതിയ മുഖങ്ങളിൽ ഒന്നാണു് ജയദേവൻ.

ശാസ്താംകോട്ട കോളേജിൽ നിന്നും ബി കോമിൽ ബിരുദം നേടിയ ജയദേവൻ അമച്വർ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്. ഒരു പാട്ടുകാരനായിത്തീരുക എന്നതായിരുന്നു ആഗ്രഹം. സംഗീതത്തോടൊപ്പം നൃത്തവും മൃദംഗവും ജയദേവൻ അഭ്യസിച്ചു. കലയോടുള്ള അടങ്ങാത്ത അഭിനിവേശം കൊണ്ടു് മദ്രാസ്സിലേയ്ക്കു വണ്ടി കയറി. 2 വർഷത്തോളം മദ്രാസ്സിൽ കറങ്ങി. എന്നാൽ പരിചയമുള്ള പലരും അപരിചിതത്വം നടിച്ചു. സഹായിക്കാമെന്നു പറഞ്ഞവർ അക്കാര്യം മറന്നു. അതുകൊണ്ടൊന്നും ജയദേവൻ നിരാശനായില്ല. ജയദേവനു് കൈമുതലായുണ്ടായിരുന്ന മനോധൈര്യം അയാളെ പിടിച്ചു. എന്തു സഹിച്ചാലും ഈ രംഗത്തു് ആരെങ്കിലും ആകണമെന്ന ആഗ്രഹം അയാളെ കൂടുതൽ കർമ്മോന്മുഖതയിലേയ്ക്കു നയിച്ചു.

ഒരു ഗായകനാകാൻ തനിക്കവസരം കിട്ടുകയില്ലെന്നുറപ്പായപ്പോൾ സംവിധായകന്റെ മേലങ്കി അണിയാൻ തീരുമാനിച്ചു. മൂന്നു സംവിധായകരുടെ സഹസംവിധായകനായി ചേർന്നു. ഇതിനിടയിലാണു് ശ്രീ. പത്മരാജനുമായി ജയദേവൻ ബന്ധപ്പെട്ടതു്. സാധാരണ സിനിമാക്കാരിൽ നിന്നും വളരെയേറെ വ്യത്യസ്തത നിറഞ്ഞ പെരുമാററവും സ്നേഹവുമായിരുന്നു പത്മരാജനിൽ നിന്നും കിട്ടിയതെന്നു് ജയദേവൻ പറഞ്ഞു. എല്ലാവരേയും ഒരുപോലെ കണക്കാക്കുന്ന സംവിധായകനാണു് പത്മരാജൻ. കള്ളൻ പവിത്രൻ, ഒരിടത്തു് ഒരു ഫയൽമാൻ എന്നീ ചിത്രങ്ങളിൽ പത്മരാജന്റെ സഹായിയായി പ്രവർത്തിച്ച ജയദേവനെ അഭിനയരംഗത്തേയ്ക്കു കൊണ്ടുവന്നതും പത്മരാജനായിരുന്നു. ഒരിടത്തൊരു ഫയൽമാന്റെ നിർമ്മാണവേളയിൽ പത്മരാജൻ ചോദിച്ചു: 'അഭിനയിച്ചുകൂടെ' എന്നു്. താല്പര്യമുണ്ടു്. എന്നാൽ മററുള്ളവരുടെ അടുത്തു നിന്നുണ്ടായ അനുഭവങ്ങൾ തന്നെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നു എന്നു പറഞ്ഞു. അങ്ങിനെയാണു് ഒരിടത്തൊരു ഫയൽമാനിൽ അഭിനയിച്ചതു്

അഭിനയിക്കാൻ താല്പര്യമുണ്ടെങ്കിലും ഒരു അവസരത്തിനു വേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഓർക്കുമ്പോൾ ആ രംഗത്തു് ആരുമാകണ്ടാ എന്നു തോന്നുന്നു. ഏതു രംഗത്തായാലും കഴിവു മാത്രം ഉണ്ടായാൽ പോരാ അതിനുള്ള സാഹചര്യങ്ങളും ധാരാളമായുണ്ടാകണം. സിനിമാരംഗത്തു് പലരും പല വാഗ്ദാനങ്ങളും തനിക്കു നൽകിയിട്ടുണ്ടെന്നും എന്നാൽ അതെല്ലാം അവർ അപ്പപ്പോൾ മറന്നെന്നും ജയദേവൻ പറഞ്ഞു. യാതൊരുവിധ വാഗ്ദാനങ്ങൾക്കു വിലയില്ലാത്ത, ആത്മാർത്ഥത ഇല്ലാത്ത ഒരു രംഗമാണു് സിനിമാലോകം.

സംവിധായകൻ ആകാൻ ആഗ്രഹിക്കുന്ന ജയദേവൻ സിനിമയെക്കുറിച്ചു് കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നു. നല്ലവണ്ണം പഠിച്ചവർക്കേ ഈ രംഗത്തു് എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്നു വിശ്വസിക്കുന്നു. രണ്ടു മൂന്നു ചിത്രങ്ങളിൽ സഹസംവിധായകനായി പ്രവർത്തിച്ചതുകൊണ്ടു് മാത്രം ഒരാൾ സംവിധായകനാകണമെന്നില്ല.

അഭിനയവും സംവിധാനവും ഒരുമിച്ചു കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന ജയദേവനു് കഴിവുകൾ പ്രകടിപ്പിക്കാനുള്ള റോളുകൾ ആഗ്രഹിക്കുന്നു; അതെത്ര വലുതായാലും ചെറുതായാലും.

കൂടുതൽ അവസരത്തിനുവേണ്ടി കാത്തിരിക്കുന്ന വിദ്യാസമ്പന്നനായ ഈ ഇരുപതി ഏഴുകാരൻ തിരുവനന്തപുരത്തു് ദേശബന്ധു പബ്ലിക്കേഷൻ നടത്തുന്നു.

—പല്ലിശ്ശേരി

ബി. പ്രഭകുമാർ



ഇക്കഴിഞ്ഞ കേരളാ യൂണിവേഴ്സിററി സൗത്തു സോണൽ യൂത്തു ഫെസ്റ്റിവലിൽ മോണോ ആക്ടിനും മിമിക്രിക്കും യൂണിവേഴ്സിററി അംഗീകാരം നേടിയ ബി. പ്രഭകുമാർ കൊല്ലം എസ്. എൻ. കോളേജിലെ ഫൈനൽ ഇയർ ബി. ഏ. വിദ്യാർത്ഥിയാണു്. കൂടാതെ വൈസ്മെൻസ് ലയൺസ് ക്ലബ്ബ് തുടങ്ങിയ വിവിധ സംഘടനകളും നിരവധി സമ്മാനങ്ങളും ഈ വിദ്യാർത്ഥി കരസ്ഥമാക്കിയിട്ടുണ്ടു്. വിനീതൻ പത്രാധിപർ വെണ്ടർ ഭാസ്കരൻപിള്ളയുടെ പുത്രനും കൂടിയാണു്.



അരങ്ങിലെ ഒരാൾ

തിയൊരു ലോകത്തേയ്ക്കു പ്രവേശിച്ചിരിക്കുന്നു. സെല്ലുലോയിഡിൽ, രൂപം നൽകുന്ന വ്യത്യസ്ത കഥാപാത്രങ്ങളിലൂടെ കരുത്തുറ്റൊരു ചലച്ചിത്ര നടൻ, ഉദയം ചെയ്യുകയാണ്.

കലയുടെ തുടികൊട്ടൽ സദാ ഉയർന്നിരുന്ന ഒരു പശ്ചാത്തലത്തിലാണ് അരവിന്ദാക്ഷമേനോൻ ജനിച്ചതും വളർന്നതും. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാന്റെ നേരെ അമ്മാവനായ കൊടുങ്ങല്ലൂർ വലിയതമ്പുരാന്റെ മകളുടെ മകനായ വടശ്ശേരി തൈപ്പറമ്പിൽ അരവിന്ദാക്ഷന്, കല ജന്മസിദ്ധമായ ഒരു സിദ്ധിയാവാതെ തരമില്ലല്ലോ. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ പ്രകാശം നിറഞ്ഞ അകത്തളങ്ങളിലും, നടുമുറ്റത്തും ഓടിച്ചാടി നടക്കുമ്പോൾ, ആ



വി. ടി. അരവിന്ദാക്ഷമേനോൻ

അരങ്ങിലെ അതികായനാണ്. വി. ടി. അരവിന്ദാക്ഷമേനോൻ. നാട്യകലയുടെ സമ്മോഹന മുഹൂർത്തങ്ങൾ കൊണ്ട്, പ്രേക്ഷകന്റെ കണ്ണും കാതും, പിന്നെ ഹൃദയവും ഞൊടിയിടകൊണ്ട് കീഴടക്കുവാൻ ഈ സ്റ്റേജ് നടന് കഴിയും. അഭിനയത്തിൽ ഇദ്ദേഹം നേടിയെടുത്തിരിക്കുന്ന കൈത്തഴക്കവും, സാമർത്ഥ്യവും അത്ര ശ്രദ്ധേയമാണ്. നിമിഷങ്ങൾകൊണ്ടുദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ഭാവചലനങ്ങളിലൂടെയും, ശബ്ദത്തിന്റെ ശ്രദ്ധാപൂർവ്വകമായ ആരോഹണാവരോഹണത്തിലൂടെയും, ഈ നടൻ, അരങ്ങിലെ അരണ്ടവെളിച്ചത്തിൽ കഥാപാത്രമായി മാറുമ്പോൾ, വി. ടി അരവിന്ദാക്ഷമേനോൻ എന്ന വ്യക്തി നമ്മുടെ ബോധതലത്തിൽ നിന്നു അപ്രത്യക്ഷനാകും, പകരം പുതിയൊരസ്തിത്വം നേടിയ, ഒരു പുത്തൻ മനുഷ്യൻ ജന്മം കൊള്ളും. അസാധാരണ സിദ്ധിവൈഭവം കൊണ്ട്, നാട്യകലയുടെ കുണ്ഡലിനീശക്തിയെ ഉണർത്തിയ, യഥാർത്ഥ കലാകാരന്മാത്രം സാധിക്കുന്ന ഒരു ശക്തിവിശേഷമാണത്" വി. ടി. അരവിന്ദാക്ഷമേനോൻ എന്ന അഭിനേതാവ്, അത്യപൂർവ്വമായ ആ സിദ്ധി സ്വായത്തമാക്കിയ കലാകാരനാണ്. അരങ്ങിലെ രോമാഞ്ചമായ അരവിന്ദാക്ഷമേനോന്റെ അഭിനയ പ്രതിഭ, സ്റ്റേജും കടന്ന്, നാട്യകലയുടെ പു

ബാല്യം കേട്ടതു കലയുടെ ചിലമ്പൊലികൾ മാത്രമായിരുന്നു. ചരിത്രത്തിന്റെ വീഥിയിൽ, ഒരു വിളിപ്പാടകലെ മറഞ്ഞു കഴിഞ്ഞ ഒരു വ്യവസ്ഥിതിയുടെ അവസാന നാളുകൾ. ഗതകാല സ്മൃതികളിൽ, കല സർവ്വാഭരണ വിഭൂഷിതയായി നടനമാടുന്ന നല്ല നാളുകൾ. കോവിലകം വിവിധകലകളുടെ വേദിയായിരുന്നു. നടുമുറ്റത്തു, സന്ധ്യചായം പൂശുന്നതോടെ കേളികെട്ടുയരുകയായി. കത്തിച്ചുവച്ച നിലവിളക്കിനു മുന്നിലരങ്ങേറുന്ന കഥകളി പുകൾപെററ നടന്മാർ, കൈമുദ്രകളിലൂടെയും, ഇമചലനങ്ങളിലൂടെയും ഇതൾവിടർത്തുന്ന വികാരപ്രപഞ്ചം ഇടയ്ക്കിടേയും, ചേ

ങ്ങിലയുടേയും, മദ്ദളത്തിന്റെയും ചെണ്ടയുടേയും താളമേളങ്ങൾ. രൗദ്രവും, ബീഭത്സവും ശൃംഗാരവുമെല്ലാം ഞൊടിയിടകൊണ്ട് മിന്നിമറയുകയാണ്. ഉറക്കം മറന്ന കണ്ണുകളോടെ, കടമ്മ വച്ച കാരണവന്മാർക്കൊപ്പം, ജിജ്ഞാസയോടെ അവ കണ്ടു. കേട്ടു. അങ്ങിനെ കലയുടെ ആദ്യക്ഷരമറിഞ്ഞു. കോവിലകത്തെന്നും ഏതെങ്കിലും കലകളരങ്ങേറുന്നുണ്ടാവും. ഒരു ദിവസം കഥകളി അടുത്തദിവസം സംഗീതകച്ചേരി. അതും മറുദേശങ്ങളിൽനിന്ന്, മൈലുകൾ കടന്നെത്തുന്ന, കേൾവികേട്ട വിദ്വാന്മാരുടെ കച്ചേരികൾ. സംഗീത സാഗരത്തിന്റെ അഗാധതയിലിറങ്ങി മുത്തുകൾ വാരിയ ആ സംഗീത വിദ്വാന്മാരിലൂടെ, നാദത്തിന്റെ മണിയൊച്ച കേട്ടു. സംഗീതമെന്തെന്നറിഞ്ഞു. വി. ടി. അരവിന്ദാക്ഷമേനോൻ എന്ന കലാകാരന്റെ ഉദയം ഈ പശ്ചാത്തലത്തിലായിരുന്നു.

അസുലഭമായ ഈ കലാപൈതൃകം അരവിന്ദാക്ഷമേനോനെ മററുള്ളവരിൽ നിന്നു വേർതിരിക്കുന്നു. (സാഹിത്യകാരനായ വി. ടി. നന്ദകുമാറും ചരിത്രഗവേഷകനായ വി. ടി. ഇന്ദുചൂഡനും, അരവിന്ദാക്ഷമേനോന്റെ അനന്തിരവന്മാരാണ്. പ്രമുഖ കവിയായ പി. ഭാസ്കരൻ അമ്മാവന്റെ മകളുടെ മകനും) സിദ്ധികൾ സാധാരണമല്ലാത്ത പരിവേഷവും നൽകുന്നു. ശാസ്ത്രീയ സംഗീതത്തിൽ പ്രത്യേകിച്ച് കർണ്ണാടക സംഗീതത്തിൽ, ഉന്നതമായ പരിജ്ഞാനം നേടിയിട്ടുണ്ട് ഈ നടൻ. ജീവിതത്തിൽ ഒരു സംഗീതജ്ഞനാകാൻ കൊതിച്ച അരവിന്ദാക്ഷമേനോൻ ആദ്യകാലങ്ങളിൽ ധാരാളം കച്ചേരികൾ നടത്തിയിട്ടുണ്ട് പ്രശസ്തരായ സംഗീതകാരന്മാരിൽ നിന്നാണ് ശാസ്ത്രീയാഭ്യസനം നിർവ്വഹിച്ചത്. അദ്ദേഹം പറഞ്ഞു 'സംഗീതം ഇന്നുമെന്റെ ദൗർബ്ബല്യമാണ്. ആവേശവും. തരപ്പെടുമെങ്കിൽ എവിടെ സംഗീതകച്ചേരിയുണ്ടെങ്കിലും ഞാൻ പാഞ്ഞെത്തും. സംഗീതം എന്റെ ആത്മാവിന്റെ ഭാഗമാണ്.'



ചാലക്കുടി തിയേറററേഴ്സിന്റെയും ഓച്ചിറ പരബ്രഹ്മോദയം കലാസമിതിയുടെയും നാടകങ്ങളിലൂടെയാണ് അരവിന്ദാക്ഷമേനോൻ ഒരു നടനായിത്തീർന്നത്. കെടാമംഗലം പപ്പുക്കുട്ടി എഴുതിയ 'ബാങ്കർ' ആയിരുന്നു വേഷമിട്ട ആദ്യനാടകം.

കലാനിലയം, യൂണിവേഴ്സൽ, ഉപാസനാ തിയേറേറഴ്സ് തുടങ്ങി കേരളത്തിലെ പ്രമുഖ പ്രൊഫഷണൽ നാടക സംഘങ്ങളിൽ ദീർഘനാൾ അഭിനയിച്ചിട്ടുള്ള അരവിന്ദമേനോൻ, സമ്പന്നമായ ഒരു കലാജീവിതത്തിനുടമയാണ്. അഭിനയം ജീവിതസപര്യയാക്കി മാററിയ അദ്ദേഹത്തിന്റെ പല വേഷങ്ങളും ജനഹൃദയങ്ങളിൽ ഇന്നും നിറഞ്ഞുനില്ക്കുന്നുണ്ട്. 'കായംകുളം കൊച്ചുണ്ണി'യിലെ കൊച്ചുണ്ണി ഇക്കൂട്ടത്തിൽ പ്രധാനമാണ്. അരങ്ങിൽ കൊച്ചുണ്ണിക്കു ജീവൻ നൽകിയതിന് കേരള സംസ്ഥാന ഗവണ്മെൻറിന്റെ ഏററവും നല്ല നടനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.

നാടകരംഗത്തു നിന്ന് സിനിമയിലേയ്ക്കു കടന്ന അരവിന്ദാക്ഷമേനോനെ ഒരു ചലച്ചിത്രാഭിനേതാവെന്ന നിലയിൽ ഇപ്പോഴാണ് കൂടുതൽ ശ്രദ്ധിക്കപ്പെട്ടതെങ്കിലും, വർഷങ്ങൾക്കു മുൻപു തന്നെ അദ്ദേഹം സിനിമാ രംഗവുമായി ബന്ധപ്പെട്ടിരുന്നു. തിക്കുറിശ്ശിയുടെ 'സ്ത്രീ'യിലൂടെയാണ് അരവിന്ദാക്ഷ മേനോൻ ഒരു ചലച്ചിത്ര നടനായി അരങ്ങേററം നടത്തിയത്. തുടർന്ന് ഇന്ദുലേഖ, ധർമ്മശാസ്താ എന്നീ ചിത്രങ്ങളിലുമഭിനയിച്ചു. അരങ്ങിൽ നിന്നു നേടിയ കരുത്തുമായെത്തിയ അദ്ദേഹത്തിന്, തുടർന്നും ചലച്ചിത്രങ്ങളിലഭിനയിച്ചിരുന്നുവെങ്കിൽ വളരെ എളുപ്പം ഈ രംഗത്തു ചുവടുറപ്പിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ നാടകം അസ്തിത്വത്തിന്റെ തന്നെ ഭാഗമായി മാറിയ അരവിന്ദാക്ഷ മേനോന് തന്റെ പ്രിയപ്പെട്ട രംഗമുപേക്ഷിച്ചു പോകാൻ മനസ്സുവന്നില്ല. അങ്ങിനെയാണ് തുടർന്നു ചലച്ചിത്രങ്ങളിലഭിനയിക്കാതിരുന്നത്.


ഒരു നീണ്ട ഇടവേളയ്ക്കു ശേഷം അരവിന്ദാക്ഷ മേനോൻ ചലച്ചിത്ര രംഗത്തേയ്ക്കു വീണ്ടും മടങ്ങിവന്നിരിക്കുന്നു. ഇത്തവണ ഈ രംഗത്തുതന്നെ ഉറച്ചുനില്ക്കാനാണു തീരുമാനമെന്ന് അദ്ദേഹം പറഞ്ഞു.

കാട്ടുകള്ളൻ, വളർത്തുമൃഗങ്ങൾ, ശ്രീമാൻ ശ്രീമതി, പാട്ട, പൂച്ചസന്യാസി, സംസ്കാരം, ബലൂൺ തുടങ്ങി അനവധി ചിത്രങ്ങളിൽ അരവിന്ദാക്ഷ മേനോൻ അഭിനയപ്രധാനമായ വേഷങ്ങളിൽ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. പുറത്തിറങ്ങാനിരിക്കുന്ന വളരെ ചിത്രങ്ങളിലദ്ദേഹം നല്ല റോളുകളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഹരിഹരന്റെ 'വെള്ളവും', എം. ടി.യുടെ 'വാരിക്കുഴി'യും തന്നെ കൂടുതൽ ശ്രദ്ധേയനാക്കുമെന്ന് അരവിന്ദാക്ഷമേനോൻ വിശ്വസിക്കുന്നു. പ്രത്യേകിച്ച് വാരിക്കുഴിയിലെ അഡ്വക്കേററിന്റെ റോൾ.

പ്രൊഫഷണൽ നാടകരംഗത്തു നിന്ന് വിടപറഞ്ഞ് ചലച്ചിത്ര വേദിയിൽ മുഴുവൻ ശ്രദ്ധയും വിനിയോഗിക്കുകയാണെങ്കിലും, അരവിന്ദാക്ഷമേനോന്റെ ഉള്ളിൽ നാടകത്തോടുള്ള അഭിനിവേശം. കെട്ടടങ്ങാത്ത ഒരു വികാരമാണ്. അദ്ദേഹം പറഞ്ഞു: 'യഥാർത്ഥ അഭിനയം നാടകത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നു. ശാസ്ത്രീയവും ക്രമബദ്ധവുമായ നാട്യകല, സിനിമയെക്കാളധികം നാടകത്തിലാണ് കാണാൻ കഴിയുക. മേക്കപ്പണിഞ്ഞ് അരങ്ങിലെത്തുന്ന നിമിഷങ്ങളിലാണ്, ഒരഭിനേതാവെന്ന നിലയിൽ ഞാൻ പൂർണ്ണ സംതൃപ്തി നേടുന്നത്. അവിടെ ഞാൻ സ്വയം മറക്കും. അതിശക്തവും രോമാഞ്ചകരവുമായ ഒരാവേശം എന്നെ ബാധിക്കും. മുന്നിലെ മുഖങ്ങളെത്തന്നെ മറന്നുപോകും. എന്നാൽ സിനിമയിൽ ഈ സംതൃപ്തി ഒരഭിനേതാവിനു ലഭിക്കില്ല. സൃഷ്ടിപരമായ അഭിനയത്തിനല്ല അവിടെ പ്രാധാന്യം. സിനിമാരംഗത്തു മുഴുകുകയാണെങ്കിലും നാടകം എന്റെ ആത്മാവിന്റെ ഭാഗമാണ്. അരങ്ങിലെ നിമിഷങ്ങൾ എന്റെ ജീവിതത്തിലെ സ്വർഗ്ഗീയ നിമിഷങ്ങളാണ്.'

ഒരു സ്കൂൾ അദ്ധ്യാപികയായ ശ്രീമതി സരസമ്മയാണ് അരവിന്ദാക്ഷ മേനോന്റെ സഹധർമ്മിണി. ഈ ദമ്പതികൾക്കു രണ്ട് ആൺമക്കളുണ്ട്.

—പവി





അരമന രഹസ്യം

രംഗമുണ്ട് ബ്രഹ്മഡോസർ ഒരു കാറിനെ
ഇടിച്ച് ചമ്മന്തിയാക്കുന്ന ഒരു രംഗമുണ്ട്
കാറിനുള്ളിലിരുന്ന വില്ലൻ ചതഞ്ഞു മരി
ക്കുന്നു. ഈ രംഗം തികഞ്ഞ ഒറിജിനാലി
റ്റിയോടും, ഭാവനയോടും കൂടി പകർത്തി
യിട്ടുണ്ട്. അതിന്റെ പേരിൽ പലരും
സംവിധായകനെ അഭിനന്ദിച്ചു. എന്നാൽ
ഈ ഒരു രംഗം സംവിധായകൻ കാണുന്നതു
തന്നെ 'റഷസ്' കണ്ടപ്പോഴാണ്. കാരണം
മേൽപ്പറഞ്ഞ രംഗമെടുത്തത് സംവിധായ
കനല്ല. സംവിധായകൻ അപ്പോൾ ആ
പ്രദേശത്തെങ്ങും ഇല്ലായിരുന്നു. മഞ്ഞിൽ
വിരിഞ്ഞ നടന്റെ പേരുള്ള പ്രസിദ്ധനായ
സ്റ്റണ്ട് മാസ്റ്റർ മാത്രമാണ് ആ രംഗം
സംവിധാനം ചെയ്തതും. വിദഗ്ദ്ധമായി
ക്യാമറയിൽ പകർത്താൻ സഹായിച്ചതും.
അപ്പോൾ സംവിധായകൻ മറ്റൊരിടത്ത്
ഈ ചിത്രത്തിനുവേണ്ടി തന്നെ ഒരു പാട്ട്
രംഗം ചിത്രീകരിക്കുകയായിരുന്നു. ഇതേ
ചിത്രത്തിൽ തന്നെ കാണികളുടെ അഭിന
ന്ദനം നേടിയ മറ്റൊരു രംഗവുമുണ്ട്.
കുറെ വള്ളങ്ങളിൽ നിന്നുകൊണ്ടുള്ള സ്റ്റണ്ട്
രംഗം. ഇതു ചിത്രീകരിച്ചതും സംവിധാ
യകനല്ല എന്നു കാണികളുണ്ടോ അറിയുന്നു.
ഇപ്പോൾ ഈ രംഗങ്ങൾ സംവിധായകൻ
ചിത്രീകരിക്കാഞ്ഞതു ഭാഗ്യമായി എന്നാണ്
പലരും കരുതുന്നത്. കാരണം ആ രംഗങ്ങ
ളെങ്കിലും നന്നായല്ലോ?

അജ്ഞാതനായി

'തടവറ'യിൽ കഴിഞ്ഞിരുന്ന യുവ
സംവിധായകന്റെ ചിത്രങ്ങൾ വാങ്ങാൻ
ഇപ്പോൾ ആരുമില്ല. ഈ സംവിധായ
കന്റെ പേരു കേട്ടാൽപ്പിന്നെ ഒററ വിത
രണക്കാരനും അടുത്തെങ്ങും വരില്ല. കുറ
ണം ഇദ്ദേഹം ഒന്നിനു പുറകേ ഒന്നായി പട
ച്ചുവിടുന്ന ചിത്രങ്ങളൊന്നും ഒരാഴ്ച തികച്ച്
തിയേറററുകളിൽ നിൽക്കുന്നില്ല. എങ്കിലും
'ദന്തഗോപുര'വാസിയാണെന്നാണ്
സംവിധായകന്റെ ഭാവം.

ഒരേ സമയം അഞ്ചോ ആറോ ചിത്രങ്ങ
ളുടെ സംവിധാനച്ചുമതല ഏറെറടുത്ത
ചരിത്രം ഈ സംവിധായകനു മാത്രം അവ
കാശപ്പെട്ടതാണ്. ഇതിൽ രണ്ടും മൂന്നും
ചിത്രങ്ങളുടെ ഷൂട്ടിംഗ് ഒരേ സമയം
നടക്കും. എങ്ങിനെയെന്നല്ലേ? ഒരു ചിത്ര
ത്തിന്റെ ലൊക്കേഷനിൽ മാത്രമേ സംവി
ധായകനുണ്ടാകൂ. മററു ചിത്രങ്ങൾ സംവി
ധാനം ചെയ്യാൻ ഇദ്ദേഹം തന്റെ അസി
സ്റ്റന്റുകളെ നിയോഗിക്കും. അങ്ങിനെ
മാറിയും തിരിഞ്ഞും മൂന്നുനാലു അസി
സ്റ്റന്റുകളും ഇദ്ദേഹവും കൂടി ചിത്രം
തീർക്കും.....അതു് തിയേറററുകളിലെത്തു
മ്പോഴാണ് നിർമ്മാതാവിന്റെ കീശ
കാലിയാകുന്നത്. ഒരു ചിത്രവും ഒരു
വാരത്തിൽ കൂടുതൽ ഓടുന്നില്ല. ഇങ്ങിനെ
തുടർച്ചയായി സംഭവിച്ചപ്പോൾ നിർമ്മാ
താക്കളുടെ തള്ള് കുറഞ്ഞു. സംവിധായ
കന് ഇപ്പോൾ ചിത്രങ്ങൾ കുറവ്. ഉള്ള
ചിത്രങ്ങൾ തന്നെ വിതരണത്തിനെടു
ക്കാൻ ആളെ കിട്ടാത്ത അവസ്ഥയാണ്.

കഴിഞ്ഞ ഓണക്കാലത്ത് ഒരു മഹാ
'സംഭവ'മായി പുറത്തിറങ്ങിയ ഈ
സംവിധായകന്റെ ഒരു ചിത്രം മാത്രമാണ്
കഷ്ടിച്ചു രക്ഷപ്പെട്ടത്. അതിലെ ഒന്നു രണ്ടു
രംഗങ്ങൾ ഏററവും മികച്ചതെന്നു പലരും
വാഴ്ത്തി. എന്നാൽ അതിന്റെ പിന്നി
ലൊരു കഥയുണ്ട്. ചിത്രത്തിൽ ഒരു സ്റ്റണ്ട്

മിഴിയോരം നനഞ്ഞൊഴുകും...

മഞ്ഞിൽ വിരിഞ്ഞ നായകൻ തല
സ്ഥാന നഗരിയിൽ ഒരു ഹോട്ടൽ മുറിയിൽ
കഴിയുന്നു. കരുതിക്കൂട്ടിയോ യാദൃശ്ചിക
മായിട്ടോ എന്നറിയില്ല, അതേ ഹോട്ടലിൽ
നീലത്താമര നടിയും താമസിക്കുന്നു.
അവർ വേറൊരു ചിത്രത്തിന്റെ ഷൂട്ടിം
ഗിൽ പങ്കെടുക്കാൻ വന്നതാണ്. നടി
അവിടെ വന്നതു മുതൽ നടൻ ഫോണിനു
പനിലാണ്. എപ്പോഴും ശബ്ദിക്കുന്ന
ഫോൺ. ഹോട്ടലിലെ ടെലിഫോൺ ഓപ്പ
റേററർക്ക് ഭാരിച്ച ജോലിയായി. നടി
യുടേയും, നടന്റേയും കുശലാന്വേഷണ
ങ്ങൾ, കിന്നാരങ്ങൾ, സ്വകാര്യം പറച്ചിലു
കൾ, പരിഭവങ്ങൾ, എന്തിനു നിലവിളി
വരെയും കേൾക്കേണ്ടി വന്നു ഓപ്പറേ
ററർക്ക്.

നടന്റെ ഫോൺ ബെൽ ശബ്ദിക്കുന്നു.
'ഹലോ ചേട്ടാ ഇതു ഞാനാണ്'
നീലത്താമര നടിയുടെ കിളിനാദം.
നടൻ കോരിത്തരിച്ചു
'ഹലോ മൈ സ്വീററ് ഹൗ ആർ യൂ'
'ഇന്നും രാവിലെ മുതൽ ചെറിയൊരു
വയററുവേദന ചേട്ടാ'
'വയററുവേദനയോ? നിനക്ക് വയററു
വേദന എങ്ങിനെ വന്നു?'

ആ ചോദ്യം നടൻ അല്പം സ്വരം മാററി
യാണ് ചോദിച്ചത്.

നടിക്കതു കേട്ടപ്പോൾ സങ്കടമുണ്ടായി.
അവർ കരഞ്ഞുകൊണ്ടു പറഞ്ഞു. 'ചേട്ടൻ
എന്തോ അർത്ഥം വച്ചല്ലേ അങ്ങിനെ
ചോദിച്ചത്?' എന്നിട്ട് കരച്ചിൽ തുടങ്ങി.

നടിയുടെ കരച്ചിൽ കേട്ടപ്പോൾ നടനു
ദുഃഖമായി. അതു താങ്ങാൻ അദ്ദേഹത്തിനു
കഴിഞ്ഞില്ല അദ്ദേഹവും വിങ്ങിപ്പൊട്ടാൻ
തുടങ്ങി. അതു കേട്ടപ്പോൾ നടിക്കു സങ്കടം.
അവർ അദ്ദേഹത്തെ സമാധാനിപ്പിച്ചു.
പിന്നെ നിമിഷങ്ങൾക്കകം രണ്ടുപേരും
സമാധാനിച്ചു.

'ഇന്നു ഷൂട്ടിംഗിനു പോകുന്നില്ലേ?'
നടന്റെ ചോദ്യം.

'ഇല്ല ചേട്ടാ സുഖമില്ലാത്തതിനാൽ
പോകുന്നില്ല'


'എന്നാൽ ഞാനും പോകുന്നില്ല'

'എനിക്കു ചേട്ടനെ കാണാതെ ഒരു
നിമിഷവും കഴിയാൻ വയ്യ'

'എനിക്കു നിന്നെ കാണാതെയും ഒരു
നിമിഷവും....

ഇങ്ങിനെ പോകുന്നു ടെലിഫോൺ
കിന്നാരങ്ങൾ....

ഏതു നടനു് തിരക്കു കൂടിയാലും അവ
രോടടുക്കണമെന്നു നീലത്താമരയ്ക്കു തോന്നാ
റുണ്ട്. എന്നാൽ ഇതു് അത്തരം അടുപ്പമല്ല.
ഒറിജിനാൽ പ്രേമം തന്നെ. മാത്രമോ
അടുത്തുതന്നെ രണ്ടുപേരുടേയും വിവാ
ഹവും നടക്കുമെന്നു കേൾക്കുന്നു.



ഒരു നടൻ അഭിനയിക്കുന്നു



നാടകരചയിതാവായ പിതാവിൻെറ പുത്രൻ. മലയാള ചലച്ചിത്ര രംഗത്തു് ഇപ്പോൾ തിരക്കുള്ള ഹാസ്യ നടൻ. ഇദ്ദേഹം സ്വന്തം ജീവിതവും ഒരു നാടകമാക്കി മാററിയ ആൾ തന്നെ. എപ്പോഴും ഭവ്യതയാണ് ഈ ഹാസ്യ നടൻെറ മുഖമുദ്ര. എല്ലാവരോടും സ്നേഹം. യാതൊരു കുഴപ്പവുമില്ല. പക്ഷേ പല വേലത്തരങ്ങളും ഈ നടൻെറ കയ്യിലുണ്ട്. ഈയിടെ നിത്യനായകൻെറ നാട്ടിൽ ഒരു ചിത്രത്തിൻെറ ഷൂട്ടിംഗ് നടന്നു.

ഈ ഹാസ്യനടനും, രാജാമണിയുമൊക്കെ അഭിനയിക്കുന്നുണ്ട്. ഒരു വൈകുരം ഹാസ്യനടൻേറയും രാജാമണിയുടേയും ഷൂട്ടിംഗ് അവസാനിച്ചു. അവർക്ക് തലസ്ഥാന നഗരിയിലേയ്ക്കു് പോകണം. ഹാസ്യനടൻ സ്വന്തം കാറിലാണെത്തിയതു്. അതു് അടുത്തൊരു വീട്ടിൽ കിടപ്പുണ്ട്. രാജാമണിയെ അയക്കാൻ പ്രൊഡ്യൂസർ കാർ വിടാനൊരുങ്ങിയപ്പോൾആ നടൻ വേണ്ടെന്നു പറഞ്ഞു. കാരണം ഹാസ്യനടൻെറ കാറിൽ. പോകാമല്ലോ ഹാസ്യനടനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിനും സന്തോഷം? പോകാം. കൂടെ രണ്ടു പത്രപ്രവത്തകരും ഒരു ഫോട്ടോ ഗ്രാഫറുമുണ്ട്.

എല്ലാവർക്കും കൂടി ഒത്തുപോകാം രാജാമണി പറഞ്ഞു. അങ്ങിനെ അഞ്ചാളും കൂടി ഒരു കാറിൽകയറി ഹാസ്യനടൻെറ കാർ കിടക്കുന്ന വീട്ടിലേയ്ക്കു പോയി. അവിടെ ചെന്നിറങ്ങി ഹാസ്യനടൻ ഷെഡ്ഡിൽ കിടക്കുന്ന സ്വന്തം കാറിൻെറ ഒരു ഭാഗത്തേയ്ക്കു് കുനിഞ്ഞുനോക്കി പെട്ടെന്നു് അയ്യോ എന്നൊരു പറച്ചിൽ.

എന്താണ്? രാജാമണിയുടെ ചോദ്യം

അയ്യോ. ചേട്ടാ എൻെറ കാറിൻെറ ടയർ കണ്ടില്ലേ? അല്പം തള്ളിയിരിക്കുന്നു. നമുക്കു പോകാൻ പററുമോ എന്നു് സംശയമാണ്

അവിടെ നിന്നു സ്വന്തം ഡ്രൈവറോടും ഹാസ്യനടൻ ചോദിച്ചു.

അഞ്ചുപേർ പോകാൻ പററില്ല അല്ലേ. ഡ്രൈവർ.

അതെ സാർ വിഷമമാ.

രാജാമണി കാറിൻെറ പിന്നിലെ ടയറിലേയ്ക്കു നോക്കിയിട്ടു പറഞ്ഞു. വിഷമമാണെങ്കിൽ വേണ്ട നമുക്ക് മറെറാരു വണ്ടി വരുത്തിപോകാം. രാജാമണി മറെറാരു കാർ വരാൻ ഒരാളെ പറഞ്ഞു വിട്ടു.

ശരി. ഞാൻ മുണ്ടൊന്നു മാററട്ടെ.

ഹാസ്യനടൻ അകത്തുകയറി മേക്കപ്പ് മാററി പാൻറും ഷർട്ടും ധരിച്ചു പുറത്തു വന്നു.

ഞാൻ ഈ വണ്ടിയിലങ്ങു പോകട്ടെ. ചേട്ടാ ഹാസ്യനടൻെറ ചോദ്യം.

അതിൻെറ ടയർ കേടെന്നല്ലേ പറഞ്ഞതു്.

ഹല്ല ഒരാൾക്കു പോകാം. സാരമില്ല. എന്നിട്ട് ഡ്രൈവറോടൊരു ചോദ്യം.

ഡ്രൈവർ ഒരാൾക്കു പൊയ്ക്കൂടെ?

പോകാം സാർ ഡ്രൈവർ സമ്മതിച്ചു.

അപ്പോൾ ഞാൻ വരട്ടെ. ഹാസ്യനടൻ കാറിൽകയറി സ്ഥലം വിട്ടു.

സ്വന്തം കാറിൽ നാലഞ്ചുപേരേ കയററുന്നതു് നടനു് സഹിക്കുന്ന കാര്യമായിരുന്നില്ല.


സ്വതേ മുൻകോപിയായ രാജാമണി ഒന്നുമുരിയാടാതെഇരുന്നു. അദ്ദേഹത്തിൻെറ മുഖം ചുവന്നു....

ശ്ശെടാ അവൻെറയൊരു പോക്കു കണ്ടില്ലേ? ങ്ഹാ എനിക്കും രണ്ടു ചെറിയ കാറുകളുണ്ട്. രാജാമണി പത്രസുഹൃത്തുക്കളോട് പറഞ്ഞു.

മറെറാന്നും ചെയ്യാനാകാതെ രാജാമണി തുടർന്നു.

വേറെ ആർക്കും കാറിനെപ്പററി ഒന്നുമറിഞ്ഞുകൂടെന്നായിരിക്കും ഇവൻെറ ധാരണ. ഇവൻ എന്നെ കാണാൻ ടാക്സിയിൽ വന്നിട്ടുള്ളപ്പോൾ അതിൻെറ ചാർജ്ജ് ഞാൻ കൊടുത്തിട്ടുള്ളവനാ. അഞ്ചുപേരു് കയറിയാ അയാടെ കാറിൻെറ ടയറു കീറും പോലും..... നമ്മളെ ഇവിടെ ഇരുത്തിയിട്ട് ഇവൻ ഒററയ്ക്കു കാറിൽ പോയതു് ആക്ഷേപിച്ചതിനു തുല്യമല്ലേ? ങ്ഹാ! കാലം മാറുമ്പോൾ ആളുകളും മാറും....

ഇങ്ങിനെയും ഒരു ബോധം





'**ആ**രോഹണാ'വരോഹണങ്ങൾ നടത്തിയ സംവിധായകൻ ഈയിടെ 'തംബുരു' മീട്ടാൻ തുടങ്ങിയ അവസരം. പലരും ഈ സംവിധായകൻെറ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. ലോറിയിൽ വന്നെത്തിയ പരുക്കൻ നടനുമുണ്ട് ഒരു വേഷം. നടൻ പരുക്കനാണെങ്കിലും അദ്ദേഹത്തിൻെറ ഹൃദയം ലോലമാണ്. അദ്ദേഹം പങ്കെടുക്കുന്ന ഒരു ബലാത്സംഗ രംഗം ഈ ഭാവനാസമ്പന്നനായ സംവിധായകൻ തികഞ്ഞ യാഥാത്ഥ്യബോധത്തോടെ പകത്തി എന്നാണ് കേൾക്കുന്നതു്. നടി പുതുമുഖമാണ് അതുകൊണ്ടു് എത്ര യാഥാത്ഥ്യബോധം ജനിപ്പിക്കാനും നിഷ്പ്രയാസം സാധിക്കും. വളരെ പച്ചയായി ആ രംഗം ചിത്രീകരിക്കാൻ സംവിധായകൻ പ്രേരിപ്പിച്ചപോലും. ഒരു നീലച്ചിത്രത്തിനുവേണ്ടിപ്പോലും ഇങ്ങിനെയാരും ചെയ്യില്ലെന്നു കണ്ടുനിന്നവക്കു തോന്നി. സംവിധായകനു് മററു പല ഉദ്ദേശങ്ങളും ഉണ്ടായിരുന്നു. കാരണം ചിത്രം കേരളത്തിനു വെളിയിൽ പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ വില്ക്കുന്നതിനു് ഇതൊക്കെയുണ്ടെങ്കിൽ മാക്കററു കൂടും എന്ന ധാരണ തന്നെ.

ബലാത്സംഗം അതിൻെറ ക്ലൈമാക്സിലെത്തിയപ്പോൾ നടിയുടെ ശരീരഭാഗങ്ങളിലെങ്ങും വസ്ത്രങ്ങളില്ലായിരുന്നു പോലും. നടൻെറ കാര്യവും ഭിന്നമല്ല. അദ്ദേഹവും ഏതാണ്ടൊക്കെ നഗ്നനായിരുന്നു.

ചിത്രീകരണം കഴിഞ്ഞപ്പോൾ നടൻ പറഞ്ഞു.


'എങ്കിലും ഇതൊരു കടന്ന കയ്യായിപ്പോയി. എൻെറ ഭാര്യയോടുപോലും ഇതുവരെ ഇതുപോലെ ഞാൻ കഴിഞ്ഞിട്ടില്ല.... ഇതുപോലെ ഞാനവളോട് കാണിച്ചിട്ടില്ല. കടുംകയ്യായിപ്പോയി....

അങ്ങാടി പാട്ട്...

എനിക്ക് അറിയാവുന്ന കാലത്ത് എന്റെ മൂന്ന് അമ്മാവന്മാർ ജീവിച്ചിരിപ്പുണ്ടായിരുന്നു. കൃഷ്ണപിള്ള, പരമേശ്വരൻ പിള്ള, രാമൻപിള്ള. വല്യമ്മാവനായ കൃഷ്ണപിള്ളയെ വാദ്ധ്യാരു കൃഷ്ണപിള്ള എന്നാണറിയപ്പെട്ടിരുന്നത്. വലിയ പണ്ഡിതനായിരുന്ന അദ്ദേഹം ഗവണ്മെന്റിൽ അദ്ധ്യാപകനായി ജോലി നോക്കിയിട്ടില്ല. പക്ഷെ എത്രയോ പേരെ എഴുത്തിനിരുത്തുകയും പുരാണ ഗ്രന്ഥങ്ങളും മതഗ്രന്ഥങ്ങളും വീട്ടിലിരുത്തി പഠിപ്പിക്കയും ചെയ്തിട്ടുണ്ട്. അതാണ് വാദ്ധ്യാരു കൃഷ്ണപിള്ള എന്ന പേരു വരുവാൻ കാരണം. വാദ്ധ്യാരു കൃഷ്ണപിള്ള എന്നു ആരും തന്നെ അങ്ങിനെ പച്ചയ്ക്ക് വിളിച്ചിരുന്നില്ല. വാദ്ധ്യാരദ്ദേഹം വാദ്ധ്യാരദ്ദേഹം വാദ്ധ്യാരു തമ്പുരാൻ എന്നു യഥാക്രമം അന്നത്തെ ഉച്ചനീചത്വവും, ജാതി പരിഗണനയുമനുസരിച്ച സംബോധന ചെയ്തിരുന്നു. തെക്കൻ തിരുവിതാംകൂറിൽ വിളവംകോട്, കല്കുളം, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ അമ്മാവനെ അറിയാത്തവരായിആരുമില്ല. എല്ലാപേരുടേയും ഒരു ഗുരു എന്ന നിലയിലാണ് സ്ഥാനം കല്പിച്ചിരുന്നത്. തിക്കുറിശ്ശിയിലും തൊട്ടടുത്ത നാട്ടുകളിലുമുണ്ടാകുന്ന വസ്തുതർക്കം, വേലികയ്യേറ്റം, കുടുംബവഴക്ക്, ആളോഹരിത്തർക്കം, അടിപിടി കലശൽ, പെണ്ണുവഴക്ക് മുതലായ എല്ലാ കാര്യങ്ങളും അമ്മാവന്റെ കോടതിയിൽ തന്നെ വിചാരണ നടത്തി നീതിന്യായപ്രകാരം വിധിയെഴുതപ്പെടും. ആ നാട്ടുകളിൽ നടക്കുന്ന ഏതു സംരംഭവും അമ്മാവനോട് ആദ്യം ആലോചിച്ചതിനുശേഷമേ രംഗത്തിറങ്ങുകയുള്ളൂ. ഏതിനും ഭാരവാഹികൾ.

ഒടുവിലത്തെ തീരുമാനം അമ്മാവന്റേതായിരിക്കും. പതിവായി പകൽ രണ്ടു മൂന്നു മണിയോളമാവും അമ്മാവൻ ഉച്ചഭക്ഷണം കഴിക്കാൻ അതുവരെ മുറ്റത്തു കൂടിനില്ക്കുന്ന പരാതിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യങ്ങളിൽ വ്യാപൃതനായിരിക്കും. ഇതു പതിവു പരിപാടിയായതുകൊണ്ടു ഞങ്ങൾക്കു അമ്മാവൻ നാലു മണിവരെ വെറും കാപ്പിയിൽ കഴിഞ്ഞാലും അത്ഭുതം തോന്നിയിരുന്നില്ല. അമ്മാവന്റെ അഭിപ്രായത്തിനെതിരായി ആ നാട്ടിലാരും തന്നെ പെരുമാറുവാൻ മുതിരുകയില്ല. അത്രയ്ക്ക് ബഹുമാനവും ഭക്തിയും അമ്മാവനോടുണ്ടായിരുന്നു. എന്റെ അമ്മ അമ്മാവന്റെ ഏഴാമത്തെ സഹോദരിയാണ്. അമ്മയെ എഴുത്തിനിരുത്തി പഠിപ്പിച്ചതും അമ്മാവനാണ്. അടുത്ത തലമുറയായ എന്നെയും എന്റെ അനുജത്തി ഓമനക്കുഞ്ഞമ്മയേയും ഹരീഃ ശ്രീ തുടങ്ങിച്ചതും വല്യമ്മാവൻ തന്നെയാണ്. അമ്മാവൻ വിദ്യാരംഭം നടത്തിയ ഒരുത്തരും പാഴായിപ്പോയിട്ടില്ലെന്നാണ് അറിവ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ജീവിതത്തിൽ മേന്മയും ഭാഗ്യവും നേടിയെടുക്കുവാൻ അനുഗ്രഹമുണ്ടായിട്ടുണ്ട്. കൈപ്പുണ്യമുള്ള കയ്യാണ് അമ്മാവന്റേത്.

അതുകൊണ്ട് എല്ലാ വർഷവും നവരാത്രി തുടങ്ങി വിജയദശമി ദിവസം അമ്മാവന്റെ ബംഗ്ലാവിന്റെ അകത്തും പുറത്തും അഞ്ചു വയസ്സായ കുട്ടികളുടെയും അവരുടെ രക്ഷാകർത്താ പ്രളയമായിരിക്കും. ഒരാഴ്ചയ്ക്കു മുമ്പേ തന്നെ അമ്മാവൻ പനയോലക്കീറ് നീളത്തിൽ മുറിച്ച് ഭംഗിയാക്കി ഹരീഃ ശ്രീ ഗണപതയെ നമഃ തുടങ്ങി ആ മുതൽ അം വരെ നല്ല വടിവൊത്ത അക്ഷരത്തിൽ നാരായം കൊണ്ടെഴുതി അതിൽ അക്ഷരങ്ങൾ തെളിയും വണ്ണം മഞ്ഞളപുരട്ടി ശേഖരിച്ചുവയ്ക്കും. ആ വിജയദശമിദിവസം കൊച്ചു കുട്ടികളായിരുന്ന ഞങ്ങൾക്കൊക്കെ ഒരു ഉത്സവമാണ്. സരസ്വതീപൂജ വെച്ച് വിജയദശമി ദിവസം പൂജ ഇളക്കുമ്പോൾ പൊരിയും കടലയുണ്ടയും പഴവും പായസവുമൊക്കെ നിവേദിക്കും. ആ നൈവേദ്യങ്ങളൊക്കെ കിട്ടുമെന്നുള്ള ഉത്സാഹമാണ് കൂടുതലും. ഏതാണ്ട് എൺപത്തിയേഴു വയസ്സുവരെ അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹം വലിയ കുടുംബസ്നേഹിയുമായിരുന്നു. മരുമക്കത്തായം നിലവിലിരുന്ന കാലത്ത് സഹോദരിമാരെയും അനന്തരവന്മാരെയും അദ്ദേഹം കാര്യമായി നോക്കിയിരുന്നു. കുടുംബസ്വത്തുക്കൾ കൈകാര്യം ചെയ്തിരുന്നതും വല്യമ്മാവനാണ്. അതാണ് നിയമം. ചില തലതെറിച്ച കാരണവന്മാർ കുടുംബസ്വത്തിന്റെ ആദായം മുഴുവനും ഒന്നിച്ചെടുത്ത് വിഴുങ്ങി തന്റെ ഭാര്യയ്ക്കും മക്കൾക്കും വേണ്ടതും വേണ്ടാത്തതും നേടിക്കൊടുക്കാറുള്ളതും സാധാരണമാണ്. പക്ഷെ എന്റെ വല്യമ്മാവനെപ്പറ്റി അങ്ങനെയൊരു കുറ്റാരോപണം ചെയ്യുവാൻ






ഒളിമങ്ങാത്ത ഓർമ്മകൾ

എന്റെ അമ്മാവന്റെ കഥകൾ

തിക്കുറിശ്ശി



എന്റെ കുടുംബത്തിലെ ആരും ഒരുമ്പെടുകയില്ലതന്നെ.

അദ്ദേഹത്തിന്റെ നേരേ ഇളയ അമ്മാവനാണ് പരമേശ്വരൻ പിള്ള. പരമഭക്തൻ. നാട്ടുകാര്യങ്ങളിലോ കുടുംബകാര്യങ്ങളിലോ തലയിടുകയില്ല. സദാസമയവും 'നമഃ ശിവായ' ജപിക്കും. ഒന്നുരണ്ടു മണിക്കൂർ കണ്ണുമടച്ച് നിശ്ചേഷ്ടനായിരുന്നു ജപിക്കും. ഭാര്യവീട്ടിൽ വേണ്ടുവോളം ഭൂസ്വത്തുണ്ടായിരുന്നു.

ഒരു മകനുള്ളത് കാശിനുകൊള്ളാതെ പോയി. ഭാഗംവെച്ച് കിട്ടിയ ഒട്ടനവധി സ്വത്തുക്കൾ, കേവലം ഉത്സവം കാണാനും സർക്കീട്ടടിക്കാനും വേണ്ടി ഒന്നിനു പാതി വിലയ്ക്ക് ആധാരമെഴുതി പത്തിലൊന്ന് രൊക്കം കയ്യിൽ വാങ്ങി. അങ്ങിനെ എല്ലാം താറുമാറാക്കി. അയാളുടെ വസ്തുക്കൾ വളരെ ചുളുവിൽ തട്ടിയെടുത്ത പല നാടാന്മാരും നായന്മാരും റബ്ബറു നട്ടുപിടിപ്പിച്ച് ഇന്നു വലിയ എസ്റ്റേറ്റുടമകളായി അന്തസ്സിൽ കഴിയുന്നു. ആ ഗതികേട് അധികം കാണുന്നതിനു മുമ്പേ ആ അമ്മാവനും എൺപത്തിയേഴാമത്തെ വയസ്സിൽ ചരമമടഞ്ഞു.

എന്റെ ഈ ലേഖനത്തിലെ കഥാനായകനാണ് കൊച്ചമ്മാവൻ. ഉഗ്രപ്രതാപിയായും, ധീരോദാത്തനും സുഗ്രീവാജ്ഞക്കാരനുമായ ഒരു അതികായൻ. ഒരു മനുഷ്യരേയും വകവെയ്ക്കാത്ത ഒരു പ്രത്യേക സ്വഭാവം അമ്മാവന് സ്വതസിദ്ധമായിത്തന്നെ ലഭിച്ചതാണ്. ഉരുണ്ടുവീർത്ത ശിരസ്സ്, ഉജ്ജ്വലങ്ങളായ നേത്രങ്ങൾ. വികസിച്ച മുഖം. സിംഹഗർജ്ജനം പോലുള്ള ശബ്ദം. ദാർഢ്യവും സൗഷ്ഠവവുമുള്ള ശരീരം.

അന്ന് തിക്കുറിശ്ശി എന്ന നാട്ടുമ്പുറത്തു നിന്നും മദിരാശിയിൽ ചെന്ന് ഇഞ്ചിനീയറിംഗ് പാസ്സായി വന്നവനാണ് ആ കൊച്ചമ്മാവൻ. പേച്ചിപ്പാറ അണ കെട്ടുന്ന സമയത്ത് അമ്മാവൻ അവിടത്തെ ജൂനിയർ ഇഞ്ചിനീയറന്മാരിൽ ഒരാളായിരുന്നു. ഉയർന്ന ഇഞ്ചിനീയറന്മാരെല്ലാം സായിപ്പന്മാരായിരുന്നു.

കഴിത്തുറപ്പാലം, ചെങ്ങന്നൂർ പാലം, കുറേ വർഷങ്ങൾക്കു മുമ്പ് ഇഞ്ചിനീയർ കാരേശം കെട്ടിയ മരപ്പാലത്തിനു മുമ്പുള്ള തോട്ടപ്പള്ളിപ്പാലം, കഴിത്തുറ ചപ്പാത്ത് ഇവയെല്ലാത്തിന്റേയും ഇഞ്ചിനീയറായിരുന്നു അമ്മാവൻ. തോട്ടപ്പള്ളിയിൽ കാരേശത്തിന്റെ മരപ്പാലം പൊളിഞ്ഞതിനു ശേഷമാണ് ഇന്നത്തെ സിമന്റ് പാലം പണിതിട്ടുള്ളത്.

ഇത്രയും എനിക്കോർമ്മയുള്ളവയാണ്. അല്ലാതെയും അമ്മാവൻ പല റോഡുകളും പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്. എത്രയോ വർഷങ്ങൾക്കു മുമ്പ് വെറും കുഗ്രാമമായ തിക്കുറിശ്ശിയിൽ, കഴിത്തുറയിൽ നിന്നു തുടങ്ങി തിക്കുറിശ്ശിയുടെ അങ്ങേയറ്റം വരെ നീണ്ടുകിടക്കുന്ന ഏറ്റമിറക്കമില്ലാതെ, സമനിരപ്പിൽ കിടക്കുന്ന റോഡ് അമ്മാവൻ കഴിത്തുറ പി. ഡബ്ല്യു. ഡി. യിൽ ജോലിയിലായിരിക്കുമ്പോൾ വെട്ടിയുണ്ടാക്കിച്ചതാണ്. അതുകൊണ്ട് സുഖമായും സുഗമമായും അന്നുമിന്നും കാറിലും കാളവണ്ടിയിലും കാൽനടയായും സഞ്ചരിക്കുവാനുള്ള സൗകര്യമുണ്ടായി.

അമ്മാവന്റെ ഏറ്റവും കൗതുകമുള്ള വാഹനം കുതിരയാണ്. കുതിരപ്പുറത്താണ് ജോലി നടക്കുന്ന സ്ഥലങ്ങളിലും ആഫീസിലും പോകുന്നത്. യൂറോപ്യൻ ഇഞ്ചിനീയറന്മാരുമായുള്ള സന്തത സാഹചര്യത്തിൽ ഏറ്റവും ഭംഗിയുള്ള ഇംഗ്ലീഷിലേ സദാ സമയവും സംസാരിക്കാറുള്ളു. വീട്ടുജോലിക്കാരോടും പാട്ടക്കാരോടും വരെ ഇംഗ്ലീഷ് തട്ടിവിടും. ഒരേ സമയത്ത് രണ്ടും മൂന്നും കുതിരകൾ വീട്ടിലുണ്ടായിരുന്നു. കുതിര സവാരി അമ്മാവന് വെറുമൊരു ലഘു ഭക്ഷണമാണ്. കുതിരയുടെ കുഞ്ചിരോമങ്ങൾ പിടിച്ച്, ജീനിയും കടിഞ്ഞാണുമൊന്നുമില്ലാതെ സവാരി നടത്തും. അങ്ങിനെയൊരു ദിവസം യാത്ര ചെയ്യുമ്പോൾ ഞങ്ങളുടെ തറവാട്ടു വീട്ടിൽ നിന്നും മൂന്നു ഫർലോംഗ് അകലെയുള്ള വള്ളിയാറ്റിന്റെ വരമ്പത്തുവെച്ച് കുതിരപ്പുറത്തു നിന്നു വീണ് മുൻവശത്തെ രണ്ടു പല്ല് നഷ്ടപ്പെട്ടു. അവധി ദിവസങ്ങളിൽ പാടങ്ങളിലും പുരയിടങ്ങളിലും പരിശോധനക്കിറങ്ങുമ്പോൾ ഒരു നീളംകൂടിയ വടിവാള് കയ്യിലുണ്ടായിരിക്കും. വല്യമ്മാവൻ പോലും വളരെ സൂക്ഷിച്ചേ കൊച്ചമ്മാവനോടു സംസാരിക്കു.

എല്ലാത്തിലുമുപരി എടുത്തു പറയേണ്ട ഒരു കാര്യമാണ് അമ്മാവന്റെ മീശ. ഇരു കാതുകളും കവിഞ്ഞു നീണ്ട് ഇടതൂർന്ന് നില്ക്കുന്ന കൊമ്പൻമീശ അമ്മാവന്റെ സ്വതവേ ഗൗരവമുള്ള മുഖത്തിന് കൂടുതൽ രൂക്ഷമാക്കിയിരുന്നു. ദിവസവും കാലത്ത് കുഞ്ഞുങ്ങളെ കുളിപ്പിച്ചൊരുക്കുന്നതുപോലെ മീശയിൽ എണ്ണയുമൊക്കെ തേച്ച് അങ്ങിനെ വിടർത്തിയൊതുക്കി രണ്ടു ചെറുനാരങ്ങ തുമ്പത്തു നിറുത്തിയാൽ താഴെ വീഴാത്ത വണ്ണം ചുരുട്ടിക്കൂർമ്മിപ്പിച്ചു വെടിപ്പാക്കി വെയ്ക്കും. ഏതാണ്ട് ഒരു മണിക്കൂറോളം ഈ മീശയ്ക്കു വേണ്ടി അമ്മാവൻ ചെലവിടുമായിരുന്നു.


ടി. കെ. രാമൻപിള്ള എന്ന് എഴുത്തുകുത്തു പേരുള്ള അമ്മാവന് രണ്ടു മൂന്ന് അപരനാമധേയങ്ങളുണ്ട്. കപ്പടാ രാമൻപിള്ള, മീശ രാമൻപിള്ള, കൊമ്പൻ രാമൻപിള്ള, കടുവാ രാമൻപിള്ള— ഐ. സി. രാമൻ പിള്ള എന്നിങ്ങനെ.

മധു

മലയാള ചലച്ചിത്ര രംഗത്ത് അദ്വിതീയ സ്ഥാനമുള്ള നടനാണ് മധു. സത്യനും, പ്രേംനസീറും ചലച്ചിത്ര രംഗത്ത് പ്രവേശിച്ച് അധികകാലമാകും മുമ്പ്തന്നെ മധുവും തന്റെ അരങ്ങേററം നടത്തിയിരുന്നു. എന്നാൽ സത്യന്റേയും പ്രേംനസീറിന്റേയും ഒപ്പം ആസ്വാദക ശ്രദ്ധയാകർഷിക്കാൻ ആദ്യകാലത്ത് മധുവിനു് കഴിഞ്ഞിരുന്നില്ല. പ്രതിഭാധനനായിരുന്ന രാമുകാര്യാട്ടിന്റെ ചെമ്മീൻ എന്ന ചിത്രമാണ് ആ സ്ഥിതിയ്ക്കൊരു മാററമുണ്ടാക്കിയത്.

ചെമ്മീൻ മധുവിനെ അഖിലേന്ത്യാ പ്രശസ്തനാക്കി. അന്തർദ്ദേശീയമായിപ്പോലും ചെമ്മീനിലെ നായകൻ എന്ന നിലയിൽ മധു ശ്രദ്ധിക്കപ്പെട്ടു. പിന്നീടങ്ങോട്ട് മധുവിനു് തുടരെ ചിത്രങ്ങൾ കിട്ടിയെങ്കിലും സവിശേഷ സ്വഭാവമുള്ള കഥാപാത്രങ്ങൾ വിരളമായിരുന്നു. എന്നാൽ പി. എൻ. മേനോന്റെ ഓളവും തീരവും പി. ഭാസ്കരന്റെ ഉമ്മാച്ചു എന്നീ ചിത്രങ്ങളിൽ മധു അവതരിപ്പിച്ച കഥാപാത്രങ്ങൾ പ്രേക്ഷക മനസ്സുകളെ കീഴടക്കി.

ഉമ്മാച്ചുവിലെ മായനെ അവതരിപ്പിക്കാൻ അവസരം കൈവന്നതോടെയാണ്, ശക്തരായ കഥാപാത്രങ്ങൾ മധുവിന്റെ കയ്യിൽ സുരക്ഷിതമാണെന്ന ബോധം ചലച്ചിത്ര വേദിയ്ക്കുണ്ടാകുന്നത്. സത്യനുശേഷം ശക്തനായ ഒരു നടൻ എന്നു മധുവിനെ ചൂണ്ടിക്കാട്ടാൻ ആരും മടിച്ചില്ല.



നിലനില്പുറപ്പിക്കാൻ നന്നേ പാടുപെട്ട നടനാണ് മധു. കലയോടുള്ള അഭിനയത്തോടുള്ള മമതകൊണ്ടുമാത്രം കോളേജ് ലക്ചറർ ജോലിയുപേക്ഷിച്ച് സിനിമാരംഗത്തെത്തിയ ഈ നടൻ ധിരവധി പ്രതിബന്ധങ്ങളെ അതിജീവിച്ചാണ് ഈ നിലയിലെത്തിയത്.

ഇന്ന് മലയാള ചലച്ചിത്രവേദിയുടെ അതിശക്തനായ പ്രതിനിധിയാണ് മധു. ഒരു നടൻ മാത്രമല്ല, സംവിധായകൻ, നിർമ്മാതാവ് സ്റ്റുഡിയോ ഉടമ എന്നീ നിലകളിലെല്ലാം അഭിനന്ദനീയമായ പല കാര്യങ്ങളും ചെയ്യുവാൻ മധുവിനു് കഴിഞ്ഞു.

ചെമ്മീനിനുശേഷം മധുവിനു് അവസരങ്ങൾ ധാരാളം കിട്ടിയിരുന്നെങ്കിലും നല്ല ഇമേജുണ്ടാക്കുന്ന വേഷങ്ങൾ കുറവായിരുന്നു.

തീക്കനൽ എന്ന ചിത്രത്തോടെയാണ് എല്ലാത്തരം ആരാധകരുടേയും ബഹുമാന്യനായ നടനായി മധു മാറിയത്. മധു സംവിധാനം ചെയ്ത് അഭിനയിച്ച ആ ചിത്രത്തോടെ മധു ശ്രീവിദ്യ ടീം പ്രേക്ഷകരുടെ ഇഷ്ടജോഡികളായിത്തീർന്നു. ആ നടൻ അഭിനയിക്കുന്ന ഏതു ചിത്രവും വമ്പിച്ചവിജയം കരസ്ഥമാക്കും എന്ന നില വന്നുചേർന്നു.

'പ്രിയ' എന്ന ചിത്രം പുറത്തുവന്നപ്പോൾ മധു ഒരു സംവിധായകൻ കൂടിയായി. അതിൽ നായകനായി അഭിനയിച്ചതും മധു തന്നെ. പ്രിയ സാർവ്വത്രികമായ അംഗീകാരം നേടിയെടുത്തു. സാമ്പത്തികമായി വൻവിജയം നേടി. പിന്നീട് മധുവിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ സിന്ദൂരച്ചെപ്പ്, സതി, കാമം ക്രോധം മോഹം അക്കൽദാമ, മാന്യശ്രീ വിശ്വാമിത്രൻ, തീക്കനൽ എന്നീ ചിത്രങ്ങളെല്ലാം നല്ലനിലവാരം പുലർത്തിയതിനോടൊപ്പം തന്നെ സാമ്പത്തിക വിജയങ്ങളുമായി.

ഇതിനിടെയാണ് ഒരു ഫിലിം സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ മധു ആരംഭിച്ചത്. ആദ്യകാലത്ത് അതൊരു തീക്കളിയാണെന്ന് മധുവിനെ പലരും ഉപദേശിച്ചെങ്കിലും അദ്ദേഹം തന്റെ തീരുമാനത്തിൽ ഉറച്ചുനില്ക്കുകയും സ്റ്റുഡിയോ സ്ഥാപിക്കുകയും ചെയ്തു. ഇന്ന് ധാരാളം ചിത്രങ്ങൾ ഉമാസ്റ്റുഡിയോയിൽനിന്നും പുറത്തിറങ്ങുന്നു.

ഒരു നടൻ ഒരു നല്ല സംവിധായകനാകുമ്പോൾ ആ പ്രതിഭയെ അംഗീകരിക്കുമെങ്കിലും അതൊരു വലിയകാര്യമായി പലർക്കും തോന്നുകയില്ല. എന്നാൽ ഒരു സ്റ്റുഡിയോ കെട്ടിപ്പടുക്കുക എന്നത് നിസ്സാരകാര്യമല്ല. സാമ്പത്തിക ഭദ്രത പ്രശ്നമല്ലെങ്കിൽപ്പോലും അചഞ്ചലമായ ആത്മവിശ്വാസവും ധൈര്യവും അക്കാര്യത്തിനുണ്ടായേ മതിയാവൂ. എത്ര പണമുണ്ടായാൽപ്പോലും ആരും പെട്ടെന്നൊരു സ്റ്റുഡിയോ ഉടമ ആകണമെന്നാഗ്രഹിക്കാത്തതിന്റെ കാരണവും ഇതുതന്നെ. ഇന്ന് മലയാള സിനിമാരംഗത്ത്, ഉമാസ്റ്റുഡിയോ അവഗണിക്കാനാവാത്ത ഒരു സ്ഥാപനമായി ഉയ



ന്നുകഴിഞ്ഞു.

ആദ്യ കാലത്തു തന്നെ ഉത്സാഹമുള്ള ചെറുപ്പക്കാരനായിരുന്നു മധു. ആ ഉത്സാഹമാണ് ആ നടന്റെ ഉയർച്ചയുടെ അടിസ്ഥാനം.

മധു ഈ രംഗത്തെത്തിയതു് ഇതിന്റെ നേട്ടങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയിട്ടല്ല. ഇന്നത്തെപ്പോലെ ആർക്കും നടനാകാനോ സംവിധായകനാകാനോ പറ്റുന്ന കാലമായിരുന്നില്ല അന്ന്. അഭിനയം കൊണ്ടു ലക്ഷക്കണക്കിനു സമ്പാദിക്കാം എന്ന മോഹവും അന്ന് ആരും വച്ചു പുലർത്തിയിരുന്നില്ല. സിനിമാരംഗത്തു് കടന്നു കൂടാനും, നിലനിൽപ്പുറപ്പിക്കുവാനും വളരെയധികം പ്രതിബന്ധങ്ങളെ തരണം ചെയ്യേണ്ട അവസ്ഥ നിലനിന്നിരുന്നപ്പോഴാണു മധു എല്ലാം ഇട്ടെറിഞ്ഞു് ഡൽഹി ഡ്രാമാ സ്കൂളിൽ ചേർന്നതെന്നോർക്കണം. അഭിനയം തൊഴിലാക്കുന്നവരുടെ ഭാവി അനിശ്ചിതത്വത്തിൽ തൂങ്ങിനിന്ന അവസരത്തിലാണ് മധു ചലച്ചിത്ര നടനായി അരങ്ങേറുന്നതു്.

എന്തായാലും വിചാരിച്ചതും, അതിനപ്പുറവും നേടിയെടുത്തു എന്നഭിമാനിക്കാൻ മധുവിനു വകയുണ്ട്.


മധു സംവിധായകനോ നിർമ്മാതാവോ സ്റ്റുഡിയോ ഉടമയോ ഒക്കെയാണെങ്കിലും നടനേക്കാൾ വലുതല്ല അതൊന്നും. മധുവിന്റെ വ്യക്തിത്വത്തിനു് തിളക്കം വർദ്ധിപ്പിക്കുന്നതു നടൻ എന്ന പദവി തന്നെ.

അസാധാരണ സ്വഭാവമുള്ള എത്രയോ കഥാപാത്രങ്ങളെ മധു അവിസ്മരണീയമാക്കിയിരിക്കുന്നു. ഉമ്മാച്ചുവിലെ മായനും, തീക്കനിയിലെ വിനോദും, ഇതാ ഇവിടെ വരെയിലെ പൈലിയും, ഹൃദയം ഒരു ക്ഷേത്രത്തിലെ ഡോക്ടറും ഒക്കെ മലയാളികളുടെ മനസ്സിൽനിന്നും ഒരിക്കലും മായ്ച്ചുകളയാനാകാത്ത വിധം വ്യക്തിത്വമാർജ്ജിച്ചിരിക്കുന്നു.

മധുവിനു് സമാനനായ ഒരു നടൻ ഇന്നു മലയാളത്തിലില്ല. അഖിലേന്ത്യാതലത്തിലായാലും സ്ഥിതി മറിച്ചല്ല. എന്നാൽ ഇന്നുവരെ ഒരു ദേശീയ അവാർഡോ, എന്തിനു് ഒരു സംസ്ഥാന അവാർഡുപോലുമോ മധുവിനു ലഭിച്ചിട്ടില്ല. ഒരളവിൽ അതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. ഇന്ത്യയിൽ ജന്മമെടുത്തിട്ടുള്ള ഏറ്റവും വലിയ നടന്മാരിലൊരാളായിരുന്ന സത്യനു് ദേശീയ അവാർഡ് ലഭിച്ചിരുന്നില്ലല്ലോ? ശിവാജിഗണേശന്റെ സ്ഥിതിയും മറിച്ചല്ല. ശിവാജിക്കു് ഇന്നുവരെ ഭരത് അവാർഡ് കിട്ടിയിട്ടില്ല.

അവാർഡ് ലഭിച്ചില്ലെന്നു കരുതി ഒരു നടന്റെ മഹത്വം ഒട്ടും കുറയുന്നില്ല. അതിനുദാഹരണങ്ങളാണല്ലോ മധുവും, ശിവാജിഗണേശനും മറ്റും.

എൺപത്തി ഒന്നിൽ മധു അഭിനയിച്ചു് പുറത്തു വന്ന ചിത്രങ്ങളുടെ എണ്ണം പതിനൊന്നാണു്. ഇതിൽ ഭൂരിഭാഗം ചിത്രങ്ങളിലും മധുവിനു് നല്ല കഥാപാത്രങ്ങളെ അവതരിപ്പിക്കാനുള്ള അവസരമുണ്ടായി.



ചോക്കൻ

താറാവിലെ ചേന്നനും, സംഭവത്തിലെ മത്തായിയും, അവിസ്മരണീയങ്ങളായ കഥാപാത്രങ്ങളാണ്, രക്തത്തിലെ വിശ്വവും, ആക്രമണത്തിലെ ലോറി ഡ്രൈവറും, അർച്ചന ടീച്ചറിലെ ഹെഡ്മാസ്റ്ററും, ഗൃഹലക്ഷ്മിയിലെ ഇരട്ട വേഷവും എല്ലാം എടുത്തു പറയേണ്ടവതന്നെ.

പ്രതികാര വാഞ്ഛയും, ഒപ്പം തെറ്റു ചെയ്യുന്നതിലുള്ള കുററബോധവും ഉള്ളിലൊതുക്കി ജീവിതത്തിൽ നിന്നും എപ്പോഴും ഒളിച്ചോടാൻ ശ്രമിച്ചുപോന്ന ചേന്നന്റെ വികാരം എത്ര ഫലവത്തായിട്ടാണ് മധു അവതരിപ്പിച്ചതു്.


താറാവിലെ ചേന്നൻ മധുവിന്റെ ഒരു പഴയ ചിത്രത്തിലെ കഥാപാത്രത്തെ ഓർമ്മപ്പെടുത്തുന്നു. രണ്ടും തമ്മിലുള്ള സാമ്യം കൊണ്ടല്ല അതു്. വർഷങ്ങൾക്കു മുമ്പ് പുറത്തിറങ്ങിയ നാടൻ പ്രേമം എന്ന ചിത്രത്തിൽ മധു അവതരിപ്പിച്ച കഥാപാത്രം ഇന്നും ആ ചിത്രം കണ്ടവർ മറന്നിരിക്കാനിടയില്ല. ആ കഥാപാത്രത്തിനു ഒരു പുതിയ മാനം നൽകാൻ അന്ന് മധുവിനു കഴിഞ്ഞു. അതുപോലെയാണ് ചേന്നന്റെ കാര്യവും. കഥാകൃത്തിന്റെ പാത്രസൃഷ്ടിയേയും കടത്തി വെട്ടുന്ന തരത്തിൽ ചേന്നനെ അനശ്വരനാക്കാൻ മധുവിന്റെ അസാധാരണമായ അഭിനയശേഷി സഹായിച്ചു.


നാല്പത്തിനാലു വർഷത്തെ മലയാള ചലച്ചിത്ര രംഗത്തിന്റെ ചരിത്രം മറക്കാൻ കഴിയാത്ത ചില വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കോശി, പരീക്കുട്ടി, കുഞ്ചാക്കോ, സുബ്രഹ്മണ്യം, രാമു കാര്യാട്ട്, സത്യൻ, പ്രേംനസീർ എന്നീ വ്യക്തികളുടെ പേരുകൾ സ്മരിക്കപ്പെടുമ്പോൾ മധുവിന്റെ നാമം അതിനു മുകളിലോ താഴെയോ അല്ല ആ നിരയിൽ തന്നെ കാണും. തീർച്ച.

—എസ്സാർ—









ക്യാമറയിലൂടെ

ഇടിയും മിന്നലും

സിനിമാ വേദിയിൽ നിലനിൽപ്പുറപ്പിക്കാനും, ഒരു സംവിധായകനെന്ന നിലയിൽ പേരെടുക്കാനും വളരെയേറെ പണിപ്പെട്ട സംവിധായകനാണ് പി. ജി. വിശ്വംഭരൻ. ഇന്നു വിശ്വംഭരന്റെ പല ചിത്രങ്ങളും ബോക്സോഫീസ് ഹിറ്റുകളാണ്. അതുകൊണ്ടു തന്നെ പല നിർമ്മാതാക്കളും ആ സംവിധായകനെ അന്വേഷിക്കുന്നു.

സിനിമയെ ഉന്നതമായ ഒരു കലയായി മാത്രം കണ്ട് പ്രത്യേക സ്വഭാവമുള്ള ചിത്രങ്ങൾ നിർമ്മിക്കാനൊന്നും പി. ജി. വിശ്വംരൻ മിനക്കെട്ടിട്ടില്ല. എന്നാൽപ്പോലും ആസ്വാദകരുടെ ഉള്ളിലിരുപ്പ് മനസ്സിലാക്കുകയും, അവരുടെ രുചിഭേദങ്ങൾക്കനുസരണമായി ചിത്രങ്ങൾ സംവിധാനം ചെയ്യുകയും ചെയ്യുന്ന ആളാണ് വിശ്വംഭരൻ.

എസ്സെൽപ്പുരത്തിന്റെ നാടകമായ 'കാലവർഷ'മാണ് ഇടിയും മിന്നലും എന്ന ചലച്ചിത്രമായി രൂപം കൊള്ളുന്നത്.

ആലുവായ്ക്കടുത്ത് ചൂണ്ടി എന്ന സ്ഥലത്തു വച്ചാണ് ഇതിന്റെ ഷൂട്ടിംഗ് നടന്നത്.

ഞങ്ങൾ ചെല്ലുമ്പോൾ ഒരു വീട്ടിൽ വച്ച് ചിത്രീകരണം നടക്കുകയാണ്. ക്യാമറാമാൻ ജയനൻ വിൻസന്റുമായി പി. ജി. വിശ്വംഭരൻ എന്തൊക്കെയോ സംസാരിക്കുന്നു.

അടുത്ത രംഗം എടുക്കുന്നതിനെപ്പററിയുള്ള ആലോചനയാണ്. ശ്രീവിദ്യയുണ്ട് മമ്മൂട്ടിയുണ്ട്, ശാന്തികൃഷ്ണനുണ്ട്.

ചിത്രത്തിലെ പ്രധാന കഥാപാത്രമാണ് സുലോചന. ആ വേഷത്തിൽ ശ്രീവിദ്യ അഭിനയിക്കുന്നു. സുലോചനയുടെ സഹോദരൻ പ്രഭാകരന്റെ വേഷമാണ് മമ്മൂട്ടിക്ക്. സുലോചനയുടെ അനുജത്തി അനുരാധയായി ശാന്തികൃഷ്ണൻ അഭിനയിക്കുന്നു.

സുലോചനയുടെ വീടാണ് രംഗം. സംവിധായകൻ ശ്രീവിദ്യയ്ക്കും മമ്മൂട്ടിക്കും എടുക്കാൻ പോകുന്ന രംഗത്തെപ്പററി വിവരിച്ചുകൊടുത്തു. ജയനൻ വിൻസെന്റ് തന്റെ ക്യാമറ റെഡിയാക്കി കാത്തിരുന്നു.

സ്റ്റാർട്ട്—ആക്ഷൻ.

പി. ജി. വിശ്വംഭരന്റെ ശബ്ദം.

സുലോചന ചിന്താമഗ്നയും വിവശയുമാണ്. അവർ പറഞ്ഞു.

'എന്റെ കാര്യത്തിൽ നിങ്ങളാരും ഇനി വിഷമിക്കണ്ട. സത്യം പറഞ്ഞാൽ ഈ ജീവിതം എനിക്കു മതിയായി. എങ്ങിനെയെങ്കിലും ഒന്നു മരിച്ചാൽ മതി. അതിന് ഈശ്വരൻ എനിക്കൊരു രോഗവും തന്നു.

പ്രഭാകരൻ: ചേച്ചി ഇങ്ങനെയൊന്നും പറയരുത്. വെല്ലൂരു പോയി ഓപ്പറേഷൻ



നടത്തിയാൽ എല്ലാം ഭേദമാകുമെന്നാണ് ഡോക്ടർ പറഞ്ഞത്. ചേച്ചിയും അതു കേട്ടതല്ലേ.

സുലോ: കേട്ടു കുഞ്ഞേ.... കേട്ടു. കുറഞ്ഞത് പത്തയ്യായിരം രൂപയെങ്കിലും കയ്യിൽ കരുതണം അതും ഡോക്ടർ പറഞ്ഞു.

പ്രഭാകരൻ: ചേച്ചീ നമുക്ക് ഈ വീടും പറമ്പും വിററാലെന്താ?

സുലോചന: എന്നെ ചികിത്സിക്കാനുള്ള രൂപയ്ക്കുവേണ്ടിയായിരിക്കും.

പ്രഭാകരൻ: ഞങ്ങൾക്കു വേണ്ടി മാത്രം ജീവിച്ച ചേച്ചിയെ രക്ഷിക്കാനുള്ള ചുമതല ഞങ്ങൾക്കില്ലേ ചേച്ചീ!....

ഇത്രയുമായപ്പോഴേയ്ക്കും സംവിധായകൻ "കട്ട്" പറഞ്ഞു.

പിന്നെ ക്യാമറ മറെറാരാംഗിളിൽ വച്ചു ചിത്രീകരിക്കാനുള്ള ശ്രമമായി....

ഇടയ്ക്കു ബ്രേക്ക് വന്നപ്പോൾ അവിടെയുണ്ടായിരുന്ന ഒരു സ്ത്രീയെക്കണ്ട് വിശ്വംഭരനോട് അന്വേഷിച്ചു.

'ഓ ഹാ അറിയില്ലേ അതാണ് ഞങ്ങളുടെ പുതിയ നായികയുടെ അമ്മ'

ശാന്തികൃഷ്ണന്റെ അമ്മ ശാരദയായിരുന്നു അത്.

മകൾക്ക് ധാരാളം ചിത്രങ്ങളുള്ളതിൽ അവർക്ക് സന്തോഷമുണ്ട്.

'ശാന്തിക്ക് ധാരാളം തമിഴ്, മലയാളം ചിത്രങ്ങളൊക്കെയുണ്ടെങ്കിലും നൃത്തത്തിനോടാണവൾക്ക് താല്പര്യം' ശാരദ പറഞ്ഞു.

'അതുകൊള്ളാം നടികൾ നർത്തകികൾ കൂടിയായിരിക്കുന്നത് നല്ലതല്ലേ'

സംസാരത്തിനിടയ്ക്ക് സെക്സും ചർച്ചാവിഷയമായി. സിനിമയിലെ സെക്സിനെക്കുറിച്ച് ശാന്തികൃഷ്ണൻ ഈയിടെ നല്കിയ അഭിമുഖ സംഭാഷണങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ ശാരദ പറഞ്ഞു.

'സെക്സിയായി എന്റെ മകൾ അഭിനയിക്കില്ല. അത് അവൾക്കും ഞങ്ങൾക്കും ഇഷ്ടമല്ല'

'നിങ്ങൾ എന്തിനാണ് കൂടെക്കൂടെ സെക്സിയായി അഭിനയിക്കില്ലെന്നു പറയുന്നത്. അഭിനയിക്കാതിരുന്നാൽ പ്പോരേ. വീണ്ടും വീണ്ടും പറയുമ്പോൾ എന്തോ പന്തികേടു തോന്നും'

'ശരിയാണത്'. ശാന്തികൃഷ്ണ സമ്മതിച്ചു. പലരും ചോദിക്കുമ്പോൾ ഉത്തരം പറഞ്ഞുപോവുകയാണ്. ഇനി ഞങ്ങൾ അതു ശ്രദ്ധിക്കാം. അല്ലെങ്കിൽത്തന്നെ ആരു് നിർബ്ബന്ധിച്ചാലും അത്തരം വേഷങ്ങൾ സ്വീകരിക്കില്ല'

അപ്പോഴേയ്ക്കും വിശ്വംഭരൻ അടുത്തുവന്നു.

എന്റെ ഏററവും നല്ല ചിത്രങ്ങളിലൊന്നായിരിക്കും കാലവർഷം. പ്രതീക്ഷയോടെ ആ സംവിധായകൻ പറഞ്ഞു.

'ചിത്രീകരണ വേളവിൽ എല്ലാ സംവിധായകരും പറയുന്നതാണിത്. അതിരിക്കട്ടെ നിങ്ങൾ ചില നടികളെ കോൺട്രാക്ട് ബേയ്സിൽ അഭിനയിക്കാൻ ക്ഷണിച്ചെന്നും മററും കേൾക്കുന്നല്ലോ?'

'അയ്യോ അതൊക്കെ എന്റെ ശത്രു പറഞ്ഞുണ്ടാക്കുന്നതാണ്. എന്നെ എങ്ങിനെയെങ്കിലും താഴ്ത്തിക്കെട്ടാനുള്ള ഒരു ശ്രമം പല ഭാഗങ്ങളിൽ നിന്നും നടക്കുന്നുണ്ട്. എനിക്കതറിയാം. അസൂയയാണ്, അസൂയ. അതിനു മരുന്നുണ്ടോ? ഞാനാക്കും ഒരു ശല്യത്തിനും പോകുന്നില്ല. പിന്നെ എന്റെ ചില ചിത്രങ്ങൾ വിജയിച്ചു പോകുന്നതു് ഒരു കുററമാണോ?'....

വിശ്വംഭരൻ വാചാലനാകാൻ തുടങ്ങി.

അപ്പോഴേയ്ക്കും പുറത്തു ബഹളം.


ജയാനന്ദൻ വിൻസൻറിനു ക്യാമറ വയ്ക്കാൻ കൂടി സ്ഥലമില്ലാത്ത രീതിയിൽ ആളുകൾ. ഷൂട്ടിംഗ് കാണാനെത്തിയ ജനങ്ങളാണ്.

ഇടിയും മിന്നലിനും തിരക്കഥയും സംഭാഷണവും തയ്യാറാക്കിയിരിക്കുന്നതും എസ്സെൽപ്പുരം തന്നെ. നസീറാണ് നായകൻ. ശ്രീധരൻ മാസ്റ്റർ എന്ന കഥാപാത്രത്തെയാണ് ആ നടൻ അവതരിപ്പിക്കുന്നത്. രതീഷ്, ടി. ജി. രവി, സണ്ണി, ജഗതിശ്രീകുമാർ, കുഞ്ചൻ, റാണിപത്മിനി രാജ്യലക്ഷ്മി, കെ. പി. എ. സി. ലളിത തുടങ്ങിയവരും അഭിനേതാക്കളായുണ്ട്.

സുലോചന എന്ന സ്ത്രീയുടെ ദുരന്ത കഥയാണ് ഇടിയും മിന്നലും. പ്രേക്ഷകരെ തൃപ്തിപ്പെടുത്താൻ പാകത്തിൽ പി. ജി. വിശ്വംഭരൻ അക്കഥ ചലച്ചിത്രരൂപത്തിലാക്കുന്നു.

വീണ്ടും രംഗം ചിത്രീകരണത്തിനൊരുങ്ങവേ ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

—എസ്സാർ—



എന്റെ ഇന്നലെകൾ

...കൂടെയുള്ളവർ എന്നും വെളിയിലിറങ്ങി ചുററി വരാറുണ്ട്. ഒരിക്കൽ പുറത്തു പോയിട്ടുവന്ന സുഹൃത്തുക്കൾ ചോദിച്ചു:

'താൻ പാർക്കിലെ പെണ്ണിനെ കണ്ടിട്ടുണ്ടോ? അളിയാ അവളെ ഒന്നു കാണേണ്ടതു തന്നെ.'

അതിനുശേഷം പലപ്പോഴും കൂട്ടുകാർ അവളെപ്പററി വർണ്ണിക്കുന്നതു കേട്ടിട്ടുണ്ട്. ഒരിക്കൽ ഞാൻ സെൻട്രൽ സ്റ്റേഷനിൽനിന്നും വണ്ടി കയറി പാർക്കു സ്റ്റേഷനിൽ ചെന്നിറങ്ങി. കൂട്ടുകാർ വർണ്ണിക്കാറുള്ള പെണ്ണിനെ ഒന്നു കാണുക എന്നതായിരുന്നു ലക്ഷ്യം. കണ്ണുകൾ ഉഴറി നടക്കവേ അതാ അവൾ–

കറുത്ത സുന്ദരി. സുഹൃത്തുക്കളിൽനിന്നും കേട്ടറിഞ്ഞതിനേക്കാൾ മനോഹരി, കൂടെ ഒരു കൊച്ചു പെൺകുട്ടിയുമുണ്ട്.

അവൾ എന്നെ ശ്രദ്ധിക്കുന്നു എന്നു മനസിലായപ്പോൾ മനസിലാകെയൊരു കുളിര്. ഈ കറുത്ത സുന്ദരിയാണ് പാർക്കിലെ പെണ്ണ്. ഇവൾ തന്നോട് എന്തെങ്കിലുമൊന്നു മിണ്ടിയിരുന്നെങ്കിൽ... എങ്ങിനെയെങ്കിലും ഇവളുമായൊന്നു പരിചയപ്പെടാൻ കഴിഞ്ഞിരുന്നെങ്കിൽ...മനസ് ആശിച്ചു.

അപ്പോഴുണ്ട് ആ കിളിനാദം

'ചേട്ടാ...'

എന്റെ ഇന്നലെകൾ

പ്രസിദ്ധ നടനായ സോമന്റെ പോയകാല ജീവിതത്തിൽ നിന്നടർത്തിയെടുത്ത അസുലഭമായ ചില മുഹൂർത്തങ്ങളെപ്പററി രസാവഹമായി വിവരിക്കുന്ന ലേഖന പരമ്പര

ഉടനെ നാനയിൽ ആരംഭിക്കുന്നു.

സിനി.. മിനി..

സുഹാസിനി ഇപ്പോൾ അഭിനയിക്കുന്ന അഴകിയ കണ്ണേ എന്ന ചിത്രത്തിൽ ചാരുഹാസൻ വില്ലനായി അഭിനയിക്കുന്നു.



കുടുംബം ഒരു കദംബം എന്ന ചിത്രത്തിൽ സുഹാസിനിയും സുമലതയും നായികമാരായി അഭിനയിച്ചു. അതിൽ സുഹാസിനിയുടെ പേരാണ് ടൈററിലിൽ ആദ്യം ചേർത്തത്. ഇക്കാര്യത്തിൽ സുമലതയുടെ അമ്മയ്ക്ക് വലിയ പരാതി ഉണ്ടായി. എന്റെ മകൾ ആണ് സുഹാസിനിയേക്കാൾ സീനിയർ നടി. സുഹാസിനിയുടെ മുഖം വലുതായി പോസ്റ്റർ പരസ്യത്തിൽ ഒക്കെ അവർ കൊടുക്കട്ടെ. പക്ഷെ, ടൈററിലിൽ എന്റെ മകളുടെ പേരല്ലേ ആദ്യം കൊടുക്കേണ്ടിയിരുന്നത്?



Published by R. Krishnaswamy at Quilon and printed at The Pioneer Press Private Ltd., Sivakasi.



ജലജ, നെടുമുടി വേണു,
വേണു നാഗവള്ളി,
ഗോപി, കെ. ജി ജോർജജ്
ഫോട്ടോ: മോഹൻ, കൊല്ലം

Regd. KL/QN/57
R: No. 22650/72 NANA FILM WEEKLY Price: Rs. 1-60

